2017 സെപ്തംബർ 1 മുതൽ 30 വരെ വില 10 രൂപ

# നക്ഷത്രരാജ്യം

**The National, State, District, Village star news Kerala & India**

**Cinema**
**Sports**
**Arts &**
**Literature**






യു.എ.ഖാദർ (ഓർമ്മ)
പി.ആർ. നാഥൻ (ലോകവിചാരം)
എം.എസ്.കുമാർ (കഥ)
സുകുമാർ കൂർക്കഞ്ചേരി (ലേഖനം)
പുനൂർ കെ.കരുണാകരൻ (ലേഖനം)
ഭാസി മലാപ്പറമ്പ് (സ്പോർട്സ്)
വിനോദ്കുമാർ ദാമോദർ (ലേഖനം)
രവീന്ദ്രൻ വൈദ്യർ കൊടാപ്പള്ളി (കവിത)
സി.കെ.രാഘവൻ (ഇംഗ്ലീഷ് സ്റ്റോറി)


**ഓണം ആശംസകൾ**



മുഖചിത്രം
ശാലിനി (ഫിലിംസ്റ്റാർ)
ഹൃദിക റോഷിത്

since : 2008
Nakshathra Rajyam
(Monthly Magazine)
2017 september 1
Reg. No. 2008/11/2718/D/
RNI EN No.40980 Dt :10-10-2007
issue 53 volume 6
Managing Editor, Publisher &
Owned by
NakshthrarajyamE.Radhakrishnan
Edoli House, Kommeri P.O
Kozhikode- 673007
Address
Managing Editior
NAKSHATHRA RAJYAM
P.B. No.1205
Mankavu P.O., Kozhikode - 7
Kerala, India
Mob: 98 47 64 95 67
97 44 23 39 97
email:nakshathrarajyam@gmail.com
WEB:
www.nakshathrarajyameradhakrishnan.in
LAYOUT
NAKSHATHRARAJYAM
Cover
Redefine Graphics
**Price 10.00**

## എഡിറ്റോറിയൽ



# "പുതിയപാലം"പാലംപണിയും റോഡ്പണിയും ത്വരിതവേഗതയിൽ പ്രാവർത്തികമാക്കുക

ഇഴഞ്ഞുനീങ്ങുന്ന "പുതിയപാലം" പാലംപണിയും റോഡ്പണിയും ത്വരിതവേഗതയിൽ "പുതിയതായ പാലം" പ്രാവർത്തികമാക്കി ഗോവിന്ദപുരം, കൊമ്മേരി, മൈലാമ്പാടി നിവാസികൾക്ക് ഗതാഗതകുരുക്കിൽ നിന്ന് ഒഴിവായും ചുറ്റി കറങ്ങി സഞ്ചരിക്കാതേയും കോഴിക്കോട് ടൗണിൽ എത്തേണ്ടതായ മാർഗ്ഗം തുറന്നിടണമെന്ന് നക്ഷത്രരാജ്യം മാസിക 2015 ജൂൺ 25 ന് പ്രസിദ്ധീകരിച്ച മാസിയിൽ എഡിറ്റോറിയൽ എഴുതിയിരുന്നതായി ബഹുമാനപ്പെട്ട അധികാരികളും പൊതുജനങ്ങളും ഓർക്കുമല്ലോ?

പാലം പാടേതാറുമാറായി സഞ്ചാരയോഗ്യമല്ലാതായതിനാൽ"മാസംഒന്നുരണ്ടായി" പാലം പൂർണ്ണമായും അടച്ചിട്ടിട്ട്. കാൽനട യാത്രക്കാർ ഞെങ്ങിഞെരുങ്ങി കഷ്ഠി നടന്നുപോകാൻ മാത്രമായി "പുതിയപാലം". എത്രകാലം യാത്രക്കാർ ദുരിതങ്ങൾ അനുഭവിക്കണം? ഇനിയും പരിഹാര മാർഗ്ഗം കണ്ടെത്താതെ പാലം പണിയും റോഡ് പണിയും തീർക്കാതെ പ്രദേശവാസികളെ വഞ്ചിക്കുന്നത് നീതിയല്ല എന്ന ബോധം ഭരണകർത്താക്കൾക്ക് ഉണ്ടാവേണ്ടിയിരിക്കുന്നു. ഇനിയുള്ള സംവത്സരങ്ങൾ ജനങ്ങളെ വഞ്ചിക്കുകയാണെന്ന അഭിപ്രായത്തിലല്ല-എന്നായാലും ആരുടെ ഭരണകാലത്തായാലും ഒരിക്കൽ പാലം പണിതുയർത്തും എന്ന് അറിയാഞ്ഞിട്ടുമല്ല. പക്ഷേ ജനപക്ഷത്തുനിൽക്കുന്ന സർക്കാറുകൾ പാലം പണി നാളെയാവട്ടെ പിന്നട് ആവട്ടെ അല്ലെങ്കിൽ സർക്കാറിനു ഫണ്ടു വരട്ടെ-(സർക്കാർ ഫണ്ടു വരട്ടെ) എന്നു തീരുമാനിച്ച് പാലംപണിയും റോഡ്പണിയും നീട്ടികൊണ്ടു പോവുന്നത് ശരിയാണോ?

ജനങ്ങളുടെ ചിരകാലാഭിലാഷമായ "പുതിയപാലം" പാലംപണിയും പുതിയപാലം റോഡ്പണിയും ജനപക്ഷത്ത് നിന്നുകൊണ്ട് എത്രയും പെട്ടെന്ന് തീർത്ത് ജനങ്ങളുടെ പ്രതീക്ഷകൾക്ക് അനുസരിച്ച് ഭരണകർത്താക്കളും ഭരണകൂടവും ഉണർന്നു പ്രവർത്തിക്കട്ടെ!

മാനേജിംഗ് എഡിറ്റർ




മുഖചിത്രം
ലക്ഷ്മിഗോപാലസ്വാമി
(ഫിലിംസ്റ്റാർ)

Since : 2008
Nakshathra Rajyam
(Monthly Magazine)
2015 June 25
Reg. No. 2008/11/2718/D/
RNI EN No. 40980 Dated: 10-10-2007





Inside Art:
GIREESH MOOZHIPADAM
Cover
Amina Creations, Palazhi, Clt.
Price 10.00

## എഡിറ്റോറിയൽ



## കോഴിക്കോട് – പുതിയപാലം
## പാലം നിർമ്മാണ പദ്ധതി ഇനിയെത്ര കാലം? കാത്തിരിക്കണം

1975-78 കളിൽ സ്കൂൾ വിദ്യാർത്ഥികളായിരുന്നവരുടേയും അന്ന് ജീവിച്ചിരുന്ന പൊതുജനങ്ങളുടേയും മനസ്സിലൊരു 'പുതിപാലം'ള്. മരംകൊാക്കിയ പാലം. 'പുതിയപാലം' എന്നാണ് പാലത്തിന് പേരെങ്കിലും 'പുതിയപാലം' ഏത് കാലത്ത് പുതിയതായി എന്നോ, പാലം പുതിയത് ഏതെങ്കിലും വർഷം പണിതതുകൊാണോ 'പുതിയപാലം' പ്രദേശത്തിന് 'പുതിയപാലം' എന്നു പേരു വീണത് എന്നോ അക്കാലങ്ങളിൽ ആരെങ്കിലും പറയാറുാ എന്നത് കേട്ടുകേൾവിയില്ല. ഏതായാലും വളയനാട്, പുതിയപാലം, മൈലാമ്പാടി, ഗോവിന്ദപുരം, മിംസ്, കൊമ്മേരി, മോഡൽ ഐ. ടി. ഐ. കുന്നിനെചുറ്റിയുള്ള പ്രദേശത്തുകാർ എന്നിവർക്ക് കോഴിക്കോട് പാളയവുമായി കുറഞ്ഞദൂരത്തിലും സമയലാഭത്തിലും എത്താനുള്ള മാർഗ്ഗത്തിനു വഴിമുടക്കി 'പുതിയപാലം' നിൽക്കാൻ തുടങ്ങിയിട്ട് കാലം ഏറെയായി. എത്രയും വേഗം പാലം പണിയാനുള്ള അധികൃതരുടെ ആത്മാർത്ഥതയെ കുറിച്ച് പ്രദേശത്തുകാരുടെ മനസ്സിൽ ആശങ്കയുാകാൻ കുറച്ചു കാലമായി തുടങ്ങിയിട്ട്. എപ്പോഴെങ്കിലും മാത്രം ജീവൻ വെക്കുന്ന പദ്ധതി. ഇപ്പോൾ മാസങ്ങളായി തികച്ചും നിർജ്ജീവം.

1975- 78 കാലമോ മറ്റോ മരപാലം സിമന്റ് പാലമായി കെട്ടിയുയർത്തുന്ന സമയത്ത്തന്നെ പാലം വീതി പോരെന്നും പറഞ്ഞ് പാലം നിർമ്മാണത്തിനെതിരെ കൊമ്മേരിയിലെ ചില കെ. എസ്. വൈ. എഫ്. പ്രവർത്തകർ പോക്കോലത്ത് രാമദാസിന്റെ നേതൃത്വത്തിൽ സമരത്തിറങ്ങാനുള്ള തീരുമാനം ഉറപ്പിച്ചു. സമരം നടത്തിയാലുാകുന്ന ഭവിഷ്യത്തുകകളേയും ഭീഷണികളേയും കുറിച്ച് കൊമ്മേരിയിലെ സി. പി. എം. പാർട്ടി പ്രാദേശിക നേതാവ് വി. എം. അപ്പുട്ടിയെപോലുള്ള മുതിർന്ന ആരാധ്യനായ പ്രാദേശിക നേതാവിന്റെ വിവരണവും ഉപദേശവും മാനിച്ചാണ് അന്ന് ഗതാഗതയോഗ്യമല്ലാത്ത പാലം നിർമ്മാണത്തിനെതിരെയുള്ള സമരം തുടങ്ങാതെ നിർത്തിവെച്ചത്. ഇങ്ങനെയൊരു പാലമാണ് കോഴിക്കോട്ട് 'പുതിയപാല' മായി നിൽക്കുന്നതെന്ന രഹസ്യം സംസ്ഥാനസർക്കാർ അധികൃതരും കോഴിക്കോട് കോർപ്പറേഷൻ അധികൃതരും മനസ്സിലാക്കണം. അതെല്ലാം വളരെ പഴകിപ്പോയ യാഥാർത്ഥ്യം. ഇക്കാലത്ത് അതുപോലുള്ള നിർമ്മാണ പ്രവർത്തകരായി പ്രവർത്തിക്കുന്ന രാഷ്ട്രീയ പ്രവർത്തകർക്ക് ഏതു നാട്ടിലും പ്രസക്തിയുാകാറില്ല എന്നതും വസ്തുതപരമായ യാഥാർത്ഥ്യം.

ദിനവും ആയിരകണക്കിന് ടൂ വീലറുകൾ സദാസമയവും രൂ ദിശകളിൽ നിന്നും വന്നു കൊിരിക്കുന്ന ഇടുങ്ങിയ 'പുതിയപാലം' എല്ലായ്പ്പോഴുംതന്നെ ഇരുചക്ര വാഹനമോടിക്കുന്നവർ തമ്മിലുള്ള പോർവിളികളും ചീത്തവിളികളും കൊ് മുഖരിതമാണ്. അതിനിടയിൽ പാലത്തിനു മുകളിൽ നടന്നുപോകുന്നവർ രൂ ദിശയിൽനിന്നും വരുന്ന ഇരുചക്ര വാഹനങ്ങളുടെ ഇടയിൻപ്പെട്ടുപോവാതിരിക്കാൻ തിരിഞ്ഞുനോക്കിയും മുന്നോട്ടുനോക്കിയും സ്വന്തം ജീവനും കൊ് ഓടുകയാണ്. ഇത്തരം സഹതാപകരമായ രംഗത്തിന് ഇക്കാലമത്രയും പാലംതന്നെ സാക്ഷി. പുതുക്കി പണിയൽ പദ്ധതി തയ്യാറാക്കിയ 'പുതിയപാലം' എത്രയും പെട്ടെന്ന് നിർമ്മാണം തുടങ്ങുകയും പൂർത്തികരിക്കുകയും ഉാകുമെന്ന പ്രതീക്ഷയിലാണ് വളയനാട്, പുതിയപാലം, മൈലാമ്പാടി, ഗോവിന്ദപുരം, മിംസ്, കൊമ്മേരി, മോഡൽ ഐ. ടി. ഐ. കുന്നിനെചുറ്റിയുള്ള പ്രദേശത്തുകാർ എന്ന് സംസ്ഥാന മന്ത്രിമാരെയും, എം എൽ. എ. മാരെയും, വകുപ്പു ഉദ്യോഗസ്ഥരേയും കോഴിക്കോട് കോർപ്പറേഷനേയും ഇപ്രകാരം അറിയിക്കട്ടെ.

മാനേജിംഗ് എഡിറ്റർ


PRINTERS' EMPORIUM
Mofussil Bus Stand Building, Room No. 11, 1st Floor
Mavoor Road, Calicut-4, Kerala.
Cell: 9447 229 615, Tel : 0495-2723590
E-mail:printersemporium@gmail.com
25 YEARS
INVITATION CARDS
A3 XPRESS
MUG & STONE
Printing
STAFF
CLEANER
1
ALESHIA
JARRO
Mug Printing
DTP
DESIGNING
Stone Printing
Glass Printing
for invitation cards exclusive
a/c showroom
SEAL, BADGE, STICKER, ID CARDS, BILL BOOKS, LAMINATION
VISITING CARD, MUG PRINTING, LETTER HEADS, SPIRAL BINDING
OFFSET PRINTING, T-SHIRT PRINTING, SCREEN PRINTING , GLASS PRINT
DUPLICATE KEY CUTTING, PHOTOSTAT BLACK & COLOUR

ഓർമ്മ

# കർമ്മകാണ്ഡത്തിലെ തിളക്കങ്ങൾ



യു. എ. ഖാദർ



യു.എ. ഖാദർ

ആകാശവാണി കോഴിക്കോട് നിലയം സ്ഥാപിതമായത് ഏത് വർഷമാണെന്നെനിക്ക് നിശ്ചയമില്ല. എന്നാൽ നിലയത്തിലെ പരിപാടികളിൽ പങ്കെടുക്കുവാനുള്ള ക്ഷണം 1955 മുതൽ എനിക്ക് ലഭിച്ചിട്ടുണ്ടെന്നാണോർമ്മ.ആകാശവാണി കോഴിക്കോട്ട് നിലയത്തിൽ ചെറുകഥ എഴുതി വായിക്കാനുള്ള ഭാഗ്യം, അമ്പത്തിയഞ്ചുകാലത്തെ ഒരു മാർച്ച് മാസമായിരുന്നു. രാത്രി 9.15 മുതൽ 9.30 വരെയുള്ള 15 മിനുട്ട് സമയം. "മുള്ളുവേലിയിലെ ഈറൻമുണ്ട്" എന്ന തലക്കെട്ടു ചാർത്തിയ ആ കഥ ഞാൻ തന്നെയാണ് വായിച്ചത്. അന്ന് ആ കഥ അനൗൺസ് ചെയ്തത് കെ.പി. ഉദയഭാനുവായിരുന്നു. ശ്രീമതി മായാ നാരായണനേയും അന്ന് രാത്രിയിൽ ഡ്യൂട്ടി റൂമിലെ ഓഫിസറുടെ തൊട്ടുമുന്നിലെ കസേലയിൽ ഇരുന്ന് വർത്തമാനംപറയുന്ന നേരത്ത് കണ്ടു. കഥാപാരായണത്തിന് ആദ്യമായി ഒപ്പിട്ടു വാങ്ങുന്ന ഇരുപത്തഞ്ചുറുപ്പികയുടെ സർക്കാർ മുദ്രിത ചെക്കിൽ അഭിമാനത്തോടെ നോക്കിയിരിക്കുന്ന എന്റെനേരെ അല്പം മന്ദഹാസമുതിർത്ത് തെളിഞ്ഞമധുര ശബ്ദത്തിൽ അവർ ചോദിച്ചു. "ആദ്യമായിട്ടുള്ള ബ്രോഡ്കാസ്റ്റിംഗ് അനുഭവമാണല്ലേ. നന്നായി പ്രസന്റ്ചെയ്തിട്ടുണ്ട്. ഒരിടത്തും പതറലോ ഇടർച്ചയോ ഇല്ലാതെ വായിച്ചല്ലോ. അസ്സലായി. കഥയും വായനയും. അതാ കുട്ടി സാഹിബ് വന്നല്ലോ–"

അവർ എഴുന്നേറ്റുനിന്നു. ഫുൾകൈയ്യുള്ള വെള്ള ഷർട്ടും പാന്റും ധരിച്ച് പതിഞ്ഞ ശബ്ദത്തിൽ വർത്തമാനം പറയുന്ന ജനാബ് കെ.എം.കെ. കുട്ടിസാഹിബിനെ ഇതിനുമുമ്പേ ഞാൻ പരിചയപ്പെട്ടതാണ്. അദ്ദേഹത്തെ നേരിട്ടുകാണുവാൻ ഒരുകുറി ഞാൻ ആകാശവാണി കോഴിക്കോട്ട് നിലയത്തിൽ വന്നിരുന്നു. അക്കാലത്തെ എന്റെ സുഹൃത്തായ കൃഷ്ണൻ നായർ പറഞ്ഞിട്ടാണ് ഞാനന്നവിടെ എത്തിയത്. ആനുകാലികങ്ങളിൽ കഥകൾ എഴുതാറുണ്ടായിരുന്നു. കൃഷ്ണൻ നായർ "കബീർദാസ് "എന്ന തൂലിക നാമത്തിൽ. തലശ്ശേരിക്കുള്ള തീവണ്ടി യാത്രയ്ക്കിടയിലാണ് കബീർദാസ് എന്ന കൃഷ്ണൻ നായരെ പരിചയപ്പെടുന്നത്. അദ്ദേഹം ആകാശവാണി നിലയത്തിൽ ഓഫിസിലെ ഒരു ജീവനക്കാരനാണ്. അദ്ദേഹത്തിന്റെ പ്രേരണമൂലമാണ് ആകാശവാണിയിലേക്ക് ഒരു കഥ ആദ്യമായി അയക്കുന്നത്. കഥ സ്വീകാര്യമാണെന്നറിയിക്കുന്ന ഒരു കത്തു വന്നു. കൂട്ടത്തിൽ ഒരു കോൺട്രാക്ട് ഫോറവും. കത്തും അനുബന്ധ കടലാസ്സുകളുമെല്ലാമായി ഞാൻ ആകാശവാണിയിലെത്തി. കൃഷ്ണൻ നായരെ അന്വേഷിച്ചു. വിസിറ്റേഴ്സ് റൂമിലെത്തിയ അദ്ദേഹം കോൺട്രാക്ട് ഫോറം വാങ്ങി. എന്നെ അതിഥിമുറിയിൽ ഇരുത്തി. "കുട്ടി സാഹിബിനെ പരിചയപ്പെടുത്ത്യാ"

അല്പ നിമിഷങ്ങൾക്കു ശേഷം കൃഷ്ണൻ നായർ വിസി

റ്റേഴ്സ് മുറിയിലിരിക്കുന്ന എന്റെയടുത്തെത്തി. ബഹുമാനത്തോടെ എഴുന്നേറ്റുനിന്ന ഞാൻ സാഹിബിനെ കണ്ടു തൊഴുതു. കൃഷ്ണൻ നായർ കുട്ടിസാഹിബിനോടു പറഞ്ഞു. "ഇതാണ് മിസ്റ്റർ ഖാദർ". പതിഞ്ഞ ശബ്ദത്തിൽ അദ്ദേഹം പറയുന്നു. "ഖാദറിന്റെ കഥകൾ ഞാൻ വായിക്കാറുണ്ട്. ഈ കഥയും നന്ന്. സമൂഹത്തിന്ന് നന്മയുടെ സന്ദേശം നൽകുന്ന കഥ. ഇടയ്ക്കിടെ ആകാശവാണിയുമായി ബന്ധപ്പെടണം. ഖാദറിന് പരിചയപ്പെടേണ്ടവർ ഇവിടെയുണ്ട് അവരെയൊക്കെ ഞാൻ പരിചയപ്പെടുത്തുന്നുണ്ട്."

ആകാശവാണി കോഴിക്കോട് നിലയത്തിലെ ചീഫ് പ്രോഗ്രാം എക്സിക്യൂട്ടീവ് കോഓഡിനേറ്റർ ആയി ജനാബ് കെ. എം.കെ. കുട്ടിസാഹിബ് ഉദ്യോഗത്തിലിരിയ്ക്കുന്ന അവസരത്തിലാണ് ആകാശവാണി നിലയത്തിലെ ഒരു ഉദ്യോഗസ്ഥനായി ചുമതലയേൽക്കാൻ ഞാനെത്തുന്നത്. താഴത്തെ നിലയിൽ ഓഫീസ് റൂമിലേക്ക് എന്നെ അയച്ചു: സുപരിചിതമായ ഇടത്തിലേക്ക് പാത എന്നപോലെ ഒട്ടും പരിഭ്രമം കൂടാതെയാണ് ഞാനാഫീസിൽ ചെന്നതും ഉദ്യോഗത്തിൽ ചേരുന്നതിനുള്ള കടലാസുകളിലും രജിസ്റ്ററുകളിലുമെല്ലാം ഒപ്പ് ചാർത്തിയതും ചുമതലയേറ്റതും. മലയാള കഥാസാഹിത്യത്തിലെ അടയാളസ്തംഭമായ ശ്രീ. പി.സി. കുട്ടികൃഷ്ണൻ (ഉറൂബ്) അവർകളെ നേരിട്ടുകാണുന്നത് അന്നാണ്. ജോയനിംഗ് റിപ്പോർട്ട് എഴുതികൊടുത്തു. എന്റെ തൊട്ടുപിറകിൽ നിൽക്കുന്നു അദ്ദേഹം. ആഫിസിൽ എന്തോ കാര്യത്തിന്ന് വന്നതാണ്. എന്റെ ഫയലുകൾ ശരിപ്പെടുത്തുന്ന ശ്രീ. മുരുകേശൻ എന്ന ഉദ്യോഗസ്ഥൻ എന്നെ പരിചയപ്പെടുത്തി. . "മിസ്റ്റർ ഖാദറിന്ന് അറിയാമല്ലോ.പീ.സി. ഞങ്ങൾക്കേവർക്കും പ്രിയങ്കരനായ പീ.സി.–"



ആകാശവാണിയിൽ യു.ഏ. ഖാദറും പത്മരാജനും ജോലിയിലിരിക്കെ ഒന്നിച്ചു കൂടിയെടുത്ത ഫോട്ടോ
ഫോട്ടോ പുനലൂർ രാജൻ

കണ്ണുകൾ നിറഞ്ഞു. എന്റെ മ്മേ– ഇദ്ദേഹമാണോ! അന്നാണ് നേരിട്ട് കാണുന്നത്. തൊട്ടറിയുന്നത്. അദ്ദേഹം എന്റെ ചുമലിൽ കൈവെച്ചു. "ഖാദർ ഇവിടെ വരുന്നുണ്ടെന്നു പ്രോഗ്രാം മീറ്റിംങ്ങിൽ തന്റെ നാട്ടുക്കാരൻ "തിക്കു" പറഞ്ഞു. കക്കാട്ട് തന്റെ ചരിത്രം വിസ്തരിച്ചു പറഞ്ഞു. കാണാം. ഈ ഔദ്യോഗിക ചിട്ടവട്ടങ്ങൾ കഴിയട്ടെ. നമുക്ക് കാണാമല്ലോ–"

എന്റെ കൗമാരം; ആ സർഗ്ഗാത്മക പൗരുഷം സമ്മാനിച്ച ഭാഷയിലെ അതുല്യ സൃഷ്ടികൾക്ക് കീഴ്പ്പെട്ടിരുന്നുവല്ലോ. ഈ പ്രതിഭാധനൻ വാഴുന്നിടത്തെ കാറ്റേറ്റാണല്ലോ ഇനിയുള്ള നാളുകൾ എന്ന ചിന്ത അഹന്ത എനിക്ക് വിസ്മയപൂർണ്ണമായ അനുഭൂതിയായി. ഉള്ളിൽ നാമ്പിട്ടു പൊടിയുന്ന കലാതൃഷ്ണയുടെ ഉന്മേഷങ്ങൾക്ക് എഴുത്തുകാരൻ എന്ന അഹം ബോധ്യങ്ങൾക്ക് ജീവവായുവേകുന്ന ഇടത്തിലാണല്ലോ ഞാൻ എത്തിപ്പെട്ടിരിക്കുന്നത്.

## 2

ആകാശവാണിയുടെ കോഴിക്കോട് നിലയത്തിലെ കുടുംബക്ഷേമ പ്രചാരണ വിഭാഗത്തിലെ ഒരു ഉദ്യോഗസ്ഥനായാണു ഞാൻ ചാർജ്ജെടുത്തത്. ഉദ്യോഗപ്പേര് ഫീൽഡ് റിപ്പോർട്ടർ. ആകാശവാണി ഫാമിലി പ്ലാനിംഗ് വെൽഫേർ യൂണിറ്റിലെ മറ്റുദ്യോഗസ്ഥന്മാർ സ്ക്രിപ്റ്റ് റൈറ്റർ വിനയൻ എന്ന സാഹിത്യകാരൻ. വി.എം.എൻ. പണിക്കർ എന്ന പേരിൽ നാവിക ജീവിതത്തെ പ്രതിപാദിക്കുന്ന ഒട്ടനവധി കഥകൾ മുമ്പേ എഴുതി പ്രസിദ്ധനായ വ്യക്തി. ഞാൻ ചാർജ്ജെടുക്കുന്നതിന് ഒരാഴ്ച മുമ്പുതന്നെ അദ്ദേഹം ചുമതല ഏറ്റെടുത്തിരുന്നു. എക്സ്റ്റൻഷൻ ഓഫിസറുടെ തസ്തിക ഒഴിഞ്ഞു കിടപ്പാണ്. ഒന്നു രണ്ടാഴ്ചക്ക് ശേഷം ഫീൽഡ് പബ്ലിസിറ്റി വിഭാഗത്തിൽ നിന്നും ഡപ്യൂട്ടേഷൻ വ്യവസ്ഥയിൽ ചാർജ്ജെടുക്കുമത്രെ. അതുവരേയും ചുമതല പ്രോഗ്രാം എക്സിക്യൂട്ടീവ് ആയ ഹെക്റ്റർരാജ് എന്ന ആൾക്കാണ്.

ഏണിപ്പടവുകൾ കയറി ഞാൻ മുകളിലേക്കു ചെന്നു. ഹെക്റ്റർരാജിനെ കാണണം. ഡ്യൂട്ടിരജിസ്ട്രറിൽ ഒപ്പിടണം. മാർഗ്ഗദർശിയായി എന്റെ നാട്ടുകാരനും എഴുത്തുകാരനുമായ വിനയൻ ഒപ്പം വന്നു. മുകൾ നിലയിൽ കടന്നുചെല്ലുന്ന ആദ്യത്തെ വിശാലമായ മുറിയിൽ ഇരിക്കുന്നവർ ആരൊക്കെ? വാതിൽ കടന്നയുടനെ കെ.വി.ആർ എന്ന് ചുരുക്കി വിളിക്കുന്ന ശ്രീ കെ.വി. രാമചന്ദ്രൻ. പ്രശസ്ത കവി വി. ഉണ്ണികൃഷ്ണൻ നായരുടെ മകൻ. വിനയൻ കെ.വി.ആറിനെ മാത്രമേ പരിചയപ്പെടുത്തിയുള്ളു. ബാക്കിയു

ള്ളവരെല്ലാം പല നിലയ്ക്കും ഞാനുമായി ബന്ധപ്പെടുന്നവരാണല്ലോ. തിക്കോടിയൻ, കെ.എ. കൊടുങ്ങല്ലൂർ, കക്കാട്, കരുമല ബാലകൃഷ്ണൻ, പാറുക്കുട്ടിയമ്മ. നാട്ടുകാരും പല നിലക്കും ബന്ധപ്പെടുന്നവരും. കൊടുങ്ങല്ലൂർ ആകാശവാണിയിൽ വരുന്നതിനു മുമ്പ് മദിരാശിയിലെ കേരള സമാജത്തിൽ ജോർജ്ജ്ടൗൺ ശാഖയിലും വെപ്പേരി ശാഖയിലും നിത്യ സന്ദർശകൻ. മുത്താൻപ്പേട്ട പള്ളിക്കു മുന്നിലെ താമസസ്ഥലത്ത് ഏകനായി വാഴുന്ന അന്നേ അടുത്തു പരിചയപ്പെട്ട ചങ്ങാതിയാണല്ലോ.

കക്കാടും കരുമല ബാലകൃഷ്ണനും ഒരേ നാട്ടുകാരായ പരിചിതർ. വിനയൻ പരിചയപ്പെടുത്തി തന്നത് ന്യൂസ് റൂമിലെ പ്രതാപചന്ദ്രനേയും ന്യൂസ് വായിക്കുന്ന രാമചന്ദ്രനേയുമാണ്. അടുത്ത മുറിയിൽ കസേലയിൽ ചാഞ്ഞിരുന്നു വർത്തമാനം പറയുന്ന പി.സി എന്നെ കണ്ടയുടനെ പറയുന്നു. "വരൂ വരൂ. തന്റെ തല്ക്കാലത്തെ ഇരിപ്പിടം ദാ അവിടെയാണ്. തനിക്കും വിനയനും തല്ക്കാലം കുറച്ചു ദിവസങ്ങൾ ഈ മുറിയിൽ കഴിയാം. ഇതാ അക്കിത്തം ഇരിക്കുന്ന സീറ്റിന്നപ്പുറത്ത് മഹൽ പരിപാടിക്കാരുടെ തൊട്ടപ്പുറത്തെ സീറ്റിൽ-"

അക്കിത്തം താഴത്തെ ഡബ്ബിംഗ് റൂമിൽ ടോക് സെക്ഷന്റെ ഏതോ പരിപാടി ഡബ്ബ് ചെയ്യുകയാണെന്നാണ് വിനയൻ പറഞ്ഞത്. ലക്ഷദ്വീപുകാരുടെ പ്രത്യേക പരിപാടിയാണ് "മഹൽ" ഭാഷയിൽ അവതരിപ്പിക്കുന്നത്. പരിപാടിയുടെ നടത്തിപ്പുകാരായ ദ്വീപുവാസികൾ ഇബ്രാഹിം മണിക്ഫാനെ പരിചയപ്പെട്ടു. മറ്റയാൾ താഴത്തെ ഡബ്ബിംഗ് റൂമിൽ തന്നെയാണുള്ളത്. ഹെക്റ്റർരാജിന്റെ തൊട്ടരികെ എനിക്കും വിനയനുമിരിക്കാനുള്ള കസേലകൾ കണ്ടു. ആകാശവാണിയിലെ ഒരു ഉദ്യോഗസ്ഥനായി അന്നവിടെ അങ്ങനെയിരുന്നപ്പോൾ വരും ദിനരാത്രങ്ങളിലെ എന്റെ ചുമതലകളെക്കുറിച്ചോ ഞാനിവിടം ചെയ്തു തീർക്കേണ്ട കർമ്മങ്ങളെക്കുറിച്ചോ ഏകദേശ ധാരണപോലും എനിയ്ക്കില്ലായിരുന്നു. പണ്ടേ പരിപാടികൾക്കായി ഞാൻ വന്നു കയറിയ സ്റ്റുഡിയോകൾ താഴത്തെ നിലയിലാണ്. അതിന്നകത്ത് തെളിയുന്ന ചുവന്ന ബൾബിന്റെ സൂചനകൾക്കനുസരണം, ചുവരിലെ ഘടികാരസൂചിക്കളുടെ മിടിപ്പുകൾക്കൊപ്പിച്ച് ഞാനെന്ന ഫീൽഡ് റിപ്പോർട്ടർ ചുമതലകളുടെ ചലനങ്ങൾ എമ്മട്ടിലൊക്കെ രൂപപ്പെടുത്തണം?



ആകാശവാണിയിലെ പഴയ സുഹൃദ്ബന്ധം
പുതുക്കുകയാണ് അക്കിത്തവും യു.ഏ.ഖാദറും

## 3

ഹെക്റ്റർരാജ് ഞങ്ങൾ ഇരുവരേയും തന്റെ മേശക്ക് മുന്നിലെ കസേലയിലിരിക്കാൻ ക്ഷണിച്ചു. തമിഴ് ചുവയുള്ള മലയാളത്തിൽ അദ്ദേഹം പറയുന്നു. "മിസ്റ്റർ ഖാദർ, മിസ്റ്റർ വിനയൻ എക്സ്റ്റൻഷൻ ആഫിസർ വന്നാലെ

യൂനിറ്റിന്റെ പ്രവർത്തനം എങ്ങിനെയെന്ന് തീരുമാനിക്കാൻ പറ്റൂ. ടുമോറോ ഓർ ഡേ ആഫ്റ്റർ ടുമോറോ നിങ്ങൾ രണ്ടാളും ട്രെയിനിംഗിനു പോകണം. ഫസ്റ്റ് യൂ റിപ്പോർട്ട് ദെൽഹി സ്റ്റേഷൻ. അവിടുന്ന് സിംലയിലേക്ക് പോകണം. സിംലയിലാണ് ട്രെയിനിംഗ് കണ്ടക്ട് ചെയ്യുന്നത്. സിംലയിൽ ടൂറിസ്റ്റ് സീസനാണ്. ദൽഹി ചുട്ടുപൊള്ളുമ്പോൾ അവിടെ നിൽക്കാൻ പറ്റില്ല. ഓഫീസ്സേഴ്സെല്ലാം സിംലക്ക് കുതിക്കും. സിംലയിലെ മഷ്ഹോബ്ര. ട്രെയിനിംഗ് മഷ്ഹോബ്ര ഗ്രാമ് സേവക് ട്രെയിനിംഗ് സെന്ററിൽ നല്ല കാലാവസ്ഥയിൽ ടെന്റി ഫൈവ് ഡെയിസ് -കുശാൽ. ആഫിസിലേക്ക് കടലാസയച്ചിട്ടുണ്ട്. ട്രെയിനിംഗിനുപോകാനുള്ള അഡ്വാൻസ് പേയും അഡ്വാൻസ് ടി.ഏ.യും അവിടുന്ന് വൗച്ചർ ഒപ്പിട്ടു വാങ്ങിക്കോളൂ. കോഴിക്കോട് മദിരാശി ഫസ്റ്റ് ക്ലാസ്സ് ട്രയിൻ ദെൻ മദിരാശി ടൂ ഡൽഹി കെ. കെ. എക്സ്പ്രസ്സ്, എ.സി. ഫസ്റ്റ് ക്ലാസ്സ് ഫ്രം കാർക്കെ ടൂ സിംലഹിൽ സ്റ്റഷൻ അതും ഫസ്റ്റ് ക്ലാസ്സിൽ. അഡ്വാൻസ് എത്രവേണംന്ന് ആഫീസിൽ പറഞ്ഞോളൂ. മിസ്റ്റർ മുരുകേഷൻ അഡ്വാൻസ് പേയ്മെന്റ് വൌച്ചേഴ്സ് ശരിയാക്കി വച്ചിട്ടുണ്ട്. ട്രെയിനിംഗ് ഓർഡറും ശരിപ്പെടുത്തി വച്ചിട്ടുണ്ട്-"


എനിക്കായിരന്നു ബദ്ധപ്പാടത്രയും. ആകാശവാണി കോഴിക്കോട് നിലയത്തിൽ ജോലിക്ക് ചേർന്ന ദിവസം തന്നെ കുടം

ബത്തെ കോഴിക്കോട്ട് കുടിവാഴിച്ചത് വെറുതെയായോയെന്നായി മനസ്സാകെ. ഏതാണ്ട് ഒരുമാസക്കാലം ഞാനങ്ങ് സിംലയിലും പെണ്ണും മക്കളും കൊഴിക്കോട്ടേ പുതിയ താമസസ്ഥലത്തും. അവൾ പറഞ്ഞു. "സാരമില്ല.ഒരുമാസല്ലേ ഞാനങ്ങു സഹിക്കാം. ഈ കാര്യം പറഞ്ഞ് വന്നേടത്തേക്ക് എന്റെ വീട്ടിലേക്ക് മക്കളേയും പിടിച്ചു തിരിച്ചുപൊയ്ക്കൂടാ. നിങ്ങളെ പുരയിലേക്കും പൊയ്ക്കൂടാ. ആളും മനുഷ്യനും പാർക്കുന്ന ഇടം തന്നെയാണല്ലോ ഇവിടേയും. ആളെപിടിച്ചു മുണുങ്ങുന്നവരൊന്നും അയൽപക്കക്കാരായിട്ടില്ല എന്നെനിക്ക് ഉറപ്പുണ്ട്–"

ആ ഉറപ്പിന്റെ ബലത്തിലാണ് ഏതാണ്ടൊരു മാസക്കാലം സിംലയിലെ മരംകോച്ചുന്ന തണുപ്പത്ത് കുടുംബ ക്ഷേമ പ്രചാരണ മന്ത്രങ്ങളുമായി എങ്ങിനെ ആളുകളെ സമീപിക്കണമെന്നും, അവർക്ക് ജിജ്ഞാസയും താല്പര്യവും ജനിപ്പിയ്ക്കുന്ന പരിപാടികൾ എപ്രകാരമൊക്കെ അവതരിപ്പിക്കണമെന്നുമുള്ള പ്രാഥമികമായ അറിവുകൾ ഞങ്ങൾക്ക് ലഭിച്ചത്.

ഞാനാണെങ്കിൽ മദിരാശിയ്ക്ക് വടക്കോട്ടുള്ള യാത്ര അത്വരേയും നടത്താത്ത കന്നിക്കാരനാണ്.

കോഴിക്കോട്ടുനിന്നു ഞാനും വിനയനും തിരുവനന്തപുരത്തുനിന്ന് ജി. വിവേകാനന്ദനും മടവൂർ ഭാസിയും രാജശേഖരൻ നായരും. മദിരാശിയിൽനിന്നും കെ.കെ. എക്സ്പ്രസ്സിൽ പുറപ്പെട്ട ഞങ്ങളിൽ ആർക്കും ഹിന്ദി ഭാഷ വശമായിരുന്നില്ല. വിവേകാനന്ദൻ കൂട്ടുള്ളതുകൊണ്ടുകാര്യങ്ങൾ വെടിപ്പായി യാത്ര സുഖകരമായ അനുഭവവുമായി. കാർക്ക എക്സ്പ്രസ്സിന്റെ ജനൽക്കൽ തെളിയുന്ന പർവ്വതനിരകളിലെ ഹിമകണങ്ങൾ മുഖത്തുനിന്നും തുടച്ചെടുക്കാതെ കാഴ്ചകൾ കണ്ട് മതിമറന്നിരുന്നവൻ കുടുംബജീവിതം എങ്ങിനെ രമ്യമാക്കാം എന്ന സാധനപാഠമുൾകൊള്ളാനാണല്ലോ മല കയറുന്ന്.



തിക്കോടിയൻ

## 4

ഇന്ത്യയിലെ എല്ലാ റേഡിയോനിലയങ്ങളിൽ നിന്നും അതാതിടത്തെ കുടുംബക്ഷേമ പ്രചാരണ യൂനിറ്റിലേക്ക് തെരഞ്ഞെടുക്കപ്പെട്ടവർ മുഴുക്കേയും സിംലയിലെ മഷോബ്രാ ഗ്രാം സേവക് ട്രെയിനിംഗ് സെന്ററിൽ എത്തിയിരുന്നു. അവരിൽ ഒന്നു രണ്ടു പേരുകൾ മാത്രമേ ഇന്ന് ഓർമ്മയിലുള്ളു. ദൽഹി നിലയത്തിൽ നിന്നും വന്ന ഇന്ദിര സക്സേന. ഹൈദ്രബാദ് യൂണിറ്റിലെ സ്ക്രിപ്റ്റ്റൈറ്റർ വിജയലക്ഷ്മി. ഒഡിയാ സ്റ്റേഷനിൽ നിന്നെത്തിയ എക്സ്റ്റൻഷ്യർ ഓഫീസർ നരസിംഹ് മഹോപത്ര്. ഒഡിയാ ഭാഷയിലെ മഹാകവിയാണ് നരസിംഹ് മഹോപത്ര് എന്ന് പരിചയപ്പെടുത്തുന്നതിനിടയിൽ മനസ്സിലായി. ഞാൻ വരുന്നത് കേരളത്തിലെ കോഴിക്കോട് ആകാശവാണിയിൽനിന്നാണെന്ന് പറഞ്ഞപ്പോൾ അയാൾക്ക് വിശ്വസിക്കാൻ ഇത്തിരി പ്രയാസം. അത്ഭുതത്തോടെ അവർ ചോദിക്കുന്നു; "മിസ്റ്റർ ഖാദർ ഫ്രം കേരള ഈസ് ഇറ്റ്–"

അതേയെന്ന് തറപ്പിച്ച് മറുപടി പറയാനുള്ള "ചങ്കുറപ്പ് "എനിക്ക് പണ്ടേയില്ലല്ലോ. ഞാൻ ആ ചോദ്യത്തിൽനിന്ന് വഴുതിമാറി. എന്റെ വട്ടമുഖവും ചപ്പിയ മൂക്കും മംഗോളിയൻ "ലുക്കും" കണ്ട് ഗോഹാട്ടി റേഡിയോ സ്റ്റേഷനിൽ നിന്നും ട്രെയിനിംഗിനെത്തിയ ഏതോ "താപ്പ്"യാണെന്ന് കരുതിയതിൽ കുറ്റം പറയാനാവില്ലല്ലോ. മുണ്ടുടുത്ത് വെളിയിൽ പ്രത്യക്ഷപ്പെടാറുള്ള ഞാൻ സിംലയിലെത്തിയത് ഫുൾ സൂട്ടിലാണല്ലോ. ഒറീസ്സയിൽ നിന്നെത്തിയ ഒഡിയാ മഹാകവി നരസിംഹമഹോപാത്ര്, കോഴിക്കോട്ട് ആകാശവാണിയെ പ്രതിനിധീകരിച്ച് എത്തിയ എന്നെ കെട്ടിപ്പിടിച്ച് അഭിനന്ദിക്കുകയുണ്ടായി. ദേശിയ നാടകമായി അവതരിപ്പിച്ച കെ.ടി. മുഹമ്മദിന്റെ പ്രശസ്ത നാടകം ഒഡിയാ ഭാഷയിൽ വിവർത്തനം ചെയ്ത് അവതരിപ്പിച്ചത് അദ്ദേഹമാണത്രേ. ആ നാടകത്തിന്റെ പെരുമ പറഞ്ഞിട്ടും പറഞ്ഞിട്ടും നരസിംഹ് മഹോപാത്രയ്ക്ക് മതിയായില്ലായെന്നുതോന്നുന്നു. ട്രെയിനിംഗ് കഴിഞ്ഞ് പരസ്പരം യാത്ര പറഞ്ഞ് കെട്ടിപ്പിടിക്കുമ്പോഴും ആ നാടകം ആദ്യം ആവിഷ്ക്കരിച്ച സ്റ്റേഷനിലെ"പുള്ളി"യെന്ന മതിപ്പും സ്നേഹവും മഹാകവി എന്റെ നേരെ ചൊരിഞ്ഞിരുന്നു–"ആപ് ലോഗ് ശ്രേഷ്ഠ് കലാകാർ. ബിഗ് ആർട്ടിസ്റ്റ് ലോഗോംകാ...."

ഒഡിയാ ചുവയുള്ള കഠിന ഹിന്ദിയിൽ അലങ്കാരപദങ്ങൾ നിരത്തിയെന്നെ സ്നേഹിക്കുന്നത് കണ്ടാവും വിനയൻ തമാശരൂപത്തിൽ പതുക്കെ പറയുന്നു "താൻ കെ.ടി. മുഹമ്മദാണെന്നാവും വിചാരിക്കുന്നത്– "ടാക്സി" എന്ന നാടക രചയിതാവ്–"

പലദേശ ഭാഷകളിൽനിന്നെത്തിയ "കലാകാർ". സമൂഹത്തിന്റെ മൂന്നാഴ്ചക്കാലം നീണ്ടു നിന്ന ട്രെയിനിംഗ് അവസാനിക്കുന്ന രാത്രി മഷോബ്രാ ഗ്രാമ് സേവക്ക് സെന്ററിന്റെ പുൽത്തകിടിയ്ക്ക് നടുവിൽ കൂട്ടിയിട്ട വിറകട്ടി കത്തിജ്വലിക്കുകയാണ്. അഗ്നിനാളങ്ങൾ ചിന്തുന്ന ചൂടേറ്റ്വാങ്ങി രാത്രിവെളുപ്പിക്കുന്ന വിവിധ

സ്റ്റേഷനുകളിൽ നിന്നെത്തിയവർ പാടുകയും ചുവടുകൾവെച്ച് നൃത്തം ചെയ്യുകയുമുണ്ടായി. തുറന്നു പറയുകയാണെങ്കിൽ ആ രാത്രിയുടെ തിളക്കമായി ശോഭിച്ച ഹൈദ്രബാദുകാരി വിജയലക്ഷ്മിയേയും, ദൽഹിയിൽ നിന്നെത്തിയ ഇന്ദിരാ സക്സേനയേയും മറക്കാനാകാത്ത വിധം മനസ്സിൽ പതിപ്പിച്ചത് അന്നാ രാത്രിയിൽ അവരുടെ ഇമ്പം കിനിയുന്ന പ്രകടനങ്ങൾ തന്നെയാണ്. മദിരാശിക്കാരൻ മഹാദേവൻ എന്ന് പേരായ എക്സ്റ്റൻഷ്യൻ ഓഫിസറും താൻ രചിച്ച കവിതകൾ സംഗീതാത്മകമായി ആലപിച്ച ബോറേയുമുണ്ട് അക്കൂട്ടത്തിൽ. അർത്ഥമറിഞ്ഞുകൂടായെങ്കിലും ഗസലിന്റെ മധുരികാകർഷകമായ ശൈലിയിലുള്ള ആലാപനം അവിസ്മരണീയമായിരുന്നു. ഗോഹാട്ടി സ്റ്റേഷനിൽനിന്നെത്തിയ ഗായക കവിയും ഓർമ്മയിൽ തെളിമയോടെയുണ്ട്. പെയ്തുതോർന്ന ഒരു കുളുർമഴയുടെ ഓർമ്മപോലെ സിംലയും, മാൽ സ്ട്രീറ്റും, മഷോബ്രായിലെ ഡാക്ക് ബംഗ്ലാവും, ബംഗ്ലാവിന്റെ വരാന്തയിലിരിക്കെ ആങ്ങുദൂരെയായി പകൽവെളിച്ചത്തിന്റെ സപ്തവർണ്ണങ്ങളിൽ തുളുമ്പുന്ന സറ്റ്ലജ്ജ് നദിയെ വെൺനുര ചാർത്തുകളാൽ മഴവിൽ പതപ്പിക്കുന്ന ഗുമ്മാ വെള്ളച്ചാട്ടവും. ട്രെയിനിംഗ് സെന്ററിന്റെ മുറ്റവരമ്പിലാകെ ഹിമഗിരിയിൽ നിന്നും ഊർന്നുവീശുന്ന കാറ്റേറ്റ് തലയാട്ടുന്ന പലവർണ്ണപ്പകിട്ടുകൾതൂവുന്ന ഡ്രിഞ്ചിയപ്പൂക്കൾ. മലയിറങ്ങുന്ന മീറ്റർഗേജിന്റെ മന്ദഗതിയിലും സിംലഹിൽ സ്റ്റേഷൻ മനസ്സിൽ മായാസ്വപ്നങ്ങൾ വിതറുകയായിരുന്നു.

## 5

ഈ മധുരാനുഭവവും മനസ്സിൽ താലോലിച്ചാണ് ട്രെയിനിംഗ് പൂർത്തിയാക്കി ഞങ്ങൾ ആകാശവാണിയുടെ കോഴിക്കോട് നിലയത്തിൽ തിരിച്ചെത്തിയത്. എക്സ്റ്റൻഷ്യർ ഓഫിസർ ശ്രീമാൻ സി.എസ്. പിള്ള ചാർജ്ജെടുത്തിരിക്കുന്നു. താഴത്തെപിൻഭാഗത്തെ ഒരു കെട്ടിടത്തിൽ യൂനിറ്റ് തുടങ്ങുന്നു. ആകാശവാണിയിലെ ടോക് സെക്ഷനിൽനിന്നും, ഡ്രാമാ സെക്ഷനിൽ നിന്നും മ്യൂസിക്ക് വിഭാഗത്തിൽ നിന്നും വനിത പരിപാടിയിൽനിന്നും കുടുംബക്ഷേമ പ്രചാരണ പരിപാടികൾ അവതരിപ്പിക്കാനുള്ള "ചങ്കു"കൾ ഞങ്ങൾക്ക് വീതിച്ചു കിട്ടുന്നു. വീതിച്ചുകിട്ടിയ സമയ പരിധിയിൽ ഒരുക്കുന്ന പരിപാടികൾ. അതാണ് കുടുംബക്ഷേമ വിഭാഗം തയ്യാറാക്കി ഒരുക്കേണ്ടത്. മൂന്നു വീതം മാസങ്ങൾക്കുള്ള ഷെഡ്യൂൾ മുൻകൂട്ടി തയ്യാറാക്കി അവതരിപ്പിക്കാനുള്ള ചുമതലയുടെ ഭാരക്കാരിൽ ഒരുവനായി ഞാനും.

ഉപദേശിക്കുവാനും നിർദ്ദേശങ്ങൾ തരുവാനും സഹപ്രവർത്തകന്മാർ. അക്കിത്തം അച്ചുതൻ നമ്പൂതിരി, പി.സി. കുട്ടികൃഷ്ണൻ, തിക്കോടിയൻ, കെ.ഏ. കൊടുങ്ങല്ലൂർ, കക്കാട്ട്, കരുമല ബാലകൃഷ്ണൻ, പാറുക്കുട്ടിയമ്മ. പരിപാടികൾ ശ്രവണഭംഗിയോടെ പൂർത്തികരിക്കാൻ കാപ്പിൽ വി. സുകുമാരൻ, വി. നാരായണൻ, ജയലക്ഷ്മി, രത്നാഭായി, രത്നമ്മ മാധവൻ, രാജം കെ. നായർ, അഹമ്മദ് കോയ, സിൽവിയ, രാമനുണ്ണി, പി.പി. രത്നമ്മ, മായാനാരായണൻ, കൗസല്യമധു ഓരോ ദിവസവും പരിപാടികൾക്കുള്ള ടേപ്പുകൾ "ക്യൂഷി" റ്റെഴുതി ലൈബ്രറിയിലെ രവീന്ദ്രനെ ഏല്പിക്കുമ്പോൾ സ്റ്റുഡിയോവിന്നകത്തും ഡബ്ബിങ്ങ് റൂമിലും സ്വകർമ്മം കാമധേനുവേപ്പോലെ പകർന്നു സജ്ജമാക്കിത്തന്നവർ. ആകാശവാണിയുടെനിയന്ത്രിത ശീതോഷ്ണവായു ശ്വസിച്ച് കഴിച്ചുക്കൂട്ടിയ ആയുസ്സിന്റെ ആഹ്ളാദപൂർണ്ണമായ ചങ്ങാത്ത സ്മരണകൾ. അതെ അതായിരുന്നു ഇവനെ ഇവിടം, ഈ നഗരം, വിട്ടു മറ്റെങ്ങും പോകാതെ നിലതിർത്തിയത്. ജീവിതത്തിലെ അഞ്ചു കൊല്ലം വലിയ കാലയളവാണ്. സ്നേഹബന്ധങ്ങളുടെ നീരുറവുകളും വളപ്പശീമയും ആകാവുന്ന ത്രയൂറ്റി എന്നെ ഇത്രടം എത്തിച്ചത് ആ ആത്മബന്ധം മനസ്സിപ്പോഴും മായാതെ സൂക്ഷിക്കുന്നതുകൊണ്ടാണ്. ആകാശവാണി വെറുമൊരു പ്രക്ഷേപണനിലയം മാത്രമല്ല എനിക്ക്..., ജീവിതപൂരണത്തിലെ മറ്റെന്തൊക്കെയോ മേഖലകളെ എന്നിലേക്ക് കൂട്ടിയടുപ്പിച്ചുതന്നഇടം . എന്ത് പേർചൊല്ലി വിശേഷിപ്പിക്കണം എന്നറിയാത്ത അരുമയായ ഒരു ഓർമ്മത്താവളം...

ഈ ഓർമ്മത്താവളത്തിൽ അങ്ങിനെ നില്ക്കുമ്പോൾ മനസ്സിൽ തെളിഞ്ഞുവരുന്നത് എന്തൊക്കെ ഓർമ്മകൾ. വിശേഷണങ്ങൾക്കപ്പുറം എന്ന് വിശേഷിക്കപ്പെടാവുന്ന എത്രയെത്ര വ്യക്തിവിലാസങ്ങൾ. ചരിതങ്ങൾ. കർമ്മകാണ്ഡത്തിലെ തിളക്കങ്ങൾ. ■



**അമൃത.കെ.കെ**

ആലപ്പുഴയിൽ വെച്ച് നടന്ന സൗത്ത് ഇന്ത്യ സബ്ജൂനിയർ പവർലിഫ്റ്റിംഗ് ചാമ്പ്യൻഷിപ്പിൽ കേരളത്തിന് വേണ്ടി ബ്രോൺസ് മെഡൽ നേടിയ കാലിക്കറ്റ് ബാർബെൽ ക്ലബ്ബിലെ അമൃത കെ.കെ.(ഗുരുവായൂരപ്പൻ കോളേജ് ഒന്നാം വർഷ ബി.ബി.എ. വിദ്യാർത്ഥിനി)


ലേഖനം



# ഓണം മലയാളത്തനിമയുടെ ദൃശ്യചാരുത

പൂനൂർ കെ. കരണാകരൻ





പതിഞ്ഞതാളത്തിൽ ചുവടുകൾ വെച്ച്, ഹൃദയ വികാരങ്ങളുടെ പൂവട്ടികളിൽ നിറയെ വർണ്ണശബളമായ സ്വപ്നങ്ങൾ നിറച്ച്, ഒരിയ്ക്കൽകൂടി ഓണം മലയാളിയെ തേടിയെത്തുന്നു. വാക്കുകൾ മാറ്റിപ്പറഞ്ഞാൽ സങ്കല്പങ്ങളിലെ തേൻമധുരമായി, കള്ളവും ചതിയുമില്ലാത്ത ഒരു സാമൂഹ്യ വ്യവസ്ഥിതിയുടെ പ്രതീകമായ മാവേലിത്തമ്പുരാൻ, തന്റെ കാലൻ കുടയും കുടവയറുമായി പ്രിയജനങ്ങളെ കാണാനുള്ള യാത്രയാരംഭിക്കുന്നു. ഇവിടെ ഒരു കാര്യം പ്രത്യേകം ചൂണ്ടിക്കാട്ടേണ്ടതുണ്ട്. ഈ കഥയും അതിന്റെ അനുബന്ധ ചടങ്ങുകളുംകുട്ടിക്കാലം മുതൽത്തന്നെ കേട്ടുവളരുന്നവരാണല്ലോ നമ്മൾ ഓരോരുത്തരും. പക്ഷേ നിർഭാഗ്യകരമെന്നു പറയുക ഓർമ്മകളിൽ ഇവയെ ഉറപ്പിച്ചു നിർത്തുവാൻ നമ്മുടെ കലാ-സാഹിത്യ രംഗങ്ങൾ അവലംബിച്ചുപോരുന്ന ആശാശ്യമല്ലാത്ത ചില രീതികൾ കേരളീയരെ മൊത്തം വേദനിപ്പിക്കുന്നവയാണ്. സർവ്വാദരണീയമായ ഒരാശയത്തെ പ്രയോഗവൽക്കരിച്ച ഐതിഹ്യങ്ങളിലെ ഈ തമ്പുരാനെ എത്ര വികൃതവും വിരൂപവുമായാണ് ഓരോ മനസ്സിലും, ഓരോ പത്രത്താളുകളിലും കോറിയിട്ടിരിക്കുന്നത്! ഇപ്പോഴും ബഹുവർണ്ണരേഖകളിലൂടെ അവതരിപ്പിച്ചുകൊണ്ടിരിക്കുന്നത്! മനുഷ്യനന്മയിലധിഷ്ഠിതമായ ഒരു സന്ദേശത്തെ നിസ്സാരവൽക്കരിയ്ക്കാനുള്ള മലയാളിയുടെ വികലമായ കാഴ്ചപ്പാടിന്റെ വിളംബരമാണ് മഹാബലിയുടേതായി പ്രചരിക്കപ്പെടുന്ന "കരിക്കേച്ചറുകൾ" അത്രയും. നന്മചെയ്യുന്നവനെ പുറംതിരിഞ്ഞു പുഛരിക്കുന്ന ഒരു സാഡിസ്റ്റ് മനസ്ഥിതി ചിലപ്പോഴെങ്കിലും നമ്മുടെ കലാഹൃദയങ്ങളിൽ, വിളക്കിനു താഴെ നിഴലെന്നപ്പോലെ പതുങ്ങി നില്ക്കുന്നു എന്നു ഈ ഉദാഹരണത്തെ ഉയർത്തിപ്പിടിച്ചു ആരെങ്കിലും നിരീക്ഷിച്ചാൽ അവരെ കുറ്റപ്പെടുത്തുവാൻ കഴിയില്ല.

തീർച്ചയായും ഓണം കേരളീയ മനസ്സിലെ ഗൃഹാതുരത തന്നെയാണ്. സംശയമില്ല. "കാണം വിറ്റും ഓണം ഉണ്ണണമെന്ന"മലയാളിയുടെ ഉൽകണ്ഠയെ പ്രതിഫലിപ്പിക്കുന്ന പഴഞ്ചൊല്ലിന്റെ പൊരുളും അതുതന്നെയാണല്ലോ. "ഓണത്തല്ല്", "ഓണക്കോടി", "ഓണപ്പുടവ", "ഓണംകേറാമൂല", തുടങ്ങി "ഉള്ളതുകൊണ്ടു ഓണം", "ഓണം പിറന്നാലും ഉണ്ണിപിറന്നാലും കോരനു കുമ്പിളിൽ കഞ്ഞി", "ഓണത്തിനിടയിൽ പുട്ടുകച്ചവടം"- ഇങ്ങിനെ എത്രയെത്ര ചിന്തബന്ധുരങ്ങളായ വാക്കുകളും വാക്യങ്ങളുമാണ് ഈ മഹോത്സവം മലയാളിയുടെ നാവിൽ ചേർത്തുവെച്ചിരിയ്ക്കുന്നത്. ആഘോഷങ്ങൾക്ക് പഞ്ഞമില്ലാത്ത നാട്ടിൽ ഇതിനൊപ്പം പെരുമയും പൊലിമയുമുള്ള മറ്റൊന്നിനെക്കുറിച്ചുചിന്തിക്കുവാൻപോലും മലനാട്ടിന്റെസംസ്ക്കാരം ഉൾക്കൊണ്ടവർക്കാർക്കും കഴിയില്ല. എന്തുകൊണ്ടാണ് ഇത്ര ആഴത്തിൽ ഓണം നമ്മുടെ മനസ്സിനെ സ്വാധീനിക്കുന്നത്? കൃത്യമായ ഒരുത്തരം കണ്ടെത്താൻ ചരിത്ര പണ്ഡിതൻമാർക്കും സാമൂഹ്യശാസ്ത്രജ്ഞമാർക്കും കഴിഞ്ഞിട്ടില്ല. ഒരു പക്ഷേ മാനുഷരെല്ലാവരുംഒന്നു പോലെയാകുമെന്നും, എന്നെങ്കിലുമൊരിക്കൽ ഭൂമിയിലെ ആ സ്വർഗ്ഗ രാജ്യത്തിൽ ജീവിയ്ക്കാൻ കഴിഞ്ഞേയ്ക്കാമെന്നുള്ള ഉപബോധമനസ്സിന്റെ ആഗ്രഹത്തിന്റെ പ്രേരണയും സ്വാധീനമാവാം.

പ്രശ്നങ്ങളും പ്രയാസങ്ങളും ആധുനികവൽക്കരണവും, തന്നിലേയ്ക്കോതുങ്ങുന്ന മനുഷ്യപ്രകൃതിയുമൊക്കെ ഓണത്തിന്റെ പെരുമയേയും പൊലിമയേയും ബാധിച്ചിട്ടുണ്ടു. അത് സ്വാഭാവികവുമാണ്. അരനൂറ്റാണ്ടു മുമ്പ് വരെ ഓണപൂക്കളങ്ങളും ഓണപ്പാട്ടുകളും ഓണക്കളികളുമൊക്കെ മലയാളി ഭവനങ്ങളുടെ ഐശ്വര്യമുദ്രകളായിരുന്നു. ഉച്ചത്തിൽ പൂവിളികൾ പാടി വയൽ വരമ്പിലൂടെയും വിശാലമായ പറമ്പിലൂടെയും ഉല്ലസിച്ചു നീങ്ങുന്ന കുട്ടികളുടെ കൂട്ടങ്ങൾ കണ്ണിനും മനസ്സിനും വിരുന്നൂട്ടുന്ന കൗതുക കാഴ്ചകളായിരുന്നു. കാലം മാറി. തുമ്പപ്പൂവ് എന്താണെന്നറിയാൻ ഇന്നു നമ്മുടെ കുട്ടികൾക്ക് ഏതെങ്കിലും




ഔഷധത്തോട്ടങ്ങളെ ആശ്രയിക്കുകയേ വഴിയുള്ളു. രാസവള പ്രയോഗം വീട്ടുമുറ്റങ്ങൾക്ക് ഹാനികരമാണെന്നു ഇതുവരെ തെളിഞ്ഞിട്ടില്ലാത്തതിനാൽ തമിൾ നാട്ടിൽ നിന്നെത്തുന്നവിവിധതരം പൂക്കൾ, പൂക്കളങ്ങളുടെ അലങ്കാര രൂപങ്ങളായി നമ്മുടെ അങ്കണങ്ങളിൽ ഓണത്തെവരവേൽക്കുന്നു. ഓണ ത്തിന്റെനാളും തിയ്യതിയുമൊക്കെയറിയാൻ പഞ്ചാംഗവും കലണ്ടറുമൊക്കെ പരതുന്നശീലവും ഈയിടെയായി മലയാളി മറന്നുപോയിരിക്കുന്നു. ഈ അസുലഭ സന്ദർഭത്തിൽ നിശ്ചയമായും വീട്ടിലെത്തിച്ചിരിയ്ക്കേണ്ട വീട്ടുപകരണങ്ങളുടെയും എലക്ട്രോണിക് ഉപകരണങ്ങളുടെയും വശ്യതയാർന്ന ചിത്രങ്ങളും വിശദീകരണങ്ങളുമായി വിപണിയുടെ പരസ്യകോലാഹലം അതിനുമുമ്പുതന്നെ മനസ്സിനെ ഇളക്കി മറയ്ക്കാൻ തുടങ്ങിയിരിയ്ക്കുമല്ലോ. ഒരു ഫോൺ കോൾ അകലെ, കിട്ടുന്ന സ്വാദിഷ്ടമായ വിഭവങ്ങളുടെ കൊതിയൂറുന്ന വിവരണങ്ങളോടൊപ്പം തിരുവോണത്തിന്റെ കൃത്യമായ തിയ്യതിയും സദ്യയുടെ നേരവും വരെ വിവണി നമ്മോടു പറഞ്ഞുതരുന്നു.ഓണത്തിന്റെഎല്ലാമൂല്ല്യങ്ങളുംകൗതുകങ്ങളും പ്രത്യേകതകളും സാധാരണക്കാരനിൽനിന്നു വിപണിയിലേക്ക് കൈമാറ്റം ചെയ്യപ്പെട്ടിട്ടുണ്ട് കാലമേറെയായില്ലാ ശമ്പളവും ബോണസും മറ്റു സൗജന്യങ്ങളും സൃഷ്ടിയ്ക്കുന്ന താല്ക്കാലിക പണപ്പെരുപ്പം അതിനെ മത്സരാധിഷ്ഠിതമാക്കുകയും ചെയ്യുന്നു.

ഇതൊക്കെയാണെങ്കിലും ഓണവും ഓണാഘോഷങ്ങളും പോലെ നമ്മുടെ മാനസികഭാവങ്ങളുടെയും ഹൃദയ നൈർമ്മല്യത്തിന്റെയും ചക്രവാളങ്ങളെ വികസ്വരമാക്കുന്ന മറ്റൊരു ഉത്സവവും വേറെയില്ല. എടുത്തുപറയേണ്ട മറ്റൊരു സംഭാവനകൂടി ഓണം സാംസ്കാരിക കേരളത്തിനു നൽകി വരുന്നുണ്ടു. നമ്മുടെ തനതു കലകളെ പ്രോത്സാഹിപ്പിക്കാനും സംരക്ഷിക്കാനുമുള്ള അരങ്ങൊതുങ്ങുന്നതിൽ വഹിയ്ക്കുന്ന വലിയപങ്കാണ് അത്. അന്യം നിന്നു പോവുമെന്ന് ഭയപ്പെട്ടിരുന്ന പുള്ളുവൻപ്പാട്ട്, നാടൻപ്പാട്ട്, തെയ്യംകളി, കോൽക്കളി, വില്ലടിച്ചാൻപ്പാട്ട്, ഇങ്ങനെ നമ്മുടേതു മാത്രമായ സവിശേഷ കലകൾ ഓണദിനങ്ങൾ പ്രസരിപ്പിയ്ക്കുന്ന ഊർജത്തിലൂടെ ഉണർവ് നേടുന്നു. വിവിധ സാങ്കേതിക വിദ്യകൾ അരങ്ങുവാഴുമ്പോഴും തിരുവാതിരക്കളിയും കുമ്മിയടിയുമൊക്കെ പണ്ടുകാലത്തെന്നപോലെ ഇന്നും സാധാരണക്കാരെനെ ത്രസിപ്പിയ്ക്കുന്നു. നമ്മുടെ യുവജനോത്സവ വേദികളിൽ തിളങ്ങാൻ അവസരമൊരുക്കുന്നതിൽ ഓണം ഉത്സവങ്ങൾക്കൊപ്പം അരങ്ങിലെത്തുന്ന അവയുടെ പുനർജ്ജനികാരണമാവുന്നു.മലാളത്തനിമയുടെ ദൃശ്യചാരുത പീലിവിടർത്തിയാടുന്ന അസുലഭ വേളയാണ് ഓണനാളുകൾ. ഇന്നും എന്നും അത് നമ്മെ വിസ്മയിപ്പിയ്ക്കുന്നു. ഓണം ദേശീയോത്സവമെന്ന ഉന്നതപദവിയിലേയ്ക്ക്അവരോധിക്കപ്പെട്ടതും അതുകൊണ്ടാണല്ലോ.

ജാതിയുടേയോ മതത്തിന്റേയോ വർഗ്ഗത്തിന്റെയോ ഭേദവിചാരങ്ങളില്ലാതെ ഒരേ ലക്ഷ്യത്തിലേയ്ക്ക് നയിക്കുവാനും കഥയിലെ മഹാരാജാവിന്റെ ഭരണനൈപുണ്യത്തിന്റെ ചെറിയപ്പതപ്പുകളെക്കുറിച്ചെങ്കിലും സ്വപ്നം കാണാനുംഓണംഎന്ന "മിത്തിനു" കഴിയുന്നു. ഒരിയ്ക്കലും സാക്ഷാത്കരിക്കപ്പെടാൻ കഴിയില്ലെന്ന ബോദ്ധ്യത്തിന്റെ അരികിലൂടെ സഞ്ചരിയ്ക്കുമ്പോഴും അത്തരത്തിലുള്ള ഒരു സാമൂഹ്യ വ്യവസ്ഥിതിയെ കുറിച്ചുള്ള പ്രതീക്ഷകൾക്ക് ചിറകുകൾ നൽകുവാനെങ്കിലും ഓരോ ഓണവും നമ്മുടെ മനസ്സിൽ ഇനിയും നന്മയയുടെ പൂക്കളങ്ങൾ തീർക്കട്ടെ ■



ഓണം കാലത്ത് ഗ്രാമങ്ങളിൽ
പരമ്പരാഗതകളികളിൽ
ഏർപ്പെട്ടിരിക്കുന്നവർ



## ലോകകപ്പ് ഫുട്ബോൾ ഓർമ്മകൾ:

ഭാസിമലാപ്പറമ്പ്

# ചിലിയുടെഭയങ്കരനുമായി ഒരു ഫോട്ടോ



ഐവാൻ സമോറാനായോടൊപ്പം ഭാസി മലാപ്പറമ്പ്

സൗത്ത് ആഫ്രിക്ക ആതിഥേയത്വം നൽകിയ 2010ലെ ലോകകപ്പ് ഫുട്ബോൾ ചാമ്പ്യൻഷിപ്പ് മത്സരങ്ങൾക്കിടയിലാണ് എനിയ്ക്ക് ചിലിയുടെ ഏറ്റവും മികച്ച മുൻ ഫുട്ബോൾ താരനിരയിലെ "പൊന്നിൻ കളിക്കാര" നായിരുന്ന ഐവാൻ സമോറാനോയെ കണ്ടുമുട്ടുവാനും പരിചയപ്പെട്ട് സംസാരിക്കുവാനും കൂടെ നിന്നുകൊണ്ട് ഒരു ഫോട്ടോ ക്യാമറയിലാക്കുവാനും അവസരം ലഭിച്ചത്. പെലെയ്ക്ക് ബ്രസീൽ നൽകുന്ന താരവിലയാണ് സമോറാനോയ്ക്ക് ചിലി നൽകുന്നത് എന്ന് അദ്ദേഹം പങ്കെടുത്ത ലോകകപ്പ് മത്സരം കാണുവാൻ അവസരം ലഭിച്ചപ്പോൾ, ഫ്രാൻസ് ആതിഥേയത്വം നൽകിയ 1998 ലെ ലോകകപ്പ് വേദികളിൽ വെച്ച്, ഞാൻ നേരിൽ കണ്ടു മനസ്സിലാക്കിയതാണ്.

"ഐവാൻ....ഐവാൻ ...." എന്ന് ഉച്ചത്തിൽ ആർത്തുവിളിച്ചുകൊണ്ട് സ്റ്റേഡിയം ഗ്യാലറിയിൽ നൃത്തമാടുന്ന ചിലി ആരാധകരുടെ ചിത്രങ്ങൾ എന്റെ ഹൃദയത്തിൽ എക്കാലത്തും നിലനിൽക്കുന്നുണ്ട്.

ബ്രസീലിൽനിന്നുള്ള ഒരു മീഡിയാ സുഹൃത്ത് 2010 ലോകകപ്പ് മത്സരം നടക്കുന്നതിന്നിടയിൽ ഫിഫയും "ഫ്രാൻസ് ഫുട്ബോൾ" മാഗസിൻ പ്രസിദ്ധീകരണ കമ്പനിയും ചേർന്ന്കൊണ്ട് സംഘടിപ്പിച്ച മുൻതാര ഫിഫ വേൾഡ് മീഡിയം സംയുക്ത സമ്മേളനത്തിൽവെച്ചാണ് ചിലിയുടെ മുൻകാല "സിംഹനായക്"ന്ന് എന്നെ പരിചയപ്പെടുത്തിയ ശേഷം ബ്രസീൽ സുഹൃത്ത് സമോറയേടു ചിരിച്ചുകൊണ്ട് തുടർന്നു പറഞ്ഞു:

"ഇന്ത്യയിൽനിന്നുള്ള മീഡിയാ സമോറയാണ്."

എനിയ്ക്ക് കൈതരുന്നതിന്നിടയിൽ സമോറ ചിരിച്ചുകൊണ്ടു പറഞ്ഞു:

" 'സമോറ'തന്നെ അല്ലേ?"

ഞാൻ ആത്മാർത്ഥമായി ചിരിച്ചുപോയി എന്ന പറയുന്നതാണ് ശരി. ഐവാൻ ലൂയിസ് സമോറാനോ എന്ന പേരിന്ന് ആരാധകർ കൂട്ടിച്ചേർത്ത സമോറ എന്നത്- ഒരു വിളിപ്പേര്. അർത്ഥം "ഭയങ്കരൻ" എന്ന്! കളിയുടെ ശൈലിക്കനുസൃതമായി ആരാധകർ നൽകിയ പേർ. അങ്ങിനെ ഐവാൻ ലൂയിസ് സമോറാനോ, ഐവാൻ ലൂയിസ് സമോറാനോ സമോറ ആയി വലുതാവുയായിരുന്നു!

ചിലി ലോക ഫുട്ബോളിന്ന് സംഭാവന ചെയ്ത ഏറ്റവും മികച്ച ഫോർവേഡ് താരമായി പ്രശസ്തി നേടിയ സമോറാനോയുടെ ഫുട്ബോൾ ജീവിതം ഇങ്ങിനെയാണ്.

ജനനം: ചിലിയുടെ സാന്റിയാഗോ നഗരത്തിൽ 1967 ജനവരി 18 ന്ന്.

ട്രാൻസാന്റിനോ ക്ലബ്ബിന്റെ പരിശീലന കേമ്പിൽ കൂടി രംഗത്തെത്തി. ട്രാൻസാന്റി

നോക്കു വേണ്ടി നാഷണൽ ലീഗിൽ മികച്ചപ്രകടനം നടത്തി. 1985 ൽ കോബ്രെസാൽ ക്ലബ്ബിലേക്കുമാറി 1988 വരെ കളി തുടർന്നു.

1988 ൽ യൂറോപ്യൻ രംഗത്തേയ്ക്ക് "കുടിയേറ്റം" നടത്തി. സ്വിറ്റ്സർലണ്ടിലെ എഫ്.സി. സെന്റ്ഗില്ലെൻ ക്ലബ്ബിലെത്തി. മൂന്നു സീസണുകളിൽ ജർസിയണിഞ്ഞു: 34 ഗോളുകൾ നെറ്റിലാക്കുകയും ചെയ്തു. അടുത്ത സീസണിൽ, യൂറോപ്പിലെ നാലാം വർഷം, പ്രശസ്തമായ സ്പാനീഷ് ലീഗിൽ "ലാ ലിഗ"യിൽ സെവിയ്യ ക്ലബ്ബിന്നു വേണ്ടി ബൂട്ടു കെട്ടി– 59 മത്സരങ്ങളിൽ കളിച്ചു, 21 തവണ നെറ്റ് ചലിപ്പിച്ചു!

അടുത്ത സീസണിൽ, യൂറോപ്പിലെ അഞ്ചാം സീസണിൽ, സ്പെയിനിൽ തന്നെ ലോകത്തിലെ ഏറ്റവും പ്രശസ്ത ക്ലബ്ബുകളിലൊന്നായ "റയൽ മാഡ്രീഡ്" ക്ലബ്ബിലേക്ക് പ്രവേശനം ലഭിച്ചു. കോൺട്രാക്റ്റ് തുക അമ്പത് ലക്ഷം ഡോളർ!

നാലു സീസണുകളിൽ, 1992–96 വർഷങ്ങളിൽ, പ്രശസ്ത കോച്ച് ജോർജ്ജ് വൾഡാനോയുടെ കീഴിൽ കളിച്ചു– നേട്ടങ്ങൾ ഒരു സ്പാനീഷ് ലീഗ് (ലാ ലിഗ) ചാമ്പ്യൻഷിപ്പ്, 1995ലെ സ്പാനീഷ് സൂപ്പർ കപ്പ്; സ്ക്കോർ ചെയ്തത് 27 ഗോളുകൾ,ബാർസിലോണക്കെതിരെ ഒരു ഹാറ്റ്ട്രിക്ക്; സീസണിലെ ടോപ്സ്ക്കോറർക്കുള്ള പിച്ചിച്ചി ട്രോഫി!

സ്പാനീഷ് ന്യൂസ് ഏജൻസിയായ ഇ.എഫ്.ഇ. നൽകുന്ന ഏറ്റവും മികച്ച ഫട്ബോളർക്കുള്ള ഇ.എഫ്. ഇ. ട്രോഫിക്ക് മൂന്നു വർഷങ്ങളിൽ അവകാശിയായി!

173 കളികളിൽ 101 ഗോൾ നെറ്റിലാക്കുകയും ചെയ്തു. സ്പെയിനിലെ അഞ്ചു സീസണുകൾക്കു ശേഷം 1996–2000 സീസണുകളിൽ, നാലു വർഷം ഇറ്റലിയിലായിരുന്നു സമോറ! ഇറ്റലിയിലെ സീരി എ – ഒന്നാം ഡിവിഷൻ– ക്ലബ്ബായ ഇന്റർമിലാൻ ക്ലബ്ബിന്റെ ജർസിയിൽ!

2001 ൽ മെക്സിക്കോയിലെത്തി, "അമേരിക്ക" ക്ലബ്ബിന്റെ ജർസി അണിഞ്ഞു ; രണ്ടു വർഷങ്ങൾ കഴിഞ്ഞ് അവസാന സീസണിൽ, 2003 ൽ"കൊളോ കൊളോ" ക്ലബ്ബിന്റെ കളിക്കാരനായി ജർസി അഴിക്കുകയായിരുന്നു.

അങ്ങിനെ അഞ്ചു രാഷ്ട്രങ്ങളിൽ ക്ലബ്ബു ഫുട്ബോളിൽ 612 മത്സരങ്ങളിൽ സമോറ ബൂട്ടുകെട്ടി – 348 ഗോൾ എന്നതാണ് സമോറയുടെ റിക്കോർഡ്.

1987 – 2001 കാലത്ത് 69 കളികളിൽ 34 ഗോളുകളാണ് ചിലിക്കു വേണ്ടി സമോറയുടെ നേട്ടം."ഫ്രാൻസ് ലോകകപ്പ് 1948" ൽ ചിലിയുടെ നാലു മത്സരങ്ങളിലും സമോറ ബൂട്ടണിയുകയുണ്ടായി. 2000 ലെ ഒളിംപിക്ക് ഫുട്ബോളിൽ ചിലിയുടെ വെങ്കല മെഡൽ നേട്ടത്തിലെ മിന്നുംതാരം സമോറയായിരുന്നു– ആറു ഗോളുകളോടെ ഒളിംപിക്സിലെ ടോപ് സ്ക്കോറർ! പതിനേഴാം വയസ്സിൽ രംഗത്തെത്തി, 34–ാ വയസ്സുവരെ കളിതുടർന്ന സമോറ ഫ്രാൻസുമായി നടന്ന ഫ്രണ്ട്ലി മത്സരത്തോടെ ജർസി അഴിക്കുകയായിരുന്നു! ■



## വേഴാമ്പലിന്റെ വഴികൾ പ്രകാശനം ചെയ്തു

ഭാസിമലാപ്പറമ്പ് രചിച്ച 'വേഴാമ്പലിന്റെ വഴികൾ' എന്ന നോവലിന്റെ പ്രകാശനം കേരള സാഹിത്യ അക്കാദമി വൈസ് പ്രസിഡണ്ട് ഡോ. ഖദീജാ മുംതാസ് നിർവ്വഹിച്ചു. ഡോ. കെ.പി. സുധീര പുസ്തകം ഏറ്റുവാങ്ങി. അളകാപുരി ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങ് പുരുഷൻ കടലുണ്ടി എം.എൽ.എ. ഉൽഘാടനം ചെയ്തു. ടി.വി. ബാലൻ അദ്ധ്യക്ഷതവഹിച്ചു. കെ.എം. രാധ, എൻ. രാജേഷ്, വിൽസൺ സാമുവൽ, ഡോ. എൻ.എം. സണ്ണി, ഭാസിമലാപ്പറമ്പ് തുടങ്ങിയവർ സംസാരിച്ചു. ടി.പി. മമ്മു മാസ്റ്റർ സ്വാഗതവും പുതുക്കുടി ബാലചന്ദ്രൻ നന്ദിയും പറഞ്ഞു.



ഭാസി മലാപ്പറമ്പ് രചിച്ച നോവൽ ഡോ. ഖദീജാ മുംതാസ് പ്രകാശനം ചെയ്യുന്നു.



# ദൈവം നിർദ്ദേശങ്ങൾ തരുന്നു

പി.ആർ. നാഥൻ



പൊതുവെ വിരസമായൊരു തീവണ്ടിയാത്രയായിരിക്കും ഇതെന്നാണു തുടക്കത്തിൽ കരുതിയത്. സംസാരിക്കാൻ താല്പര്യമുള്ളവരാണു സഹയാത്രികരെങ്കിൽ വളരെയേറെ കാര്യങ്ങൾ നമുക്ക് മനസ്സിലാക്കാൻ കഴിയും. യാത്രാസമയത്ത് ഒരിക്കലും ഗ്രന്ഥങ്ങൾ വായിക്കരുതെന്ന് മഹാപുരുഷന്മാർ പറഞ്ഞത് ഗ്രന്ഥങ്ങളോടുള്ള വിരോധം കൊണ്ടല്ല. യാത്ര ആസ്വദിക്കുന്നതു കാഴ്ചകൾ കണ്ട് രസിക്കുന്ന അവസരത്തിലാണ്. ചുറ്റുപാടുമുള്ള കാഴ്ചകൾ കാണുകയും സഹയാത്രികരുമായി പരിചയപ്പെടുകയും ചെയ്യുമ്പോഴാണ് യാത്രകൊണ്ട് ഉൽക്കർഷമുണ്ടാകുന്നത്. കേരള തലസ്ഥാനത്തു നിന്നും പതിവുപോലെ രാത്രി വണ്ടിയിൽ കോഴിക്കോട്ടേക്ക് വരുന്ന ഒരാൾക്ക് പുതിയതായി എന്ത് അനുഭവമാണ് കിട്ടുക? എന്റെ അടുത്ത സീറ്റിൽ രണ്ട് യുവാക്കൾ വന്ന് സ്ഥാനം പിടിച്ചു. താരതമേന്യ ഗ്രാമീണരാണ് അവരെന്നു കാഴ്ചയിൽ വ്യക്തമായി. കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികൾ ആരെങ്കിലുമായിരിക്കുമെന്നാണ് ആദ്യം വിചാരിച്ചത്. യുവാക്കൾ സ്വയം പരിചയപ്പെടാൻ മുൻകൈയെടുത്തു. വിനയാന്വിതരാണ് അവർ. അതുകൊണ്ടു തന്നെ അവർ ഉന്നതവിദ്യാഭ്യാസം നേടിയിട്ടില്ല എന്ന് വ്യക്തമായി. തിരുവനന്തപുരത്തുനിന്ന് എന്തോ കാര്യം സാധിച്ച് നാട്ടിലേക്കു മടങ്ങുകയാണെന്നുമാത്രം തുടക്കത്തിൽ പറഞ്ഞു. അവർ ജ്യേഷ്ഠാനുജന്മാരാണ്. കൂട്ടത്തിൽ അനുജനെന്നു തോന്നിച്ച ചെറുപ്പക്കാരന്റെ മുഖത്ത് അസാധാരണമായ ഉൽകണ്ഠ ഉണ്ടായിരുന്നു. എന്നോടു കുശലം ചോദിച്ചത് ജ്യേഷ്ഠനാണ്. പേര് അനിൽകുമാർ. ഒത്തശരീരം. കഴുത്തിലൊരു തുളസീമാലയുണ്ട്. ആരോഗ്യമുള്ള യുവത്വം എന്നു വെറുതെ തോന്നുകയും ചെയ്തു.

അടുത്ത ബർത്തിൽ ആരായിരിക്കുമെന്ന് ചർച്ചചെയ്തു കൊണ്ടിരിക്കവെ ഒരു കന്യാസ്ത്രീ അവിടെ വന്നെത്തി അവർ കാഴ്ചയിൽ കുലീനത്വമുള്ള കൂട്ടത്തിലായിരുന്നു. വെളുത്ത മുഖത്ത് ശുഭ്രമായ പുഞ്ചിരി. ബർത്ത് നമ്പർനോക്കി അവർ ഒരിടത്തിരുന്നു. തെല്ലുനേരം കഴിഞ്ഞ് അവർ യുവാക്കളോടു ചോദിച്ചു.

സഹോദരങ്ങൾ എങ്ങോട്ടാ?

സഹോദരങ്ങൾ എന്ന സംബോധന യുവാക്കൾക്ക് ഇഷ്ടപ്പെട്ടു. എനിക്കും അവരോട് വാത്സല്യംതോന്നി. യുവാക്കൾ ഇറങ്ങാനുള്ള സ്റ്റേഷൻ പറഞ്ഞു.

"എന്തുവാ തൊഴിൽ? "

"കൂലിപ്പണിയാണ് "

മടി കൂടാതെയവർ തുറന്നു പറഞ്ഞു. തുടർന്നു കന്യാസ്ത്രീയുടെ ചോദ്യങ്ങൾക്ക് അവർ വിനയാന്വിതരായി മറുപടി പറയുന്നതു കേട്ടപ്പോൾ എനിക്കു കൗതുകം തോന്നി. ഞാൻ നേരത്തെ വിചാരിച്ചമാതിരി ജ്യേഷ്ഠനായ ആൾ ആരോഗ്യദൃഢഗാത്രനല്ല. ആ ചെറുപ്പക്കാരൻ ഒരു രോഗിയാണ്. തിരുവനന്തപുരത്തെ ക്യാൻസർ സെന്ററിൽ നിന്നാണ് അനിൽകുമാർ വരുന്നത്.

എനിക്ക് ഒരു കനത്ത ഷോക്കായി അനുഭവപ്പെട്ടു. അനിൽകുമാറിന്റെ അനുജൻ ഉൽകണ്ഠാകുലനായി കാണപ്പെട്ടതിന്റെ രഹസ്യം ഇപ്പോൾ വ്യക്തമായി. അനിൽകുമാർ വലിയ ടെൻഷനൊന്നും പ്രകടിപ്പിച്ചില്ല. ആ യുവാവിന്റെ സംസാരം കന്യാ

സ്ത്രീയെ സങ്കടപ്പെടുത്തുന്ന തായി എനിക്കു തോന്നി. അവർ എന്റെ നേരെ തിരിഞ്ഞതും അനിൽകുമാർ എന്റെ പേര് പറ ഞ്ഞുകൊടുത്തു. കാസർഗോഡ് ജില്ലയിലെ വെള്ളരിക്കുണ്ട് സെന്റ് ജൂഡ്സ് ഹൈസ്കൂളിലെ മല യാളം പഠിപ്പിക്കുന്ന അദ്ധ്യാപിക യാണ് അവർ. പ്രസാദമധുരമായ സ്വരം. ഹൃദയം തുറന്നുള്ള സംസാരം. അനിൽകുമാർ പറയു കയാണ്. എന്റെ രോഗം മാറിവരി കയാണെന്നു ഡോക്ടർ പറഞ്ഞു. ബ്ലഡ് ക്യാൻസർ തുടക്കത്തിൽ ചികിത്സിച്ചാൽ മാറുമത്രേ. എനിക്കു സംസാരിക്കാൻ വളരെ പ്രയാസം തോന്നിയിരുന്നു. അനിൽകുമാറിന്റെ കണ്ണുകളിൽ ഭാവിയെക്കുറിച്ചു പ്രതീക്ഷകളുണ്ട്. അയാളുടെ സഹോദരൻ അധികം സംസാരിക്കുന്നില്ല. ജ്യേഷ്ഠന്റെ രോഗത്തെച്ചൊല്ലി ഏറ്റവും വേദനി ക്കുന്നത് അനുജനാണെന്നു തോന്നുന്നു. അനിൽകുമാറിന്റെ അസുഖത്തെക്കുറിച്ചു സിസ്റ്റർ മെർലിൻ നെല്ലിത്താനം വാത്സല്യ പൂർവ്വം ചോദിച്ചറിഞ്ഞു. സഹോ ദരന്റെ അസുഖം മാറിക്കഴിഞ്ഞിരി ക്കുന്നു എന്നുതന്നെയാണ് അവർ പറയുന്നത്. കൂട്ടത്തിൽ ഒരു ഉപ ദേശവും കൊടുത്തു. രക്തശുദ്ധീ കരണത്തിനു "തഴുതാമ"അത്യു ത്തമമാണ്. തഴുതാമയുടെ ഇലയി ട്ടുതിളപ്പിച്ചവെള്ളം കുടിച്ചു ശീലി ക്കുക.

ഗ്രാമീണരാണെങ്കിലും അവർക്ക് തഴുതാമയുടെ ഇലകൾ കണ്ടാൽ തിരിച്ചറിയാൻ കഴിയി ല്ലെന്നു പറഞ്ഞു. ദൈവമാണ് അസുഖം മാറ്റുന്നതെന്നും ദൈവ ത്തിന്റെ കാരുണ്യം എല്ലാ യ്പ്പോഴും അനുഭവിച്ചുകൊണ്ടിരി ക്കുകയാണെന്നും സിസ്റ്റർ മെർലിൻ പറഞ്ഞു. ജ്യേഷ്ഠാനുജ ന്മാർ അവരുടെ ബർത്തുകളിൽ കയറിക്കിടന്നു. രണ്ടുപേർക്കും നല്ല ക്ഷീണമുണ്ട്. പരിശോധന കഴിഞ്ഞുവരുമ്പോൾ ധാരാളം മരു ന്നുകൾ വാങ്ങിക്കഴിക്കാനായി ഡോക്ടർ കുറിപ്പുകൾ കൊടുത്തി ട്ടുണ്ട്.

സിസ്റ്റർ മെർലിൻ നെല്ലി ത്താനം വളരെക്കാലം വെള്ളരി ക്കുണ്ട് ഹൈസ്കൂളിലെ അധ്യാപി കയാണ്. സ്വന്തം ഇഷ്ടപ്രകാര മാണു സഭയിൽ ചേർന്നത്. ബാല്യ ത്തിൽത്തന്നെ ദൈവസ്നേ ഹത്തെ അവർക്കു തിരിച്ചറയാൻ കഴിഞ്ഞിരുന്നു. കരുണാമയനായ ദൈവത്തിന്റെ അനുഗ്രഹത്തെക്കു റിച്ച് അവർ സംസാരിച്ചു. ഏത് അത്യാപത്തിലും ദൈവത്തിന്റെ കരങ്ങൾ നമ്മെ സംരക്ഷി ക്കുന്നുണ്ടെന്നു മെർലിൻ പറയു ന്നു, പൊറുക്കുക എന്ന പദമാണ് യേശുവിന്റെ വചനങ്ങളിൽ തന്നെ സ്വാധീനിച്ചതെന്ന് അവർ പറ ഞ്ഞു. ഇന്നാർക്കും പൊറുക്കാൻ മടിയാണ്. ക്ഷമയെക്കറിച്ച് ഏറ്റവും അധികം നമുക്കു പറഞ്ഞുതന്നത് യേശുവാണ്. ഉപേക്ഷിക്കുന്നവന്റെ കൈകളിലാണ് സാമ്രാജ്യങ്ങൾ വന്നു ചേരുക എന്ന ആശയം അവരെ സ്വധീനിച്ചിട്ടുണ്ട്. ഇന്നു ക്ഷമ കാണിക്കാൻ നമുക്ക് മടിയാ ണ്. സ്നേഹം കൊണ്ടല്ലാതെ നമു ക്കൊന്നിനേയും കീഴ്പ്പെടുത്താൻ കഴിയുകയില്ല. എല്ലാം ദൈവം നിശ്ചയിക്കുന്നു എന്നു പറയുന്നതി നിടയിൽ മെർലിൻ പറഞ്ഞു. ഈ സഹോദരന്മാരെ പരിചയച്ചെടു ത്തിയത് ദൈവമാണ്. താങ്കളോട് സംസാരിക്കാൻ അവസരമുണ്ടാ ക്കിയതും ദൈവംതന്നെ.

"പഠിക്കുന്ന കുട്ടികൾക്ക് സിസ്റ്ററെ കാണുമ്പോൾ പേടി യാണോ വാത്സല്യമാണോ തോന്നാറ്?"

"രണ്ടുമല്ല. അവർക്കെ ന്നോട് സ്നേഹമാണ്. എനിക്ക ങ്ങോട്ടും."

സ്വാനുഭവങ്ങൾ വിവരി ക്കുന്നതിനിടയ്ക്ക് അവർ പറഞ്ഞു. ഇപ്പോൾ റെയിൽവേസ്റ്റേഷനിൽ എന്നെയനുഗമിച്ചത് ജ്യേഷ്ഠത്തി യുടെ മകനാണ്. അയാൾ നല്ല വരുമാനമുള്ള ഉദ്യോഗസ്ഥനാണ്. തീവണ്ടിയിൽ കയറുന്നതിന് മുമ്പ് അയാൾ എനിക്ക് സമ്മാനമായി അഞ്ഞൂറുരൂപ തന്നു. ഞാൻ വരു മാനമുള്ളവളാണ്. എനിക്കാ പണം വേണ്ടെന്നു ഞാൻ പറഞ്ഞു. പക്ഷേ സ്നേഹംകൊണ്ട് തരുന്ന തായതിനാൽ വാങ്ങിയേ പറ്റൂ എന്നവൻ വാശിപിടിച്ചു. ഈ ഭൂമി യിൽ സ്നേഹത്തിന്റെ നീരുറവ വറ്റിയിട്ടില്ല.

സിസ്റ്റർ മെർലിൻ അവ രുടെ ബർത്തിൽ കയറിക്കിടന്നു. അന്ന് രാത്രിയിൽ എന്റെ മന സ്സിനെ മഥിച്ചിരുന്നത് അനിൽകു മാറിന്റെ മുഖമാണ്. സിസ്റ്റർ മെർലിൻ പറഞ്ഞ വാക്കുകളും എന്നെ സ്വാധീനിച്ചിരുന്നു. ഒരു തീവണ്ടിയിൽ ഇത്രയും അനുഭവ ങ്ങൾ ഉണ്ടാവുക എന്നതുതന്നെ ധാരാളമാണല്ലോ.

രാവിലെ ഉറക്കമുണർന്ന പ്പോഴേക്കും തീവണ്ടി കോഴിക്കോ ട്ടെത്താറായിരുന്ന. യുവാക്കൾ വഴി മദ്ധ്യേയുള്ള ഒരു സ്റ്റേഷനിൽ ഇറങ്ങിപ്പോയിരുന്നു. പ്രഭാത ത്തിൽത്തന്നെ മന്ദസ്മിതത്തോടെ യാണ് സിസ്റ്റർ പുറ ത്തേക്കുനോക്കിയിരിക്കുന്നത്. ഇറ ങ്ങാൻ നേരത്ത് ഞാൻ സിസ്റ്റർ മെർലിനോട് ഇങ്ങനെ ചോദിച്ചു.

"ദൈവവുമായി സിസ്റ്റർ സംസാരിക്കാറുണ്ടോ?"

"ഉണ്ട്."

"എപ്പോൾ"

"ഒരു ദിവസത്തിൽ നിര വധി തവണ."

"ഇന്ന് പ്രഭാതത്തിൽ സംസാരിച്ചുവോ?"

"സംസാരിച്ചു."

സംശയലേശമന്യെ സിസ്റ്റർ മെർലിനങ്ങനെ പറഞ്ഞു.

ഞാൻ ചിരിച്ചുകൊണ്ടു ചോദിച്ചു.

"ഇന്നു പ്രഭാതത്തിൽ ദൈവം എന്താണു സിസ്റ്ററോടു പറഞ്ഞത്?"

"ആ ചെറുപ്പക്കാരൻ യാത്രപറഞ്ഞ് അവരുടെ നാട്ടിലി റങ്ങിപ്പോകാൻ തുടങ്ങുകയായിരു ന്നു. അപ്പോൾ ദൈവം എന്നോടു

കവിത



## എന്നെ സ്വതന്ത്രനാക്കൂ

ബി.കെ. ഇബ്രാഹിം
മൂർക്കനാട്

**എന്റേതായ ശബ്ദത്തിൽ എന്നെ,**

**കവിത ചൊല്ലാൻ അനുവദിക്കൂ......**
**വേദനയുടെ കൂരമ്പുകൾ,**
**തുളഞ്ഞുകയറിയ എന്റെ ശരീരം,**
**കീറിപ്പറിഞ്ഞ് മുഷിഞ്ഞതാണ്.**
**നാളെ മണ്ണിൽ അഴുകാനുള്ളതാണത്.**
**പ്രകൃതി എനിക്കു കനിഞ്ഞു നൽകിയ,**
**പുഴയിലെ അവസാനത്തുള്ളി വെള്ളവും,**
**ഭൂമിയുടെ അതിർ വരമ്പുകളും,**
**നിങ്ങൾ അതിക്രമിച്ചെടുത്തേക്കാം.**
**ദേശീയതയുടെ കറുത്ത മേലങ്കിയണിഞ്ഞ്,**
**നിങ്ങളെന്നെ നാടു കടത്തിയേക്കാം.**
**വിയർപ്പൊഴുക്കി നേടിയ എന്റെ,**
**സമ്പാദ്യമൊക്കെയും,**
**ഒരു കാളരാത്രിയിൽ,**
**നിങ്ങൾ കൊള്ളയടിച്ചേക്കാം.**
**എന്റെ പൈതൃകവും സംസ്കൃതിയും,**
**നിങ്ങൾ കവർന്നെടുത്തേക്കാം.**
**തീച്ചൂളയിൽ കാട്ടി,**
**രാകിയെടുത്ത് മൂർച്ചകൂട്ടിയ,**
**എന്റെ കാവ്യാക്ഷരങ്ങളെ,**
**നിങ്ങൾ തല്ലിക്കൊന്ന് സംസ്ക്കരിച്ചേക്കാം.**
**തെരുവോരങ്ങളിൽ അലഞ്ഞു നടക്കുമ്പോൾ,**
**ഏതോ ചാവേറിന്റെ,**
**അരയിൽ നിന്നും പൊട്ടിത്തെറിക്കുന്ന ബോംബിനാൽ,**
**എന്റെ ശരീരം ചിന്നിച്ചിതറി**
**പട്ടികൾക്ക് ആഹാരമായേക്കാം.**
**ഞാനെന്നും എല്ലാം നഷ്ടപ്പെട്ട്**
**പാലായനം ചെയ്യപ്പെട്ടവർക്കൊപ്പമാണ്.**
**അനുരഞ്ജനം എന്ന പദം എന്റെ നിഘണ്ടുവിലില്ല.**
**അടിച്ചമർത്തപ്പെട്ട മനുഷ്യരുടെ തേങ്ങലിൻ,**
**കത്തിപ്പടരുന്ന തീ നാളമായ്,**
**ഞാൻ ചെറുത്തു നിൽക്കും,**
**എന്തിനേയും .....**
**എന്തിനേയും .....**

കവിത



## ഓർമ്മകൾ

ഇ. സൂര്യ

ചുട്ടുപൊള്ളുന്ന ചൂടിൽ ഞാൻ വയൽ വര-
മ്പിലൂടെ നടന്നു നീങ്ങവെ
കണ്ടു ഞാൻ അവിടെയെല്ലാം
കരിഞ്ഞ പുല്ലുകൾ മാത്രം.
പോയ കാലത്തിന്റെ ഓർമ്മകളിലേക്കു തിരിഞ്ഞു
നോക്കിയപ്പോൾ ഇവിടെയെല്ലാം-
വെള്ളച്ചാലുകളായിരുന്നു.
ഞാൻ കുളിച്ചു കളിച്ച തോടുകളെല്ലാം
ഇന്നിതാ ഉണങ്ങി വരണ്ടിരിക്കുന്നു.
അന്നു ഞാൻ കണ്ടൊരു വയലേലകൾ,
കണ്ണിനുതാഴെ വെളിച്ചമേകി കൺകുളിർക്കെ-
കാണുവാനായി ഒരു നല്ല വയലേലകൾ.
എന്നും കാണും നിന്നെ കാണാൻ ഒരു-
പ്രഭാതം കൂടി വരുന്നീ നിമിഷം; കണ്ണടയും നേരം-
വരെ കാണാനൊരു നിമിഷം-
ചിന്തിച്ചു പോകുന്നു ഞാൻ.
ഇന്നതു കാണുന്നില്ലാത്ത നിമിഷം കണ്ണു നിറയുന്നു-
നെഞ്ചു പിടയ്ക്കുന്നു; എങ്ങും കാണുന്നത്-
പച്ചപ്പു കരിഞ്ഞു മാത്രം.
കരിഞ്ഞു പോകുന്ന മേനി,
കരഞ്ഞു പോകുന്ന ഹൃദയം
ഇനി എന്നു കാണുന്നു ഈ പച്ചപ്പ്.
ഞെട്ടുന്ന സത്യം അറിഞ്ഞു പോകുന്ന നിമിഷം;
കണ്ണുകൾ നിറയെ കൊടും ഭ്രാന്ത്-
നിറയുന്ന വഴിയിൽ;
കത്തിജ്വലിക്കുന്ന ഭ്രാന്തിലൂടൊഴുകി-
കണ്ണുകൾ നിറയുന്നു.
അറിഞ്ഞു ഞാൻ എല്ലാം ദുഷ്ട വൃഷ്ട മനസിൽ-
നിറയുന്ന ഒരു കൂട്ടം സമൂഹവാസികൾ.
അതി സുന്ദരം അതി ഗംഭീരം-
എട്ടു കെട്ടുമായി നിറയുന്ന
കെട്ടിടങ്ങൾക്കു നടുവിൽ പുഞ്ചിരിക്കുന്ന കൂട്ടം
എന്തിനു വേണം നിങ്ങൾക്ക്-
പാവം ഈ വയലേലകളെ
വിട... എന്നേ വിട... എന്നന്നേക്കുമായി വിട...
ഈ പച്ചപ്പൂവിന്.

പറഞ്ഞു. ചേച്ചിയുടെ മകൻ നിനക്കുതന്ന പണം രോഗിയായ ആ സഹോദരനുള്ളതാണ്. ഞാനാ രൂപ രോഗിയായ സഹോദരന് കൊടുത്തു”.

എന്തൊരു സന്തോഷമാണ് സിസ്റ്റർ മെർലിന്റെ മുഖത്ത്. ദൈവവചനങ്ങളെ അനുസരിക്കാൻ കഴിയുന്നത് ഒരു മഹാഭാഗ്യംതന്നെ എന്ന് എനിക്കുതോന്നി. ഇറങ്ങാൻ നേരത്ത് അവർ പറഞ്ഞു. എന്റെ സ്കൂളിലേക്ക് ഒരു ദിവസം സംസാരിക്കാനായി സാർ വരണം. കൂട്ടത്തിലൊരു നിർദ്ദേശവും. നിഷ്കളങ്കമായ ആ നിർദ്ദേശം കേട്ട് ഞാൻ പൊട്ടിച്ചിരിച്ചുപോയി.

“ഞങ്ങളുടെ പള്ളിക്കൂടത്തിൽ വന്നാൽ ഏതെങ്കിലും ഒരു വിഷയത്തിൽ ഒതുങ്ങിനിന്ന് സാർ സംസാരിക്കണം. വിഷയം കാടുകയറിപ്പോകരുത്. സാറിന്റെ പ്രസംഗം മുമ്പ് കേട്ടിട്ടില്ലാത്തതുകൊണ്ട് പറയുന്നതാ.... കേട്ടോ.”

കഥ

# വടക്കത്തെ മുത്തശ്ശി



എം.എസ്. കുമാർ



Dr (Capt.) Lakshmi Sahgal

ദൂരദർശനിലെ വാർത്തകൾക്കു ശേഷം ഭക്ഷണസമയമാകും വരെ മുത്തശ്ശിക്ക് ഒഴിവാണ്. ആരും അടുത്തില്ലെങ്കിൽ കട്ടിയുള്ള കണ്ണടവെച്ച് തടിച്ച ഏതെങ്കിലും പുസ്തകം നിവർത്തി മുത്തശ്ശി വായന തുടങ്ങും. ലക്ഷ്മിക്കുട്ടിക്ക് ആ സമയം കൃത്യമായറിയാം. വായനതുടങ്ങിയാൽ പിന്നെ മുത്തശ്ശി ആരുവിളിച്ചാലും പറഞ്ഞാലും കേൾക്കില്ല. വലിയമ്മ വിളിച്ചാൽ മാത്രം തലയുയർത്തി നോക്കും. അവർ വിളിക്കും.

"അമ്മമ്മേ." മുത്തശ്ശി തലയുയർത്തി ചോദിക്കും. ആയോ?.

പുസ്തകം വായിച്ചെത്തിയ ഭാഗത്തെ ഏടുമടക്കി അടയാളംവെച്ച് മടക്കിവെക്കും. ലക്ഷ്മിക്കുട്ടി അവർ അടുക്കിവെച്ചിരിക്കുന്ന പുസ്തകങ്ങളെത്രയെന്നോ ഏതൊക്കെയെന്നോ നോക്കിയിട്ടില്ല. അവയൊന്നും മറ്റുള്ളവർ തൊടുന്നത് മുത്തശ്ശിക്ക് ഇഷ്ടമല്ല. ഒരിക്കൽ മാത്രം മുത്തശ്ശി വൈകുന്നേരത്തെ പാൽക്കഞ്ഞി കുടിക്കുന്ന സമയത്ത് ആ തടിയൻ പുസ്തകങ്ങളുടെ പുറം ചട്ട നോക്കി വായിച്ചു. മഹാഭാരതം, ഭഗവത്ഗീത, അദ്ധ്യാത്മ രാമായണം എന്റെ സത്യാന്വേഷപരീക്ഷണങ്ങൾ, ഇന്ത്യയെ കണ്ടെത്തൽ..

മുത്തശ്ശി വരുന്ന സമയം നോക്കി അവ യഥാവിധി അടുക്കി വച്ചു. പുസ്തകം ആരെങ്കിലും നോക്ക്യോ- അവർ സംശയാസ്പദമായി ചോദിക്കും.

ഇല്യാ മുത്തശ്ശി ഞാൻ ഇവിടന്നു നോക്കിയേ ഉള്ളു. ഇത്ര വലിയ പുസ്തകങ്ങളൊക്കെ എങ്ങനാ മുത്തശ്ശി വായിക്കണേ. ലക്ഷമി കുട്ടി അത്ഭുതത്തോടെ ചോദിച്ചു. അവർ വെള്ളികെട്ടിയ പല്ലുകൾ പുറത്തു കാണിച്ചു ചിരിച്ചു. ലക്ഷ്മിക്കുട്ടി മുത്തശ്ശിയുടെ അടുത്തുചെന്നു. അമ്മൂമ്മയ്ക്ക് അവളുടെ ഇംഗിതം പിടികിട്ടി.

അമ്മൂന് കഥ വേണ്ടിവരും. അല്ലേ?

നമ്മുടെ വീട് എങ്ങനാ ആനക്കരയായത്?

ലക്ഷ്മിക്കുട്ടി തുറന്നു ചോദിച്ചു. മുത്തശ്ശി പെട്ടെന്ന് ചോദിച്ചു. ആരേ പറഞ്ഞേ നമ്മുടെ വീട്ടുപേര് ആനക്കര എന്നാണെന്ന്; വടക്കത്ത് എന്നാണു വീട്ടു പേര്. വടക്കത്തും തെക്കത്തുമെന്നൊക്കെ പേരുള്ള ധാരാളം വീട്ടുകാരുണ്ടാവും. ഈ പ്രദേശം ആനക്കരയായതിനാൽ ആനക്കര വടക്കത്ത് എന്നായി.

അപ്പോ ആനക്കര എന്ന പേര് എങ്ങനെയുണ്ടായതാ? ഇവിടെ ധാരാളം ആനകളുണ്ടായിരുന്നോ?

കുട്ടിയുടെ ചോദ്യത്തിന്ന് ഒരു ചിരിയായിരുന്നു ആദ്യ പ്രതികരണം. പിന്നീടവർ വിശദമാക്കി.

"ലക്ഷ്മിക്കുട്ട്യേ, ആനക്കരയല്ല, യഥാർത്ഥത്തിൽ അന്നക്കരയാണ്. അന്നക്കര ആനക്കരയായതാണ്. നമ്മുടെ വലിയ മുത്തച്ഛൻ ഗോവിന്ദമേനോനെ ഗോപി മോനോൻന്ന് പറയാറില്ലേ. അതുപോലെ സംസാരഭാഷലോപിച്ച് അന്നക്കര ആനക്കരയായി. ആനക്കരവടക്കത്ത് എന്ന് ഒന്നിച്ചുപറയാൻ ഒരു പ്രത്യേകത കൂടിയുണ്ട്."

അന്നക്കര എന്നു പേരുവരാനേ അതിനു വല്ല കാരണവു

മുണ്ടോ? ലക്ഷ്മിക്കുട്ടിക്ക് ഉത്സാഹം വർദ്ധിച്ചു. മുത്തശ്ശി തുടർന്നു "അതാ ഞാൻ പറഞ്ഞു കൊണ്ടു വന്നത്. അന്നം എന്നു പറഞ്ഞാലെന്താ?

ഭക്ഷണം. ക്ഷാമകാലത്ത് പലപ്രദേശങ്ങളിലും പാവപ്പെട്ട ജനങ്ങൾക്ക് വിശപ്പുമാറ്റാൻ ഒരു നേരത്തെ ഭക്ഷണത്തിനു വേണ്ടി വടക്കത്തു തറവാട്ടിലേക്കു വരുമായിരുന്നു. വന്നവർക്കൊക്കെ വയറുനിറച്ച് ഭക്ഷണം കൊടുക്കുന്ന പാരമ്പര്യമാണ് വടക്കത്തുള്ള വർക്ക്.

വരിയിൽനിന്നും, കൂട്ടം കൂടിയും ഭക്ഷണത്തിന്നായി തിരക്കുന്ന മനുഷ്യർ. അവരിൽ കുപ്പായമിടാത്ത പുരുഷന്മാരും ജാക്കറ്റോ മേൽമുണ്ടോ ധരിക്കാത്ത മാറുമറയ്ക്കാത്ത സ്ത്രീകളും കോണകം മാത്രം ധരിച്ച കുട്ടികളുമുണ്ടായിരുന്നു. പെണ്ണുങ്ങൾ തറവാടിന്റെ വടക്കു ഭാഗത്തായി അകന്നുനിന്നു വിളിയ്ക്കും.

തമ്പ്രാട്ട്യേയ്...

വടക്കത്തെ തറവാട്ടിലെ ഇരിയ്ക്കണമ്മമാരാണ് അത് കേട്ട് പുറത്തുവരിക. വീട്ടിലെ അകംപണിക്കാരായ സ്ത്രീകളെയാണ് ഇരിയ്ക്കണമ്മമാരെന്ന് പറയുന്നത്. അവർ ആശ്രിതർക്ക് എന്തെങ്കിലും കൊടുക്കാതിരിക്കില്ല. ഭക്ഷണമോ, പഴയവസ്ത്രങ്ങളോ എന്തുമാകാം.

ലക്ഷ്മിക്കുട്ടി മറ്റൊരു ചോദ്യമാണു ചോദിച്ചത്. "എന്തിനാ മുത്തശ്ശി അവരിത്ര അകന്നു നിൽക്കണത്? പേടിച്ചിട്ടാണോ?"

അല്ല മോളെ. നീയിതു ചോദിയ്ക്കുമെന്ന് ഞാൻ പ്രതീക്ഷിച്ചതാണ്. മിടുക്കിയല്ലേ നീയ്. എന്നാൽ ഞാൻ പറഞ്ഞു തരാം. ഇവിടൊക്കെ അയിത്തം എന്ന സമ്പ്രദായമുണ്ട്. താഴ്ന്ന ജാതിയിൽപെട്ടവര് ഇത്രദൂരം വിട്ടുനിൽക്കണം, ഉയർന്ന ജാതിക്കാരെ തൊട്ടുകൂടാ. ഇത്രഅകലം വിട്ടു നിൽക്കണം എന്നൊക്കെ വ്യവസ്ഥയുണ്ടായിരുന്നു.

താഴ്ന്ന ജാതിക്കാർക്ക് നമ്മളെപ്പോലെയുള്ള ഉയർന്ന ജാതിക്കാരെ തൊട്ടുകൂടാ. തൊട്ടാൽ അയിത്തമായി എന്നാണ് നിയമം. അയിത്തം എന്നാൽ അശുദ്ധം. അതായത് ശുദ്ധമല്ലാത്ത എന്ന അർത്ഥമാണ്.

മനുഷ്യന്മാരുതമ്മില് അങ്ങനെയൊക്കെ വോണോ?– ലക്ഷ്മിക്കുട്ടിക്കു ചോദിക്കാതിരിക്കാനായില്ല.

അതൊക്കെത്തന്ന്യാ ഞാനും അന്നൊക്കെ ചോദിച്ചിരുന്നത്. വടക്കത്തെ തറവാട്ടുകാർ അങ്ങനെയൊന്നും നോക്കുന്നവരോ പ്രവർത്തിക്കുന്നവരോ ആയിരുന്നില്ല. മനുഷ്യന് വൃത്തിയും വെടിപ്പും വേണം . മനസ്സിലാവണഭാഷ സംസാരിക്കണം. അല്ലാതെ മേൽജാതി കീഴ്ജാതി എന്ന തിരിവൊന്നും വേണ്ട.

അപ്പോൾ അവര് അടിയങ്ങള് എന്നൊക്കെ പറയുന്നുണ്ടല്ലോ. എന്താണി അടിയൻ. ലക്ഷ്മിക്കുട്ടിക്ക് പിന്നേയും സംശയം. മുത്തശ്ശി തുടർന്നു.

അത് ഏതോ കാലംതൊട്ടു തുടങ്ങി. അടിയാൻ എന്നു വെച്ചാൽ മറ്റുള്ളവന്റെ കീഴിൽ ഉള്ളവൻ എന്നാണർത്ഥം. ഉയർന്ന ജാതിയിൽപെട്ടവരുടെ വീട്ടിലും പുറത്തും പാടത്തും പറമ്പിലുമൊക്കെ ജോലി ചെല്ലുന്നവരെ അടിയാളർ എന്നും കീഴാളർ എന്നും പറഞ്ഞിരുന്നു.

അതെങ്ങനെ വന്നതാ മുത്തശ്ശി ഈ അർത്ഥം. അവർ പണിയെടുത്തും വീടുകാത്തും അല്ലേ മറ്റുള്ളവർ കഴിയുന്നത്! അപ്പോൾ അവരല്ലേ മീതെ നിൽക്കേണ്ടവർ! കീഴിൽ നിൽക്കുന്നവരല്ലേ കീഴാളർ. യഥാർത്ഥമേലാളനെ കീഴാളനാക്കിയത് ആരുടെ തന്ത്രമാണു മുത്തശ്ശീ–?

ലക്ഷ്മിയുടെ ചോദ്യം മുത്തശ്ശിക്ക് ഇഷ്ടമായി. അമ്മു, നിനക്കിങ്ങനെ ചോദിക്കാൻ തോന്നിയത്തന്നെ വലിയ കാര്യമാണ്. ഈ പ്രായത്തിൽ നമ്മുടെ കുടുംബത്തിലെ കുട്ടികളിങ്ങനെ ചോദിക്കുകയോ പറയുകയോ ഉണ്ടായിട്ടില്ല. പറയുമ്പോ ഇംഗ്ലീഷ് പഠിച്ചവർ നാട്ടിലെ വലിയവരായി. അങ്ങനെ കഴിഞ്ഞുകൂടുന്നവരായിരുന്നു കുട്ടികളും വലിയവരുമൊക്കെ. നാട്ടുകാരിൽ വലിയവരായിരുന്നു നമ്മൾ. നമുക്കു താഴെയാണു മറ്റുള്ളവരെന്നു തലമുറകളായി ധരിച്ചുവശായിന്നർത്ഥം. വലിയവരെന്നാൽ ധാരാളം ഭൂമിയും ധനവും ഉള്ളവർ. ചെറിയവർ പണമില്ലാത്തവരും.

ലക്ഷ്മിക്കുട്ടി ആലോചിച്ചു. നല്ലവർ സ്വത്തുള്ളവരോ ഇല്ലാത്തവരോ–

എന്താ കുട്ടി ആലോചിക്കണേ;

ഞാനേയ് സംശയിക്ക്യാ. വലിയവരാണോ ചെറിയവരാണോ നല്ലത് എന്ന്.

മുത്തശ്ശി പ്രതിവചിച്ചു. അതു ശരി. അപ്പോൾ നിനക്ക് കഥയല്ല വേണ്ടത്. സംശയം ചോദിക്കലും മറുപടി പറയലും കൊണ്ട് സമയം കളഞ്ഞാമതി അല്ലേ. എന്റെ വായന മുടങ്ങി. മഹാഭാരതം ശാന്തിപർവ്വം തുടങ്ങിവെച്ചേയുള്ളു. ഇതു പറഞ്ഞാ ചോദ്യമാവും പർവ്വം എന്നുവെച്ചെലെന്താണെന്നും മറ്റും–

തമ്പ്രാ, തമ്പ്രാക്കളെ... കളപ്പുരക്കടുത്തുനിന്ന് ഒരു പുരുഷന്റേയും സ്ത്രീയുടേയും ദയനീയമായ വിളി. ലക്ഷിക്കുട്ടി എഴുന്നേറ്റു. മുത്തശ്ശി തലയുയർത്തി ശ്രദ്ധിച്ചു. ശബ്ദം വീണ്ടുമുയരുന്നു.

വലിയമ്മാവനും കാര്യസ്ഥൻ കുഞ്ഞൻ നായരും പുറത്തേക്ക് വന്ന് ശബ്ദമുയർത്ത്. ആരാടാ അത്? ആഗതരുടെ ദയനീയ ശബ്ദം തുടരുകയാണ്.

അടേൃങ്ങളാ തമ്പ്രാക്കളേ. കണക്കറായ്യാ. ചിരുതേംണ്ട്. അട്യേങ്ങളെ രക്ഷിക്കണേ തമ്പ്രാക്കളേ...

കുഞ്ഞൻ നായർ ദേഷ്യത്തോടെ പറഞ്ഞു, എന്താച്ചാ പറയടാ, നിന്നു തൊള്ളപൊളിക്കാതെ

വലിയമ്മാവൻ അല്പം സൗമ്യനായാണു പറഞ്ഞത്. എന്തേ ഉണ്ടായതെന്നു പറയൂ കണക്കറായി.

ചിരുത കരച്ചിലോടെ തുടങ്ങി. അടിയങ്ങടെ പെണ്ണിനെ ഓറ് -ഓറ് ങ്ഹീം. ചിരുത വിങ്ങിപ്പൊട്ടി.

ങേ... പെണ്ണിനെ ആക്രമിച്ചോ? ആര്?

അങ്ങനെയല്ല തമ്പ്രാനെ. ഞങ്ങടെ കുട്ടിയെ പാടത്തെ വരമ്പിൽനിന്ന് വലിച്ചിട്ട് ചേറ്റിൽ ചവുട്ടി പൂഴ്ത്തി തമ്പ്രാ...

ആങ്ഹാ! എന്തിന്? ഇത്രയും കണ്ണിൽ ചോരയില്ലാത്തവനാരാണ്? "വലിയമ്മാവന് രോഷം വരുന്നു." ചിരുത വിശദമായി പറഞ്ഞു.

ഞങ്ങടെ മോള് തേയി ഷ്ക്കോളില് പോവുമ്പോ ഒരു കുപ്പായം ഇട്ടോണ്ടു പോയി. ഇവിടത്തെ അമ്മു കൊച്ചമ്പ്രാട്ടി കൊടുത്തതാരുന്നു. നയ്യൂര് പാടത്തിന്റെ വരമ്പത്തുകൂടി പോവുമ്പോ കണ്ടരാമത്തെ തമ്പ്രാൻ ഇല്ലത്ത്ന്ന് കണ്ടൂത്രെ. കാര്യസ്ഥൻ പങ്ങൻ മേലാറെ വിളിച്ചു കാണിച്ചു കൊടുത്തു.

കണക്കറായി പറഞ്ഞ കാര്യങ്ങൾ ഒരു ദൃശ്യരൂപംപോലെ ലക്ഷ്മിയുടെ കണ്ണിൽ മിന്നിമറഞ്ഞു.

കുമ്പിടി എലിമെന്ററി സ്ക്കൂൾവിട്ട് കൊച്ചുകുട്ടികൾ വീടുകളിലേക്ക് മടങ്ങുന്ന സമയം. ആനക്കര പാടത്തിന്റെ നേർത്തവരമ്പിലൂടെ നടന്നുനീങ്ങുന്ന കുട്ടികൾ. അധികവും പിന്നോക്കവിഭാഗങ്ങളിൽ പെട്ടവർ. ട്രൗസറും തോർത്തുമുണ്ടും ധരിച്ചവർ. കുപ്പായമിട്ടവർ വളരെ കുറവ്.

വരമ്പിന്നു താഴെ കണ്ടം ഉഴുതുമറിച്ച ചെളിയും കലക്കവെള്ളവുമായതിനാൽ കുട്ടികൾ വളരെ സൂക്ഷിച്ചാണു നടന്നിരുന്നത്. വെള്ളതുണിയിൽ നീലപ്പുള്ളികളുള്ള ബ്ലൗസും കരയുള്ള തുവർത്തുമുണ്ടും ചുറ്റിനടന്ന തേയിപ്പെണ്ണിനെ അകലെനിന്നു തന്നെ പങ്ങൻനായർ തിരിച്ചറിഞ്ഞിരുന്നു. അയാൾ അടുത്തപറമ്പിൽനിന്നു ആക്രോശിച്ചു.

എടീ പെണ്ണേ വാടീ ഇവിടെ.

തന്നെ നോക്കിയാണയാളുടെ വിളിയെന്ന് തേയിക്കാദ്യം മനസ്സിലായില്ല. എല്ലാകുട്ടികളും ഭയന്ന് ഓടി. നെറുകയിൽ ഇച്ചി കുടുമയും അരയിൽ വട്ടത്തിൽ കെട്ടും കൈയ്യിൽ മുട്ടൻ വടിയുമായി പങ്ങൻ നായർ അവളോടടുത്തു. തേയി ഭയന്നു വിറച്ചു. എടീ ഊരടീ ബൗസ്. എന്തിനാടി നിനക്കൊക്കെ കുപ്പായം. ഊരടീ.

അയാൾ വടിയോങ്ങി. തേയി പേടിച്ചു വിറച്ചു. അയ്യോഅമ്മേ എന്നു കരഞ്ഞു. അയാൾ അവളുടെ കുപ്പായം വലിച്ചുകീറി കണ്ടത്തിലേക്കു പിടിച്ചു തള്ളി. തേയി ചെളിയിൽ മുഖം കുത്തിവീണു. പങ്ങൻ നായർ കാൽ എത്തിച്ച് ഒരു ചവിട്ടും കൊടുത്തു. തേയി അമ്മേ എന്നു വിളിച്ചു കരഞ്ഞു ചെളിയിൽനിന്നും എഴുന്നേറ്റു. നാട്ടുകാർ പലരും കണ്ടുനിന്നതല്ലാതെ ആരും ഒന്നും പറഞ്ഞില്ല. കണ്ടരാമത്ത് ഇല്ലത്തെ കാര്യസ്ഥൻ പങ്ങൻ നായർ ഒരു സംസ്ഥാനത്തെ മുഖ്യമന്ത്രിയുടെ പവറിലാണന്ന്.

മുത്തശ്ശിയും ആ രംഗം സ്വപ്നം കാണുകയായിരുന്നു. പിന്നീട് എന്തുണ്ടായി മുത്തശ്ശി.

വലിയമ്മാവൻ പിറ്റേന്ന് കുഞ്ഞൻ നായരെ വിട്ട് കണ്ടരാമത്തെ കാര്യസ്ഥൻ പങ്ങൻ നായരോട് വടക്കത്തെ ഗോവിന്ദമേനോൻ ചെല്ലാൻ പറഞ്ഞ വിവരമറിയിച്ചു. അയാൾ കുഞ്ഞൻ നായരെ മടക്കിയയച്ചു.

പങ്ങൻ നായർ വന്നില്ല. കണ്ടരാമത്ത് ഇല്ലക്കാർ അത് മുഖവിലക്കെടുത്തില്ല. വടക്കത്തു വീട്ടുകാർ ആലോചിച്ചു. കുട്ടിമാളു വലിയമ്മ ഗോവിന്ദമേനോടു പറഞ്ഞു. അവരോട് വഴക്കിനും ലഹളയ്ക്കും പോവേണ്ട. കണക്കറായിയും ചിരുതയും അവരുടെ ചുറ്റുപാടുള്ളവരോടു പറയട്ടെ. നമുക്ക് എല്ലാ സ്ത്രീകളേയും കുട്ടിബ്ലൗസിടീപ്പിച്ച് കണ്ടരാമത്തില്ലത്തിന്റെ പടിയ്ക്കലൂടെ നടക്കാം. ഒരു പെൺജാഥ.

ഞാനുമുണ്ടാവാം. സ്ത്രീകളും പെൺകുട്ടികളുമുണ്ടാകണം. കുട്ടിമാളുവല്യമ്മയും കൂട്ടുകാരികളും കൂടി എല്ലാവീടുകളിലും ചെന്നു പറഞ്ഞു. ഹരിജൻ പെൺകുട്ടികൾക്കും മറ്റുതാഴ്ന്ന ജാതിക്കാരെന്നു പറയുന്നവർക്കും പെണ്ണുങ്ങൾക്കെല്ലാവർക്കും മാറുമറക്കാനും ഇഷ്ടമുള്ള കുപ്പായമിടാനും സ്വാതന്ത്ര്യം വേണം. ചിരുതയുടെ മകൾ തേയിക്കുണ്ടായ അനുഭവം നാളെ ആവർത്തിക്കരുത്. കണ്ടരാമത്തെ നമ്പൂരാർക്കെന്നല്ല സാമൂതിരി രാജാവിന്നും ഇത്തരം നിയമം വെച്ചു പുലർത്താൻ അവകാശമില്ല. നമ്മുടെ സ്വാതന്ത്ര്യസമരം ഇവിടന്നു തുടങ്ങണം

കുട്ടിമാളുവല്യമ്മ എല്ലാ സ്ത്രീകളോടുമായി പറഞ്ഞു. ചെറുപ്പകാർ പലരും തയ്യാറായി. നാട്ടിലെ വലിയ ജന്മിയായ കണ്ടരാമത്തില്ലക്കാരെ ഭയന്ന് ചിലർ പന്മാറി.

ഉം... എന്നിട്ടെന്നിട്ട്... ലക്ഷ്മിക്കുട്ടിക്ക് ആവേശമായി. മുത്തശ്ശി തുടർന്നു.

നമ്മുടെ താഴത്തെ അങ്ങാടിയിൽ എല്ലാവരം ഒത്തുകൂടി. കുട്ടിമാളു വല്യമ്മയും ആര്യ അന്തർജ്ജനവും മുമ്പില് നിന്നു. അവര് കിഴക്കെ പാടവരമ്പിലൂടെ നടന്ന് കണ്ടരാമത്തില്ലത്തിന്റെ പടിക്കൽ നിന്നു. കുട്ടിമാളു വല്യമ്മ തേയിയുടെ കൈപിടിച്ച് ഒപ്പം നടത്തി. എല്ലാകുട്ടികളും ബൗസു ധരിച്ചിരുന്നു.

അവർ മുദ്രാവാക്യം വിളിച്ചു. അയിത്തം അവസാനിപ്പി

ക്കുക... പാവപ്പെട്ട സ്ത്രീകളെ മാറുമറയ്ക്കാൻ അനുവദിക്കുക– കുട്ടികളെ ദ്രോഹിക്കുന്ന ജന്മിത്വം തുലയട്ടെ. മഹാത്മാഗാന്ധി കീ ജയ്...

അപ്പോ തിരുമേനിം പങ്ങൻ നായരുമൊക്കെ എന്തു ചെയ്തൂ?

അവർ തട്ടിന്നു മുകളിൽ ഏറ്റവും ഉയരമുള്ള മുറിയിലെ ജനലിലൂടെ പുറത്തേയ്ക്ക് നോക്കിനിന്നു. തിരുമേനി അത്ഭുതത്തോടെ പറഞ്ഞു. ഹായാ എത്ര ആളുകളാ!

വലിയമ്മയുടെ രൂപം ലക്ഷ്മിക്കുട്ടിയുടെ മനസ്സിൽ വളർന്നു വലുതാവുകയായിരുന്നു. മുത്തശ്ശിയുടെ വിവരണത്തിലൂടെ തന്റെ പാരമ്പര്യത്തെക്കുറിച്ചറിഞ്ഞു. ചുറ്റുപാടുമുള്ള അവഗണിക്കപ്പെടുന്ന മനുഷ്യരെ കൈപിടിച്ചുയർത്താൻ ലക്ഷ്മി സ്വയം പ്രതിജ്ഞ ചെയ്യുകയായിരുന്നു.

ലക്ഷ്മിക്കുട്ടി മുതിർന്ന കുട്ടിയായി തറവാട്ടിലെ മിടുക്കിക്കുട്ടിയായി അറിയപ്പെട്ടു. അവർ അമ്മയോടും അച്ഛനോടുമൊപ്പം മദ്രാസിലേക്കു താമസം മാറ്റി. അച്ഛൻ പേരുകേട്ട അഭിഭാഷകനും സ്വാതന്ത്ര്യസമര പ്രക്ഷോഭങ്ങളുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നയാളുമായിരുന്നു. അമ്മ അമ്മു സ്വാമിനാഥനും സാമൂഹിക പ്രവർത്തകയായിരുന്നു.

അനീതിയ്ക്കെതിരെ പ്രതികരിക്കുന്ന മനസ്സുമായി ലക്ഷ്മി വളർന്നു, ജാതി, മത, അനാചാരങ്ങൾക്കെതിരായ മനോഭാവം അവരുടെ പ്രവർത്തനങ്ങളെ സജീവമാക്കി. സ്വാതന്ത്ര്യസമര പ്രവർത്തനങ്ങളുടെ നേതൃത്വത്തിലേയ്ക്കുയർന്നു. ലക്ഷ്മി ക്യാപ്റ്റൻ ലക്ഷ്മിയായി. സുഭാഷ്ചന്ദ്രബോസിന്റെ നേതൃത്വത്തിലെ ഐ.എൻ.എ. എന്ന പട്ടാളച്ചിട്ടയുള്ള സംഘടനയിലെ ഒരു റെജിമെന്റിന്റെ ക്യാപ്റ്റനായിരുന്നു ലക്ഷ്മി.

തോടുകളും, കുളങ്ങളും, നിറഞ്ഞ ആനക്കര എന്ന ഗ്രാമവും, മാവും, പ്ലാവും, തേക്കു മരങ്ങളും നിറഞ്ഞ സർപ്പക്കാവും വടക്കത്തെ തറവാടും അവരുടെ ബാല്യകാല സ്മരണകളായി. പുതിയ കാലത്തെ നാലാം തലമുറ ആ മുത്തശ്ശിയെ വടക്കത്തെ മുത്തശ്ശിയെ ഓർമ്മിക്കുന്നു. പൊരുതുന്ന വനിത ചരിത്ര നായികയായി. പുളകങ്ങളോടെ.

■




# ഐശ്വര്യ സ്വയം സഹായ സംഘം

**മുക്കണ്ണിപറമ്പ്, പി.ഒ. കൊമ്മേരി, കോഴിക്കോട്**

വളയനാട് പ്രദേശത്ത് പകർച്ചപനി വ്യാപകമായിട്ടും മരണങ്ങൾ സംഭവിച്ചിട്ടും കോർപ്പറേഷൻ തൊഴിലാളികൾ വീടുകളിൽ കയറി മുൻകാലങ്ങളിൽ പോലെ കൊതുകിന് മരുന്ന്അടിക്കാതെവന്നപ്പോൾ സംഘം സ്വന്തമായി നിർമ്മിച്ച ആയുർവ്വേദ കൊതുകുനാശിനി ഉപയോഗിച്ച് കൊമ്മേരിപ്രദേശത്ത് 4 ആഴ്ച തുടർച്ചയായി വീടുകളിൽ കയറി കൊതുകിന്റെ കൂത്താടികൾ നശിപ്പിക്കുകയും ബോധവൽക്കരണ നോട്ടീസ്സ് ബ്ലീച്ചിംഗ് പൗഡർ എന്നിവ വീടുകളിൽ വിതരണം നടത്തുകയും ചെയ്തു. ഈ പരിപാടിയുടെ ഉൽഘാടനം 30–ാം വാർഡ് മുൻ കൗൺസിലർ കവിത അരുൺ. നിർവ്വഹിച്ചു. നാലാഴ്ച നീണ്ടുനിന്ന കൊതുകു നശീകരണവാരത്തിന്റെ സമാപന ചടങ്ങിൽ നിഷാന്ത് (സെക്രട്ടറി) സ്വാഗതവും പ്രസിഡണ്ട് ബാബുരാജൻ ചമ്പയിൽ അദ്ധ്യക്ഷത വഹിക്കുകയും ഉൽഘാടനം എ.സി.വി. വാർത്താഅവതാരക രാജശ്രീ ഉൽഘാടനം ചെയ്യുകയും ചെയ്തു. മുള്ളൻകുന്നത്ത് ബാബു ആശംസാപ്രസംഗം നടത്തി. ജോ.സെക്രട്ടറി വി.ജി. മോഹൻദാസ് നന്ദി പ്രകാശിപ്പിച്ചു. സമാപന പരിപാടിയിൽ പങ്കെടുത്ത 100ൽ അധികം പേർക്ക് തുണിസഞ്ചി, ബ്ലീച്ചിംഗ്പൗഡർ, സ്വദേശി ഫെനോയൽ, ജൈവ പച്ചക്കറി തൈകൾ എന്നിവ സൗജന്യമായി വിതരണം ചെയ്യുകയും, ബോധവൽക്കരണ ക്ലാസ്സും സംഘടിപ്പിച്ചു. സുചിത്തവും ആരോഗ്യവും എന്ന വിഷയത്തിൽ ബാബുരാജ് ചമ്പയിൽ ക്ളാസ്സെടുത്തു. 13 വർഷം പിന്നിട്ട സംഘം നിരന്തര പ്രവർത്തനങ്ങൾ നടത്തുന്നത് ആത്മാർത്ഥതയുള്ള 18 മെമ്പർമാരുടെ നിരന്തരപ്രവർത്തനത്തിന്റെ പരിശ്രമംകൊണ്ടുമാത്രമാണ്.






സുകുമാർ
കൂർക്കഞ്ചേരി

# രാജാരവിവർമ്മയും സി.എൻ.കരുണാകരനും

രാജാ രവിവർമ്മ





സി.എൻ. കരുണാകരൻ

**ചി**ത്രത്തെ ഉത്സവമായി കാണാനും ആഘോഷിക്കാനും നമ്മെ പഠിപ്പിച്ചത് രാജാരവിവർമ്മയാണെന്ന് ആരോ എഴുതിക്കണ്ടു. നിഴൽവെളിച്ചങ്ങളുടെ ക്രമീകരണവും സ്ഥലകാലങ്ങളുടെ അതിസമർത്ഥമായ അടയാളപ്പെടുത്തലും പുതിയൊരു ചിത്രരചനശൈലിക്കുതന്നെ തുടക്കമിടുകയുണ്ടായത്രെ.

ചിത്രമെഴുത്ത് വിദേശികളുടെ കലയാണെന്നു ധരിച്ചിരുന്ന കാലത്ത് തന്റെ ചിത്രങ്ങളിലൂടെ ആ ധാരണകൾ തിരുത്തിയ ഇന്ത്യൻ ചിത്രകലയിലെ രാജാവായിരുന്നു രാജാരവിവർമ്മ.

1848 ഏപ്രിൽ 29നാണ് കിളിമാനൂർ കൊട്ടാരത്തിൽ നീലകണ്ഠൻ ഭട്ടതിരിപ്പാടിന്റേയും ഉമാ അംബാഭായിത്തമ്പുരാട്ടിയുടേയും മകനായി രവിവർമ്മ ജനിച്ചത്. കുട്ടിക്കാലത്ത് മറ്റു പലരേയും പോലെ വീട്ടുചുമരുകളിലായിരുന്നു കുഞ്ഞുരവിവർമ്മയും ചിത്രം വരച്ചു പഠിച്ചത്. പിന്നീട് മാതാപിതാക്കളുടെ ആത്മാർത്ഥമായ പ്രോത്സാഹനമായിരുന്നു ലോകപ്രശസ്തനായ ചിത്രകാരനായി വളരാൻ ആ ബാലനെ തുണച്ചത്.

പാശ്ചാത്യവും പൗരസ്ത്യവുമായ കലാരീതികളെ സമന്വയിപ്പിച്ചുകൊണ്ടുള്ള ചിത്രമെഴുത്തായിരുന്നു രവിവർമ്മയുടേത്. പാശ്ചാത്യമായ റിയലിസ്റ്റിക് സമ്പ്രദായത്തിൽ അദ്ദേഹം വരച്ച ഛായാചിത്രങ്ങളും പുരാണകഥാപാത്രങ്ങളുടെ എണ്ണഛായാ ചിത്രങ്ങളും പരിവർത്തനത്തിന്റെ പുതിയ ഒരസ്വാദനതലം തന്നെ സൃഷ്ടിച്ചു. രവിവർമ്മ ചിത്രങ്ങളുടെ ഓയിലോഗ്രാഫ് പതിപ്പുകൾ ദരിദ്രസമ്പന്ന ഭേദമെന്യെ ഇന്നും നിരവധി ഗൃഹങ്ങളുടെ ഭിത്തികളെ അലങ്കരിക്കുന്നതും മറ്റൊരു കാരണംകൊണ്ടാവില്ല.

തികച്ചും ഒരു ജനകീയ കലാകാരനു ലഭിക്കുന്ന സ്നേഹാദരങ്ങളാണ് രാജാരവിവർമ്മയ്ക്ക് ലഭിച്ചു വരുന്നത്. അദ്ദേഹം ചായവും ബ്രഷും കയ്യിലെടുത്താൽ രേഖകളും വർണ്ണങ്ങളും യഥാതഥമായി ഒഴുകി വിസ്മയാവഹമായ കമനീയതയോടെ ക്യാൻവാസുകൾ നിറയുന്നതാണ് അനുഭവം.

ശൈലീലാളിത്യവും കേരളീയമായ സാംസ്ക്കാരികത്തനിമയും ഈ ചിത്രകാരന്റെ എടുത്തു പറയേണ്ട ഗുണങ്ങളത്രെ. ശകുന്തള, ജടായുവധം, ഹംസദമയന്തി, വിശ്വാമിത്രനും മേനകയും തുടങ്ങിയ രവിവർമ്മച്ചിത്രങ്ങൾ പ്രശസ്തമാണ്. രവിവർമ്മ എണ്ണച്ചായത്തിൽ വരച്ച ബെക്കിങ്ങ് ഹാം പ്രഭുവിന്റെ ചായാചിത്രം മദ്രാസ് ഗവൺമെന്റ് ആസ്ഥാനത്ത് സ്ഥാപിക്കാനിടവന്നതോടെയാണ് ചിത്രകാരന്റെ പ്രശസ്തി മേൽക്കുമേൽ വളരാൻ തുടങ്ങിയത്.

മാവേലിക്കര രാജകുടുംബത്തിലെ റാണിലക്ഷ്മീഭായ് തമ്പുരാട്ടിയുടെ സഹോദരി പൂരോരുട്ടാതി തിരുനാൾ തമ്പുരാട്ടിയായിരുന്നു രവിവർമ്മയുടെ പത്നി.

1906 ഒക്ടോബർ 2ന് ചിത്രകാരന്മാരിലെ ആ രാജാവ് യശഃശ്ശരീരനായി.

മലയാളിയായിരുന്നിട്ടും മലയാളത്തിനപ്പുറത്തേയ്ക്ക് സ്വന്തം യശോധാവള്യം പ്രസരിപ്പിച്ച രാജാരവിവർമ്മയുടെ നാമധേയത്തിലുള്ള 2009ലെ പുരസ്ക്കാരം ലഭിച്ചത് ചിത്രകാരനായ സി.എൻ. കരുണാകരനാണ്. പാശ്ചാത്യശൈലിയുടെ ചട്ടകൂടിനു പുറത്ത്കടന്ന് സ്വന്തമായ ചിത്രകലാഭാഷ രൂപപ്പെടുത്തിയ ആളാണ് സി,എൻ. കേരള ലളിതകലാ അക്കാദമിയുടെ ചെയർമാനായിരുന്ന അദ്ദേഹം ചലച്ചിത്ര കലാസംവിധായകനും പ്രശസ്ത

നായ രേഖാചിത്രകാരനുമായിരുന്നു.

കെ.ജി. സുബ്രഹ്മണ്യം, എം,വി. ദേവൻ, നമ്പൂതിരി, കാനായി കുഞ്ഞിരാമൻ, വി.എസ്. വലൃത്താൻ, എം.എഫ്. ഹുസൈൻ, ഗുലാം മുഹമ്മദ് അലി എന്നിവർക്കു ശേഷം സി.എൻ. കരുണാകരനും ചിത്രകലയിലെ ഇന്ത്യൻ കുലപതിയുടെ പേരിലുള്ള സംസ്ഥാന സർക്കാരിന്റെ പുരസ്ക്കാരം ലഭിച്ചു.

പുരസ്ക്കാര ജേതാവ് വിവരമറിഞ്ഞപ്പോൾ പ്രതികരിച്ചത് ഇങ്ങനെ. "എന്നെക്കാൾ പ്രായമായവരുണ്ട്; ; ചിത്രകലാരംഗത്ത് മികച്ച സംഭാവനകൾ മലയാളിയ്ക്കു സമ്മാനിച്ചവർ. പിന്നെ രവിവർമ്മ പുരസ്ക്കാരം വർഷത്തിൽ ഒന്നല്ലേയുള്ളു അതു ലഭിക്കാൻ താമസിച്ചു എന്ന പരാതിയില്ല. കിട്ടിയതിൽ സന്തോഷം. കാരണം പുരസ്ക്കാരങ്ങൾ പ്രചോദനങ്ങളാണല്ലോ".

ഭാരതീയ ചിത്രകലയിലെ ആധുനീകതാ പ്രസ്ഥാനത്തിന്റെ കാലത്ത് ചിത്രകലാരംഗത്തുവന്ന സി.എൻ. പാരമ്പര്യത്തിന്റേയും ആധുനികതയുടേയും ധാരണകളെ സമന്വയിപ്പിച്ച് സ്വന്തമായ കലാഭാഷ രൂപപ്പെടുത്തി.

"ഞാനൊരു ഭാരതീയനാണ്. ഭാരതീയ സംസ്ക്കാരത്തിന്റെ ഭാഗമായി ജീവിക്കുമ്പോൾ അതിന്റെ സ്വാധീനമുണ്ടാവുക സ്വാഭാവികമാണ്. നമുക്കൊരു സംസ്ക്കാരമുണ്ടാകുമ്പോൾ നാമെന്തിന് മറ്റു സംസ്ക്കാരങ്ങൾ തേടി പോകണം?".

സ്വന്തം ശൈലി സിദ്ധാന്തങ്ങൾക്ക് പിറകിൽ വ്യക്തമായ ഒരു കാഴ്ചപ്പാടുണ്ടെന്നറിയാൻ അദ്ദേഹത്തിന്റെ മേൽപ്പറഞ്ഞ പ്രസ്താവം മതി.

എവിടെയോ വായിച്ചതുപോലെ കാലത്തെ അതിജീവിക്കുന്ന വ്യാഖ്യാനങ്ങളുടെ ഭാഷയാണ് ചിത്രകല എന്നു പറയാം. വരമൊഴിയുടെ ആദിമരൂപമായി പരുക്കൻ ഭിത്തികളിൽ ആലേഖനം ചെയ്യപ്പെട്ടത് ചിത്രങ്ങളുടെ ഘടന ഉൾക്കൊള്ളുന്ന രൂപമായിരുന്നു. നൂറ്റാണ്ടുകൾക്കുശേഷവും ചിത്രകലയെ മുഖ്യമാധ്യമമായി സ്വീകരിച്ച് ആശയസംവേദനം നടത്തിക്കൊണ്ടിരുന്നു സി.എൻ. കരുണാകരൻ. ചിത്രകലയുടെ ഭാഷ സാർവ്വജനീനമാണെന്ന ഉറപ്പും അദ്ദേഹം തന്റെ ചിത്രങ്ങളിലൂടെ നൽകുന്നു.

കാലം 1980കൾ. ഏതോ സാഹിത്യമത്സരത്തിന് അയക്കാനായി ഞാനൊരു നോവൽ എഴുതി പൂർത്തിയാക്കുകയുണ്ടായി. മത്സരത്തിൽ സമ്മാനിതമായില്ലെങ്കിലും മലയാളത്തിലെ ഒരു പ്രമുഖ വാരിക നിവാസികൾ എന്ന പേരിൽ ആ നോവൽ ഖണ്ഡശ്ശ പ്രസിദ്ധികരിക്കുകയുണ്ടായി. ആയതിന് ഒരോ ലക്കത്തിലും എന്നെ വിസ്മയിപ്പിച്ചുകൊണ്ട് ചിത്രീകരണം നടത്തിയത് സി.എൻ. കരുണാകരനായിരുന്നു. കഥയിലെ രോഗാതുരനായ കുഞ്ഞാമൻ, കായബലമുള്ള ചെറുപ്പക്കാരൻ നീലാണ്ടൻ, സുന്ദരിയായ കാളിപ്പെണ്ണ് എന്നിവരൊക്കെ വരകളിലൂടെ പുനർജ്ജനിച്ചത് ഒരിക്കലും മറക്കാനാവില്ല. പിന്നീട് അതേ നോവൽ "ഉച്ചമേയുന്ന കുന്നുകൾ" എന്ന പേരിൽ നാഷണൽ ബുക്ക് സ്റ്റാളിലൂടെ പുസ്തകമായി പുറത്തുവരും മുമ്പ് അതിന്റെ കവർ ചിത്രം രൂപപ്പെടുത്തിക്കിട്ടാനായി ഒട്ടൊരു ആരാധനാഭാവത്തോടെ എർണാകുളത്ത് കലൂരിലുള്ള സ്ഥപതി ഗ്രാമത്തിൽ ചിത്രകാരനെത്തേടി ഞാൻ ചെല്ലുകയുണ്ടായി. അന്നദ്ദേഹത്തെ കണ്ടുമുട്ടാൻ കഴിഞ്ഞിരുന്നെങ്കിൽ ഒരുപക്ഷേ നോവലിസ്റ്റിനു തൃപ്തി ലഭിക്കും മട്ടിലൊരു പുറംചട്ട അദ്ദേഹത്തിന്റെ കൈകൊണ്ടു വരച്ചുകിട്ടിയേനെ.

ചിറകുള്ള ചിത്രങ്ങളാണ് ഒരു പക്ഷേ സി.എൻ. അധികവും വരച്ചുകൊണ്ടിരുന്നത്. അതദ്ദേഹത്തിന്റെ മാത്രം സവിശേഷതയായും തോന്നിയിരുന്നു. സിംഹത്തിന് ചിറക്, കുതിരയ്ക്ക് ചിറക്, മരത്തിനും മനുഷ്യനും ഭൂമിയ്ക്കും ചിറക്, വ്യാളി മുഖങ്ങളും പ്രാചീനമിത്തുകളുടെ പുനർവ്യാഖ്യാനങ്ങളും സി.എൻ. ചിത്രങ്ങളുടെ പ്രത്യേകതയാണെന്ന് ചിത്രകതയെക്കുറിച്ച് പഠിക്കാത്തൊരാൾക്കും പറയാനാകുന്നതാണ്.

സ്വന്തം സ്വപ്നങ്ങളെക്കുറിച്ച് മറയില്ലാതെ സി.എൻ. ഇങ്ങനെ പറയുന്നു.

"തമിഴ് കൃതിയായ ചില പ്പതിക്കാരത്തിന് ചിത്രഭാഷ്യമൊരുക്കണം. വളരെ മുമ്പേ മനസ്സിൽ തോന്നിയ മോഹമാണത്. കണ്ണകിയ്ക്കും കോവലനും എന്റെ രീതിയിൽ ഒരു സ്വതന്ത്രരൂപം. ഒരുപാട് ഇമേജുകളുണ്ട് ആ പുസ്കത്തിൽ. ആരുടേയെങ്കിലുമൊക്കെ സഹായം വേണം. പടമായി വരയ്ക്കാവുന്ന വിധത്തിൽ കഥ കേൾക്കണം".

പുതിയ തലമുറയൊക്കെ കൂടുതൽ അവസരങ്ങളാണ് അന്വേഷിക്കുന്നതെന്നാണ് ചിത്രകാരന്റെ അഭിപ്രായം. ഓപ്പർച്യൂണിറ്റിയുള്ള ഇടമെവിടെ എന്ന നിരന്തര അന്വേഷണത്തിലാണവർ. വളക്കൂറുള്ള മണ്ണിലേയ്ക്ക് കടന്നു ചെല്ലാനുള്ള ചങ്കൂറ്റവും ഇന്നത്തെ തലമുറയ്ക്കുണ്ടെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. അവരൊന്നും സ്വപ്നജീവികളല്ല-പ്രാക്ടിക്കൽ ആണ്. തലമുറയുടെ മാത്രമല്ല സമൂഹത്തിന്റെ മാറ്റം കൂടിയാണതെന്നും ചിത്രകാരൻ കരുതുന്നു.

രേഖാചിത്രരചന നടത്തുന്നവരൊന്നും ചിത്രകാരന്മാരായി പരിഗണിക്കപ്പെടരുതാത്തതാണെന്ന പി. സുരേന്ദ്രന്റേപ്രലപനത്തേയും അതിജീവിക്കുന്ന സി.എൻ. കരുണാകരന്റെ രചനാ വൈദഗ്ദ്ധ്യം ചിത്രകലയെ ഒന്നാകെത്തന്നെ ഒരു മഹോത്സവത്തിന്റെ തലത്തിലേയ്ക്കുയർത്തുവാൻ പര്യാപ്തമാണെന്ന കാര്യത്തിൽ സംശയമില്ല. ■

# ആവേശത്തിമർപ്പിൽ "അരങ്ങി"ന്റെ പ്രകാശനം






അരങ്ങാരവങ്ങളുടെ ആവേശം മനസ്സിലേന്തി നാടകപ്രവർത്തകർ ഒത്തു ചേർന്നു.തങ്ങൾ ചരിത്രത്തിന്റെ ഭാഗമാവുന്ന ശുഭമുഹൂർത്തത്തിൽ അവരും സാക്ഷിയായി. അരങ്ങിനായി തങ്ങൾ ചെയ്തതൊന്നും ഇനി ആർക്കും നിഷേധിക്കാനാവില്ലെന്ന് അസന്നിഗ്ദമായി അവർ പ്രഖ്യാപിച്ചു. ഒരു ജില്ലയിലെ മുഴുവൻ നാടകപ്രവർത്തകരും സമഗ്രമായി രേഖപ്പെടുത്തപ്പെട്ട അപൂർവ്വ സന്ദർഭമായി അത്.

ഡോ. കെ. ശ്രീകുമാർ രചിച്ച "അരങ്ങ് : 301 നാടക പ്രതിഭകളുടെ ജീവിത രേഖകൾ" എന്ന ബൃഹദ്ഗ്രന്ഥത്തിന്റെ പ്രകാശനച്ചടങ്ങാണ് ആഗസ്റ്റ് ആറിന് കെ.പി. കേശവമേനോൻ ഹാളിൽ നടന്നത. 212 നാടക പ്രവർത്തകരെ ഉൾപ്പെടുത്തിയ ആദ്യപ്പതിപ്പ് കഴിഞ്ഞ നവംബറിൽ ടൗൺഹാളിൽവെച്ച് എം.ടി. വാസുദേവൻ നായരാണ് പ്രകാശനം ചെയ്തത്. അതിനും പുറമേ എൺപത്തോമ്പത് കലാകാരന്മാരുടെ അഭാവങ്ങൾ കൂടി ചേർത്തതാണ് ആയിരത്തി അഞ്ഞൂറിലേറെ പുറങ്ങൾ വരുന്ന വിപുലീകരിച്ച പ്രത്യേക പതിപ്പ്.

എം.ടി, ഹരിഹരൻ, കെ. ആർ. മോഹൻദാസ്, ജയപ്രകാശ് കാര്യാൽ, സിവിക് ചന്ദ്രൻ, കെ.ടി. രവി, വി.കെ. പ്രഭാകരൻ, ഡോ. രാമചന്ദ്രൻ മൊകേരി, സുവീരൻ, രാജൻ തിരുവോത്ത്, മധുമാസ്റ്റർ, എം.വി. ആനന്ദ്, ടി.സുധാകരൻ, മാധവൻ കുന്നത്തറ, വിൽസൻ സാമുവൽ, മാമുക്കോയ, ബാബു പറശ്ശേരി, വിജയലക്മി ബാലൻ, മെറ്റിൽഡ, സാവിത്രി ശ്രീധരൻ, രത്നമ്മ മാധവൻ, വിലാസിനി തുടങ്ങി കലാകാരന്മാരുടെ ഒരു നീണ്ടനിരത്തന്നെ പുസ്കത്തിലുണ്ട്. ഹാർഡ് ബൗണ്ട്, ഫ്ളാപ്പ് കവർ, ഡീലക്സ് എഡീഷൻ ആയാണ് പുസ്കത്തിന്റെ രൂപകല്പന.

പ്രശസ്ത നാടക കൃത്ത് സി.എൽ. ജോസ്, നാടകകലാകാരി നിലമ്പൂർ ആയിഷയ്ക്ക് നൽകിയാണ് "അരങ്ങ്" പ്രകാശനം ചെയ്തത്. യ.എ. ഖാദർ അദ്ധ്യക്ഷനായിരുന്നു. സാഹിത്യ അക്കാദമി സെക്രട്ടറി ഡോ. കെ. പി. മോഹനൻ മുഖ്യ പ്രഭാഷണം നടത്തി. ഡോ. ആർ.വി.എം. സുധാകരൻ പുസ്തകം പരിചയപ്പെടുത്തി. രമേശ് കാവിൽ സ്വാഗതവും ടി. ഹരീഷ് നന്ദിയും പറഞ്ഞു. ഡോ. കെ ശ്രീകുമാർ രചിച്ച "അടുത്തബെൽ : മലയാള ഫ്രൊഫഷണൽ നാടകവേദിയുടെ മിടിപ്പുകൾ" ഡോ. പി.വി. കൃഷ്ണൻ നായർ കെ.ആർ. മോഹൻദാസിനു നൽകിയും "രാജാപ്പാർട്ട് : സെബാസ്റ്റ്യൻ കുഞ്ഞുകുഞ്ഞു ഭാഗവ



തരും ആദ്യകാല മലയാണ നാടക- ചലച്ചിത്രചരിത്രവും" വിൽസൻ സാമുവൽ വിജയലക്മി ബാലനു നൽകിയും പ്രകാശനം ചെയ്തു. തങ്കയം ശശികൂമാർ ചടങ്ങിന്റെ അവതരണം നടത്തി. ചടങ്ങിനു മുന്നോടിയായി നടന്ന നാടക സംവാദവും ശ്രദ്ധേയമായി. "അരങ്ങിന്റെ വർത്തമാനം" എന്ന വിഷയത്തിൽ മധുമാസ്റ്റർ, കരിവെള്ളൂർ മുരളി, വി.കെ. പ്രഭാകരൻ, രാജൻ തിരുവോത്ത്, കെ.കെ. പുരുഷോത്തമൻ, ഐ.ജി. മിനി തുടങ്ങിയവർ സംസാരിച്ചു. എ. രത്നാകരൻ മോഡറേറ്ററായി.

"അരങ്ങ്" പ്രത്യേക വിലക്കിഴിവോടെ മുതലകുളത്തെ ടൂറിങ്ങ് ബുക് സ്റ്റാളിലും (ടി.ബി.എസ്.), സ്റ്റേഡിയം ബിൽഡിംങ്ങിലെ "ബുക്ക് കഫേ"യിലും ലഭിക്കും. ഡോകടർ. കെ. ശ്രീകുമാറിന്റെ : ഫോൺ : 9544246473

**നക്ഷത്രരാജ്യം മാസിക മാനേജ്മെന്റ് "മാസിക"**
**നേരിട്ട് സപ്ലൈ ചെയ്യുന്ന കോഴിക്കോട് സിറ്റി,**
**കൊയിലാടി, മഞ്ചേരിയിലെ പ്രധാനപ്പെട്ട കടകൾ**

**ശാസ്താസ്**
(Near K.S.R.C Stand)
സിറ്റി ടവറിന് എതിർവശം
മാവൂർറോഡ്
കോഴിക്കോട്

**ഹരീഷ്കുമാർ പി**
കലാകൗമുദി, ആകാശ് ബുക്ക്സ്,
കന്യാപരമേശ്വരി ടെമ്പിളിന് എതിർവശം
തളി റോഡ്, കാലിക്കറ്റ് - 2

**കോളിറ്റി സ്റ്റേഷനറി**
7/940, കോർട്ട് റോഡ്
രാം റെയിൽവേ ഗേറ്റിന് സമീപം
കോഴിക്കട്- 673 001
ഫോൺ: 2721358

**കെ. ആർ. ബ്രദേഴ്സ്**
എസ്. എം. സ്ട്രീറ്റ്
കോഴിക്കോട് - 673 001
ഫോൺ : 2720565

**അളകാപുരി സ്റ്റേഷനറി,**
കോഴിക്കോട്
പാളയം

**മലബാർ സ്റ്റേഷനറി,**
മിംസ് ആശുപത്രിക്ക് എതിർവശം
കോഴിക്കോട്

**ലക്ഷ്മി ബുക്ക്സ്**
ന്യൂ ബസ്സ് സ്റ്റാന്റ്
കൊയിലാടി
ഫോൺ ; 9846544326

**നെല്ലിക്കുത്ത് ബുക്ക് സ്റ്റാൾ,**
പുതിയ ബസ്സ് സ്റ്റാന്റിനടുത്ത്,
(മഞ്ചേരി)

**ശ്രീദേവി ബുക്ക് സ്റ്റാൾ,**
കോടതിക്കടുത്ത്, (മഞ്ചേരി)
**തിരൂരങ്ങാടി ബുക്ക് സ്റ്റാൾ,** പുതിയ ബസ്സ് സ്റ്റാന്റ്,
(മഞ്ചേരി)


**കരിമ്പ് ജ്യൂസ്കട**
പഴയ ബസ്സ് സ്റ്റാന്റ്, (മഞ്ചേരി)

**യൂണിക്ക് ബുക്ക് സ്റ്റാൾ,**
കോടതിക്കടുത്ത്, (മഞ്ചേരി)
**ബേക്കറി** ശ്രീകൃഷ്ണ തിയേറ്റർ ഗെയ്റ്റ്,
(മഞ്ചേരി)

**അപെക്സ് ബുക്ക് സ്റ്റാൾ,**
ബസ്സ് സ്റ്റാന്റ്, (രാമനാട്ടുകര)

**അക്ഷര ബുക്ക്സ്** (രാമനാട്ടുകര)
**എം. കെ. ബുക്ക്സ്** (രാമനാട്ടുകര)
**ബുക്ക് ലാന്റ്** , (രാമനാട്ടുകര
**കുട്ടിയാപ്പു സ്റ്റേഷനറി,** (രാമനാട്ടുകര)
**മലയാളി ഫാൻസി,** ഫറോക്ക്
**ചന്ദ്രൻ സ്റ്റേഷനറി,** ഫറോക്ക്
**രാജൻ സ്റ്റേഷനറി,** (പൊയിൽകാവ്)
**കോയ സ്റ്റേഷനറി,** പൂക്കാട്
**ഇ. എൻ. ജി. സ്റ്റോർ, സ്റ്റേഷനറി,** പന്തീരാങ്കാവ്

ലേഖനം



# മഴകുറവ്

വിനോദ്കുമാർ ദാമോദർ

## കാലാവസ്ഥ വ്യതിയാനത്തിന്റെ പ്രത്യക്ഷ ലക്ഷണങ്ങളോ?



കേരളത്തിൽ ഇപ്പോൾ കർക്കിടക മാസത്തിൽ പോലും മഴയ്ക്കു വേണ്ടി കാത്തിരിയ്ക്കേണ്ട അവസ്ഥയുണ്ടാകുമ്പോൾ ഒരു മരുഭൂമി സംസ്ഥാനമായ രാജസ്ഥാനിൽ മൂന്നു ദിവസംപെയ്ത മഴ ഈ മാസത്തിൽ സംസ്ഥാനത്ത് വെള്ളപൊക്കത്തിലെത്തിച്ചുവെന്നത് കാലാവസ്ഥ വ്യതിയാനത്തിന്റെ ലക്ഷണങ്ങൾ തെളിയിക്കുന്നതാണ് യെന്നാണ് വിദഗ്ദരുടെ അഭിപ്രായം.

രാജസ്ഥാനിലെ മൗണ്ട് അബുവിൽ ഇതേസമയത്ത് ചുരുങ്ങിയ മഴമാത്രം ലഭിയ്ക്കാറുള്ളപ്പോൾ ഈ വർഷം, ഇരുപത്തിനാലു മണിക്കൂറിനുള്ളിൽ 770 മില്ലിമീറ്റർ മഴ ലഭിച്ചുവെന്നത് നൂറ് വർഷത്തിനു ശേഷം സംഭവിക്കുന്ന മഹാഅത്ഭുതമാണന്നാണ് വിദഗ്ദർ അഭിപ്രായപ്പെടുന്നത്.

2005ൽ മുബെയ്യ് മഹാനഗരത്തെ സ്തംഭിപ്പിയ്ക്കുന്ന തരത്തിൽ പെയ്ത സർവ്വകാല റിക്കർഡ് മഴയ്ക്കടുത്ത് വരുന്ന ഈ തരത്തിലുള്ള മഴ ഒരു മരുഭൂമി സംസ്ഥാനത്ത് പെയ്തപ്പോൾ കേരളം പോലുള്ള സംസ്ഥാനം വളരെ ആശങ്കപ്പെടേണ്ടതുണ്ടെന്നാണ് കാലാവസ്ഥവ്യതിയാന പഠനരംഗത്തുള്ളവർ പറയുന്നത്.

കേരളത്തിൽ സാധാരണത്തേക്കാൾ ശരാശരി മഴപെയ്യുമെന്ന്പ്രവചിച്ച കാലാവസ്ഥപ്രവചന വിഭാഗം ഇപ്പോൾ നിശബ്ദരയിരിക്കേ രാജസ്ഥാനിലെ ഈ സ്ഥിതിയിലുള്ള കാലാവസ്ഥ പ്രവചനാതീധീതമാണെന്ന് സമ്മതിയ്ക്കുന്നു.

2015ൽ ചെന്നൈയിൽ പെയ്ത മഴയുടെ അടുത്തെത്തുന്ന ഈ മഴയുടെ അളവ് കേരളത്തെ തികച്ചും ആശങ്കപ്പെടുത്തുന്നവയാണ്.

രാജസ്ഥാനിലെ സമുദ്രനിരപ്പിൽനിന്നും 4000 അടി ഉയരത്തിൽ സ്ഥിതിചെയ്യുന്ന മൗണ്ട് അബുവിൽ പെയ്ത ഈ മഴയെപറ്റി വ്യക്തമായ പഠനം നടത്തുവാനുള്ള നീക്കത്തിലാണ് കാലാവസ്ഥ നിരീക്ഷണ വിഭാഗം.

ഇന്ത്യയിൽ നല്ല മഴ പെയ്തിരുന്ന പല സംസ്ഥാനങ്ങളിലും വൻരീതിയിൽ മഴ കുറഞ്ഞതും ചൂടുവർദ്ധിക്കുന്നതുമായ സാഹചര്യത്തിലാണ് ഈ ഒരു പ്രതിഭാസം കണ്ടത്.

കഴിഞ്ഞ മുപ്പതുവർഷത്തിനിടെ 59,000 കർഷകരാണ് കാലാവസ്ഥ വ്യതിയാനത്തിന്റെ ഫലമായി ആത്മഹത്യ ചെയ്തത്.

നമ്മുടെ നഗര പ്രദേശങ്ങളിലാണ് പൊതുവേ വൻരീതിയിലുള്ള മഴകുറവ് അനുഭവപ്പെടുന്നത്. നാട്ടിൻ പ്രദേശങ്ങളിൽ മഴ ലഭി



ക്കുന്നുണ്ടെങ്കിലും കൃഷിയാവശ്യത്തിന് മഴയുടെ തോത് തികയുന്നില്ല എന്നതും ഗ്രാമപ്രദേശങ്ങളിലെ കർഷക ആത്നഹത്യയ്ക്ക് ഒരു പ്രധാന കാരണമാണ്.

വനം ജില്ലകൾ എന്നറിയപ്പെടുന്ന വയനാട്, ഇടുക്കി എന്നിവടങ്ങളിൽ വൻ മഴകുറവ് കുറച്ചു വർഷങ്ങളായി അനുഭവപ്പെടുന്നുണ്ട്.



വയനാട്ടിൽ ബാക്കിയുള്ള കാടുകൾക്ക് തീപ്പിടിക്കാൻ ഒരു പരിധിവരെ ഈ മഴകുറവ് കാരണമുള്ള ചൂട് വഴിതെളിയിക്കന്നു. മാത്രവുമല്ല വർഷം മുഴുവൻ മഴ പെയ്തിരുന്ന ലക്കിടി തുടങ്ങിയ ഇടങ്ങളിൽ വൻരീതിയിൽ ഉയർന്നുവന്ന കെട്ടിടങ്ങളും റിസോർട്ടുകളും ആസ്സാമിലെ ചിണാപുഞ്ചി കഴിഞ്ഞാൽ ഏറ്റവുമധികം മഴ ലഭിച്ചിരുന്ന ഈ പ്രദേശത്ത് ഇന്ന് വൻ ചൂടനുഭവപ്പെടുന്ന സ്ഥിതി ഉളവാക്കി.

അതുപോലെ തന്നെ മറ്റൊരു വനം ജില്ലയായ ഇടുക്കിയിൽ വൈദ്യുതി ഉല്പാദനത്തിന് പോലും ജലം കിട്ടാത്ത അവസ്ഥയിലെത്തിച്ചു.

ഇതൊക്കെത്തന്നെ വികസനത്തിന്റെഭാഗമെന്നു പറയുമ്പോഴും കേരളം പോലുള്ള സംസ്ഥാനം മരുഭൂമികരണത്തിലേയ്ക്ക് നീങ്ങുവാൻ ഒരുങ്ങുന്ന പ്രക്രിയകളാണ് നടക്കുന്നതെന്ന് പറയുവാതിരിയ്ക്കാൻ വയ്യ.

നമ്മുടെ നഗരപ്രദേശങ്ങളിൽ നടക്കുന്ന വൻരീതിയിലുള്ള വാഹനപ്പെരുപ്പവും തണൽമരം മുറിയും നല്ലൊരു നിലയിൽ കാലാവസ്ഥ വ്യതിയാനത്തിന് കൂട്ടുനിൽക്കുന്നു. വികസനാവശ്യത്തിന് മരം മുറിയ്ക്കുമ്പോഴും അതിനു ബദലായി തൈനെട്ടു മരമാക്കണമെന്ന നിയമം നിലവിലുണ്ടെങ്കിൽ കൂടി ഇവയെല്ലാംത്തന്നെ കാറ്റിൽ പറത്തിയാണിന്ന് മുന്നോട്ടുപോകുന്നത്. പൊതുവേ ചൂടനുഭവപ്പെടുന്ന ചെന്നൈ പോലുള്ള നഗരത്തിൽ 2015ലെ വെള്ളപ്പൊക്ക



ത്തിൽ ആയിരകണക്കിന് മരങ്ങൾ വേരറ്റുവീണത് കാരണം വൻ ചൂടാണിന്ന് അനുഭവപ്പെടുന്നതെന്ന വസ്തുത ദിവസങ്ങൾ കഴിയുമ്പോഴേയ്ക്കും വരാവരന്ന കാലാവസ്ഥ വ്യത്യാനത്തിന്റെ ചില ഉദാഹരണങ്ങൾ മാത്രം. ■



സാം തോമസ് എഴുതിയ പുസ്തകം“മനസ്സാണ് മനുഷ്യൻ” പ്രകാശനം ചെയ്തു ഡോ. എം. എം. ബഷീർ പ്രസംഗിക്കുന്നു. ഫാ. ജോൺ മണ്ണാറത്തറ, ഫാ. തോമസ് തെക്കേൽ, ഡോ. കെ ശ്രീകുമാർ, ഫാ. ചെറിയാൻ കുനിയന്തോടത്ത്, കെ.എഫ്. ജോർജ്ജ്, സാം തോമസ് എന്നിവർ വേദിയിൽ.



**ഹൃദ്യ ഇ.പി.**

**2015 16 റോളര്സ്ക്കേറ്റിംഗ് നാഷണൽ പാർട്ടിസപന്റ് (പൂന) സ്റ്റേറ്റ് വിന്നർ**

ഓം നമശിവായ

ദിനേശ് കെ.ടി Mob : 9946309061

**നീലഗിരി പൂജാ സ്റ്റോർ**

**ദേരാബസാർ**

തളിറോഡ്, കോഴിക്കോട് - 2 ഫോൺ: 0495 2702176

എല്ലാ പൂജാസാധനങ്ങളും ഇവിടെ കിട്ടും

ന്യൂകാലിക്കറ്റ് ഓട്ടോ മൊബൈൽ
വർക്ക് ഷോപ്പ്

മൂരിയാട് റോഡ്, പുതിയപാലം, കോഴിക്കോട്

കാർ സ്പ്രേപെയിന്റിങ്ങ്, ബോഡി വർക്സ്,
എഞ്ചിനീയറിംഗ് വർക്ക്സ്
ഫോൺ: മണി 9846386998

**വിനായക**

**വെജിറ്റേറിയൻ റെസ്റ്റോറന്റ് & കൂൾബാർ**

ശ്രീ വളയനാട് ക്ഷേത്രം കിഴക്കേനട,
കോഴിക്കോട്
ഫോൺ: പപ്പൻ - 9400741434

**Sree Lakshmi Enterprises**

24/1410-D,Thalikulangara,Mankave,
Calicut - 673 007, Ph :Off : 9847140046
Mob: Ramesh 9847005566

Dealers in
Johnson & Johnson, PEDI GREE (Dog & Cat Food)

**MANAMKULAM TIMBERS**

Chalappuram P.O., Calicut 673 002, Kerala

Whole Sale And Retail Dealer of All Types of Timber logs & Sizes, Nilotika Sizes Available

Ph: Abdul Nazer - 9847010745
Mohemed Faizel - 9847133878

**P.V. ENTERPRISES**

**DEALERS IN ELECTRICAL & PLUMBING MATERIALS**

17/1894/A6, Abba Arcade,
East Kottaparamba,
G.H. Road, Kozhikode - 1
Ph : 0495 4025101, 3042762, 9387338100

**India's No - 1**
**AKHAYA WATER PROOFING**

29/ 851, Kottooli, Mavoor Road, Kozhikode - 673016
Mob : P.P. Pradeep - 9447312616, 9037940457
Email : aakshayawaterproof@gmail.com

ചോർച്ചയിൽ നിന്നും എന്നന്നേക്കും മോചനം
ഗ്യാരണ്ടിയോടുകൂടി ചെയ്തുകൊടുക്കുന്നു.

**GLAMOUR**
**GENTS WEAR**

Naluparambil Complex, Mankave, Calicut - 7
9847756569

Pants, Jeans, Shirt, T-Shirts etc...

**CRAFT "N" STYLE**
Wood Designers
Manalody Compound, Mankave, Calicut - 7

**CRAFT "N" STYLE**
Tool Grinding Centere, Kallai Road, Calicut - 3
Mob: A.K. AJAYAN
Email: ajayanwok06@gmail.com 9526368402, 9539691872

**Highness Cool**

Refrigeration & Air Conditioning

Near Post Office, Mankave, Calicut - 7
(Service for A/C, Fridge
Washig Machine, Spray Painting etc.)
Mob : 9349810003

**MANAMKULAM ENTERPRISES**

Chalappuram P.O., Calicut 673 002, Kerala
Ph: Off : 2302884, Res:2301916, Mohammed Ashraf : 9847755130

WHOLE SALE DEALER OF ANCHOR PLYWOOD
Dealers: Plywoods, Laminated Sheets, Black Boards, Aluminium Items, Hardware, Timbers etc...

രുചികരമായ ഭക്ഷണ പദാർത്ഥങ്ങൾക്ക്

**ടി.പി. ടീ സ്റ്റാൾ**

കുറ്റിയിൽതാഴം,
കോഴിക്കോട്

മനോജ് 9847915793

# നക്ഷത്രരാജ്യം ഇ.രാധാകൃഷ്ണൻ

**നാടകരംഗത്തും കലാരംഗത്തും സാഹിത്യരംഗത്തും മാഗസിൻ പബ്ലിഷിംങ്ങ് രംഗത്തും പ്രവർത്തിക്കുന്ന ശ്രീ നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ എന്ന കലാസാഹിത്യ പ്രതിഭയെ "കോഴിക്കോടൻ നാടക വേദിയിലെ പ്രശസ്തരായ 301 നാടക പ്രതിഭകളുടെ" ജീവിതരേഖകളായി "അരങ്ങ്"എന്ന തന്റെ 1519 പേജുകളുള്ള പുസ്തകത്തിൽകൂടി നാടകാസ്വാദക സമക്ഷത്തിങ്കലും പൊതുജന സമക്ഷത്തിങ്കലും സമർപ്പിച്ച പ്രശസ്തനായ പത്രപ്രവർത്തകനും സാഹിത്യകാരനുമായ ഡോക്ടർ ശ്രീകുമാറിന് എന്റേയും കലാസാഹിത്യ നാടക ആസ്വാദകരുടേയും അഭിനന്ദനങ്ങൾ**

**സി.എൽ. ജോസ്**

കാൽനൂറ്റാണ്ടുകാലമായി അരങ്ങിലും സാഹിത്യരചനയിലും മനസ്സുറപ്പിച്ചകലാകാരനാണ് ഇ. രാധാകൃഷ്ണൻ. നാടകരചയിതാവിന്റേയും ഗാനരചയിതാവിന്റേയും സംവിധായകന്റേയും ചെറുകഥാകൃത്തിന്റേയും നോവൽ രചയിതാവിന്റേയും നക്ഷത്രരാജ്യം മാസിക ലേഖകന്റേയും മാനേജിംഗ് എഡിറ്ററുടേയും പബ്ലിഷറുടേയം കുപ്പായമണിഞ്ഞ ഈ കലാകാരൻ നാടകഅരങ്ങിനെ ഏറെകുറെ ഡിജിറ്റലാക്കി കാണികൾക്കുമുന്നിൽ അവതരിപ്പിച്ചാണ് വ്യത്യസ്ഥനാവുന്നത്.നാടകങ്ങളും റേഡിയോ നാടകങ്ങളും സിനിമ തിരകഥകളും രചിച്ച് പുസ്തക രൂപത്തിൽ പ്രസിദ്ധികരിക്കുന്നതിലും അദ്ദേഹം മികവുകാട്ടി.

## അരങ്ങിന്റെ ഡിജിറ്റൽ കാലം

നാടകകൃത്തും ഗാനരചയിതാവും സംവിധായകനുമായി പതിറ്റാണ്ടുകൾ കോഴിക്കോടൻ നാടകവേദിയിൽ സജീവമായ ഇ.രാധാകൃഷ്ണൻ അറിയപ്പെടുന്നത് "നക്ഷത്രരാജ്യം ഇ.രാധാകൃഷ്ണൻ "എന്ന പേരിലാണ്. പരേതനായ ബാലന്റേയും യശോദയുടേയും മകനായി 1964ൽ കോഴിക്കോട് ജില്ലയിലെ കൊമ്മേരിയിലാണ് അദ്ദേഹത്തിന്റെ ജനനം. ബാബുവും ഗീതയും രത്നകുമാരിയും സഹോദരങ്ങളാണ്. സാമൂതിരി ഹൈസ്ക്കൂളിൽ പത്താംതരം. തിരുവനന്തപുരത്തെ രാജാകേശവദാസ് എൻ.എസ്.എസ് ഹൈസ്ക്കൂൾ കേശവദാസപുരത്തു നിന്നു പത്താംതരം വിജയം. പിന്നീട് കേരള യൂണിവേഴ്സിറ്റിയുടെ പ്രീഡിഗ്രിക്കു ചേർന്നെങ്കിലും ആദ്യ

വർഷം കൊണ്ട് പഠനം അവസാനിപ്പിക്കേണ്ടിവന്നു. നല്ലൊരു അത്‌ലറ്റുകൂടിയായ അദ്ദേഹം ഓൾ ഇന്ത്യാ അത്‌ലറ്റിക്ക്സ് മീറ്റിൽ പങ്കെടുത്തിട്ടുണ്ട്. ഈവന്റ് മാറിയില്ലായിരുന്നെങ്കിൽ 1500 മീറ്ററിൽ കേരളത്തിൽനിന്നൊരു നാഷണൽ വിന്നർ. നാടകത്തോടുംമറ്റുകലാരൂപങ്ങളോടും ചെറുപ്പത്തിൽത്തന്നെ താല്പര്യം ജനിച്ചു. കൊമ്മേരിയിലും പരിസരങ്ങളിലും കളിച്ച കലാസമിതി നാടകങ്ങൾ ഒന്നൊഴിയാതെ കണ്ടുതീർത്തു. സ്ക്കൂൾ നാടകങ്ങളിൽ അണിയറയിൽ സഹകരിച്ചു.

കൊമ്മേരിയിലെ "ലുമുംബ കലാവേദി"അക്കാലത്ത് സജീവമായ കലാപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്നു. പി.എ. വേണുഗോപാൽ, പി.രാമദാസ്, വി.ശ്രീധരൻ നായർ, എം.ഉണ്ണികൃഷ്ണൻ, എം.ബാലകൃഷ്ണൻ, പി.വി.പോൾരാജ്, സാവിത്രി ഗോവിന്ദപുരം, ശേഖരൻ മാങ്കാവ് തുടങ്ങിയവർ കലാവേദിയുടെ നാടകങ്ങളിൽ വേഷമിട്ടു. അക്കാലത്ത് കലാസമിതി അവതരിപ്പിച്ച സി.എൽ.ജോസിന്റെ "അഗ്നിവലയം" തുടങ്ങിയ നാടകങ്ങളിൽ പ്രോംപ്റ്ററായാണ് രാധാകൃഷ്ണൻ സഹകരിച്ചത്.

നാടകതാല്പര്യം ക്രമേണ നാടക രചനയിലേക്ക് വഴിതെളിച്ചു. നിരവധി നാടകങ്ങൾ കണ്ടതിന്റേയും വായിച്ചതിന്റേയും അനുഭവംവെച്ച് രാധാകൃഷ്ണൻ ആദ്യപ്രൊഫഷനൽ നാടകമെഴുതി. "അഗ്നിചിറകുള്ള തുമ്പികൾ" ആയിരുന്നു അത്. "വൈറ്റ് ലൈൻ ഓറിയൻ ആർട്സ് ആന്റ് ലിറ്ററേച്ചർ ക്രിയേഷൻസ് -വളയനാട് " എന്ന സ്വന്തം സമിതിക്കുവേണ്ടിയാണ് ആ നാടകം രചിച്ചത്. നാടകം സംവിധാനം ചെയ്തതും അതിനു വേണ്ടി ഗാനങ്ങളെഴുതിയതും രാധാകൃഷ്ണൻ തന്നെ. ഒരു ഗ്രാമീണ യുവതിക്ക് എസ്റ്റേറ്റ് മുതലാളിയുടെ മകനോട് പ്രേമം തോന്നുന്നതും അവർ തമ്മിൽ പ്രേമബദ്ധരാകുന്നതും ആ ബന്ധത്തിൽ നിന്ന് മകനെ അകറ്റാനായി മുതലാളി അവളെ വെടിവെക്കുന്നത് ഉന്നംതെറ്റി മകനു കൊള്ളുന്നതും മകൻ മരിക്കുന്നതും തോക്കു പിടിച്ചുവാങ്ങി കാമുകി മുതലാളിയെ വെടിവെച്ചുകൊല്ലുന്നതുമൊക്കെയാണ് നാടകത്തിന്റെ ഇതിവൃത്തം. ആദ്യനാടകത്തെത്തുടർന്ന് സ്വന്തം നാടകസമിതിക്കും സ്ക്കൂൾ കലോത്സവങ്ങൾക്കും മറ്റുമായി അദ്ദേഹം ചെറുതും വലുതുമായ നിരവധി നാടകങ്ങൾ രചിച്ചു.

ഭൂമിഗീതം, അമ്പല്ലൂർ വാഴിക്കോട്ട, അഗ്നിചിറകുള്ള തുമ്പികൾ, പേടമാൻ പാടുന്ന കാട്, കുബേരവൃത്തം തുടങ്ങിയവയാണ് രാധാകൃഷ്ണൻ രചിച്ച നാടകങ്ങളിൽ പ്രശസ്തമായവ. ഇവയടക്കം രാധാകൃഷ്ണൻ രചിച്ച നാടകങ്ങളിൽ ഭൂരിഭാഗവും സാമൂഹിക നാടകങ്ങൾ തന്നെ. ആദ്യമെല്ലാം മറ്റു സമിതികൾക്കായാണ് അദ്ദേഹം നാടകമെഴുത്തു തുടങ്ങിയതെങ്കിലും പിന്നീട് നാടകാവതരണം സ്വയം ഏറ്റെടുത്തു. നാടകാവതരണത്തിനായി 1989ൽ സ്വന്തമായി ഒരുസമിതിയും തുടങ്ങി. "വളയനാട് ആർട്സ് നക്ഷത്രരാജ്യം സോങ്സ് ആന്റ് ലിറ്ററേച്ചർ ക്രിയേഷൻസ് " എന്നാണ് വളയനാട് കേന്ദ്രമായി തുടങ്ങിയ ആ സമിതിക്ക്









പേരിട്ടത്."അഗ്നിചിറകുള്ള തുമ്പി"കളുടെ പുനരവതരണമാണ് സമിതി ആദ്യം നിർവ്വഹിച്ചത്. പിന്നീട് രാധാകൃഷ്ണന്റെ മറ്റു നാടകങ്ങളും ഒന്നൊന്നായി അരങ്ങിലെത്തിച്ചു. ഇനിയും രാധാകൃഷ്ണൻ രചന നിർവ്വഹിച്ച നൂറിലധികം നാടകങ്ങളും റേഡിയോ നാടകങ്ങളും സിനിമ തിരകഥകളും വെളിച്ചം കാണാതെ ഉറുമ്പരിച്ചും ചിതലരിച്ചും ഫയലുകളിൽ വിശ്രമിക്കുന്നുമുണ്ട്.

സാധാരണ പ്രേക്ഷകരെ മുന്നിൽകണ്ടുകൊണ്ടുള്ള നാടകങ്ങളാണ് അദ്ദേഹം എഴുതുകയും അവതരിപ്പിക്കുകയും ചെയ്തത്. ആധുനിക സങ്കേതങ്ങളോ ദുരൂഹതയോ അവയിൽ തൊട്ടുതെറിച്ചിട്ടില്ല.നേരെ ചൊവ്വേ കഥ പറഞ്ഞുപോവുക എന്നരീതിയോടാണ് പഥ്യം. നാടകത്തിന്റെ അണിയറയിൽ ഏതാണ്ടെല്ലാ രംഗങ്ങളിലും കൈയ് വെച്ചിട്ടുണ്ടെങ്കിലും നാടകാഭിനയത്തോട് രാധാകൃഷ്ണൻ താല്പര്യം കാട്ടിയില്ല. എന്നാൽ, ഒരേഒരു നാടകത്തിൽ വളരെമുമ്പ് അദ്ദേഹം മെയ്ക്കപ്പിട്ട് അരങ്ങിലെത്തിയിട്ടുണ്ട്. മഹിളാ ഫെഡറേഷന്റെ സംസ്ഥാന സമ്മേളനനഗരിയിൽ "കോഴിക്കോട് ദേശാഭിമാനി ബാലസംഘ" ത്തിനു വേണ്ടി അരങ്ങേറിയ നാടകത്തിലാണത്. പതിനഞ്ചാം വയസ്സിൽ കളിച്ച ആ നാടകത്തിന്റെ പേരോ സംവിധായകന്റെ പേരോ മാത്രമാണ് ഇപ്പോൾ ഓർമ്മയിലുള്ളത്. വിന്റർ വിശ്വനാഥിന്റെ സംവിധാനത്തിൽ "മത്സ്യാവതാരം" നാടകത്തിൽ നമ്പൂതിരിയുടെ റോളായിരുന്നു അദ്ദേഹത്തിന്. പി.ടി. ഉമാദേവി, കോനോത്ത് വിജയൻ, ശ്രീനിവാസൻ തുടങ്ങിയ ബാലസംഘം പ്രവർത്തകർ നാടകത്തിൽ അഭിനയിച്ചു. കെവി. ഉണ്ണി, എം. സത്യബാലൻ, എം. ബാലകൃഷ്ണൻ, പി.രാമദാസ്, പി.ടി. കുട്ടിരാമൻ, വി.ശ്രീധരൻ നായർ, പി.വി. പോൾരാജ് തുടങ്ങിയവർ ബാലസംഘം അവതരിപ്പിക്കുന്ന നാടകത്തിന്റെ മുഖ്യസഹകാരികളായിരുന്നു. സഭാകമ്പത്തോടെയാണ് അരങ്ങിലെത്തിയതെങ്കിലും ഏറ്റവും നല്ല നിലയിൽ കഥാപാത്രത്തെ അവതിപ്പിക്കാൻ അദ്ദേഹത്തിനായി. എങ്കിലും അഭിനയം തന്റെ തട്ടകമല്ലെന്ന് തിരിച്ചറിഞ്ഞ അദ്ദേഹം ക്രമേണ അണിയറയിലേക്കൊതുങ്ങുകയായിരുന്നു.

റേഡിയോ നാടകരംഗവും രാധാകൃഷ്ണന് താല്പര്യമുള്ള മേഖലയാണ്. ഇതുവരെ അദ്ദേഹം ഇരുപതോളം റേഡിയോ നാടകങ്ങൾ രചിച്ചിട്ടുണ്ട്. ശാന്തിപർവ്വം, ശ്യാമമേഘങ്ങൾ, കടൽ തുടങ്ങിയവ അവയിൽ ശ്രദ്ധേയമാണ്. അവഎഴുതിയതല്ലാതെ ഒന്നിൽപ്പോലും അദ്ദേഹം ശബ്ദം കൊടുത്തിട്ടില്ല. സ്വന്തം റേഡിയോ നാടകങ്ങൾ സമാഹരിച്ച് പുസ്തക രൂപത്തിൽ പുറത്തിറക്കാനുള്ള പുസ്തക പ്രസാധകരെ കണ്ടെത്താനുള്ള ശ്രമത്തിലാണ് അദ്ദേഹമിപ്പോൾ.

കുട്ടികളുടെ നാടകരംഗത്തും അദ്ദേഹം ശ്രദ്ധപതിപ്പിച്ചു. ആഴ്ചവട്ടം ഹൈസ്ക്കൂൾ, പറയഞ്ചേരി ഹയർസെക്കൻഡറി സ്ക്കൂൾ തുടങ്ങിയ വിദ്യാലയങ്ങൾക്കു വേണ്ടി അദ്ദേഹം കലോത്സവനാടകങ്ങൾ രചിച്ചു. സബ്ജില്ല ജില്ല തല മത്സരങ്ങളിൽ അവ അര




















ങ്ങേറി. പ്രൊഫഷണൽ സമിതികൾക്കുവേണ്ടി ഇതുവരെ നാടകരചനക്ക് അവസരമുണ്ടായിട്ടില്ല. അതിനായി ശ്രമിക്കുന്ന സമയംകൊണ്ട് നാടകങ്ങളെഴുതി സ്വന്തം സമിതി അവതരിപ്പിക്കുകയാണ് നല്ലതെന്നു വിശദീകരിക്കുന്നു, അദ്ദേഹം. പ്രൊഫഷണൽ നാടകത്തിനു യോജിക്കുന്ന ചേരുവകളെല്ലാം തന്റെ നാടകങ്ങളിലുണ്ടെന്നും അദ്ദേഹം അവകാശപ്പെടുന്നു.“അയിഷ”,“മനസ്സൊരു സങ്കീർത്തനം” എന്നീ നാടകങ്ങൾ ഉദാഹരണമാണ്.

ഹാസ്യ നാടകരചനയും തനിക്കിണങ്ങുമെന്ന് അദ്ദേഹം തെളിയിച്ചു. തന്റെ പ്രസിദ്ധികരണത്തിലൂടെ 1990ൽ വെളിച്ചം കണ്ട “കുബേരവൃത്തം” ഇതിന് അടിവരയിടുന്നു. റസിഡൻസ് അസോസിയേഷൻ വാർഷികങ്ങൾക്കും സ്ക്കൂൾ കലോത്സവങ്ങൾക്കും അവതരിപ്പിക്കാൻ യോഗ്യമായ നാടകമെന്ന വിശേഷണത്തോടെ “നക്ഷത്രരാജ്യം” മാസികയിൽ പുനഃപ്രസിദ്ധികരിക്കുക കൂടിചെയ്ത ആ നാടകത്തിൽ തുപ്രൻ നമ്പൂതിരി, കൃഷ്ണൻ, ഭട്ടതിരി, ഹാജിയാർ പരമുണ്ണി എന്നിങ്ങനെ അഞ്ചു കഥാപാത്രങ്ങളാണുള്ളത്. സ്ത്രീകഥാപാത്രങ്ങളില്ലാത്തതിനാൽ ഇതിന്റെ അവതരണം എളുപ്പമാണെന്ന് അദ്ദേഹം പറയുന്നു. അടിമുടി ഹാസ്യരസം നിറഞ്ഞ ചെറുനാടകങ്ങൾ ഇതിനുമുമ്പും അദ്ദേഹം രചിച്ചിട്ടുണ്ട്.എന്നാൽ ഏകാംഗ നാടകരചന തനിയ്ക്ക് വഴങ്ങുന്നതായി അദ്ദേഹത്തിനു തോന്നിയിട്ടില്ല.


നാടകാവതരണത്തിൽ കൊണ്ടുവന്ന പുതുമയാണ് രാധാകൃഷ്ണനെ വ്യത്യസ്ഥനാക്കുന്നത്. നാടകങ്ങൾ ഡിജിറ്റൽ ആയി റെക്കോഡുചെയ്ത് കാണികൾക്കു മുന്നിലെത്തിക്കുക എന്നതാണത്. സിനിമകാണുന്ന അനുഭവം കാണികളിൽഉണ്ടാക്കുകയെന്നതാണ്ഇതിന്റെ ലക്ഷ്യം. സ്റ്റുഡിയോയിൽ നാടകസംഭാഷണവും ഗാനങ്ങളും പശ്ചാത്തല സംഗീതവുമെല്ലാം റെക്കോർഡുചെയ്യും. ശബ്ദ-പ്രകാശവിന്യാസത്തിന്റെ അപാരസാധ്യതകൾ പരമാവധി ചൂഷണം ചെയ്തുകൊണ്ടാവും നാടകാവതരണം. ഭൂമിഗീതം, അഗ്നിചിറകുള്ള തുമ്പികൾ, പേടമാൻ പാടുന്ന കാട്, അമ്പല്ലൂർ വാഴിക്കോട്ട എന്നീ നാടകങ്ങൾ അദ്ദേഹം ഇതുപോലെ അവതരിപ്പിച്ചു കഴിഞ്ഞു. ഈ നാടകങ്ങളിലെഗാന രംഗങ്ങൾ കോർത്തിണക്കിയുള്ള ഡിജിറ്റൽ അവതരണം 2015ൽ കോഴിക്കോട് ടൗൺഹാളിൽ നടക്കുകയുണ്ടായി. ഈ നാടകാവതരണരീതിക്ക് നല്ല പ്രതികരണമാണ്കാണികളിൽനിന്നു ലഭിക്കുന്നത്. നാടകാവതരണച്ചിലവ് താരതമേന്യ ഉയർന്നു നിൽക്കുമെന്നുമാത്രം. നാടകങ്ങൾ സ്റ്റേജിൽ അവതരിപ്പിക്കുമ്പോൾത്തന്നെ അതു വീഡിയോ ഷൂട്ട് ചെയ്ത് സി.ഡി.യാക്കി വിറ്റഴിച്ചാണ് ഈ നഷ്ടം അദ്ദേഹം നികത്തുന്നത്.

സിനിമ പിന്നണിഗായകൻ സുനിൽകുമാറും ഉണ്ണിമോൾ കുന്ദമംഗലവുമടക്കമുള്ള ഗായകർ പാടിയ ഗാനങ്ങൾ സംഗീത സംവിധായകനും ഗായകനുമായ ജയൻ കോഴിക്കോടും, ഹാരിസ് സുഫിയുമാണ് ചിട്ടപ്പെടുത്തുന്നത്.







കോഴിക്കോട്ടെ പ്രമുഖരായ നാടകകലാകാരന്മാരെല്ലാം തന്നെ രാധാകൃഷ്ണന്റെ നാടകങ്ങൾക്ക് ശബ്ദം കൊടുത്തും അഭിയയിച്ചും സഹകരിച്ചവരാണ്. അനീഷ് നാട്യാലയ, ബാബുജി കുന്ദമംഗലം, പി.വി. അനിൽകുമാർ, എൻ.എം.ശശി, സി.കെ.ആർ.തലക്കുളത്തൂർ, സുധർമ്മൻ വെങ്ങളം, സത്യൻ സാഗര, ബാലകൃഷ്ണൻ പടിക്കപ്പുറത്ത്, എം.എ.നാസർ, പ്രമീള അനീഷ് നാട്യാലയ, റീന, ജയശ്രീ പന്തീരാങ്കാവ്, ഇന്ദിര, പ്രമീള, ചന്ദ്രിക. ശൈലജ മണ്ണൂർ എന്നിങ്ങനെ ആ കലാകാരന്മാരുടെ നിര നീളുന്നു. നാടകരംഗത്ത് അണിയറയിൽ പ്രവർത്തിക്കുന്നവരിൽ പി.സി.ബി.രാജ് പാറോപ്പടി, ഹർഷൻ, എം.പി.പി.രാജ് മലാപ്പറമ്പ്, ജനാർദ്ദനൻ ചെത്തുകടവ് തുടങ്ങിയ പ്രശസ്തരും രാധാകൃഷ്ണനുമായി സഹകരിച്ചു അദ്ദേഹത്തിന്റെ സമിതിയിൽപ്രവർത്തിച്ചുകൊണ്ടിരുന്നു.

സിനിമമോഹം മൂലം തിരകഥകളും രചിച്ചിട്ടുണ്ട്, രാധാകൃഷ്ണൻ. മോഹപ്പക്ഷികൾ കൂടുകൂട്ടുന്ന ഈറൻ സന്ധ്യ, ചെമ്മരുത്തി, താളംതെറ്റിയവർ. കടൽ, നിറങ്ങൾ തുടങ്ങി പതിനഞ്ചിലേറെ തിരകഥകൾ രചിച്ചെങ്കിലും ദൗർഭാഗ്യവശാൽഅവയൊന്നും സിനിമാരൂപം പൂണ്ടില്ല. ചെറുകഥകൾ, നോവലറ്റുകൾ, ലേഖനങ്ങൾ, എഡിറ്റോറിയലുകൾ, സിനിമ നിരൂപണങ്ങൾ എന്നിവയും പ്രസിദ്ധികരിച്ചിട്ടുണ്ട്. 2008 ഒക്ടോബറിൽ കലാസാംസ്കാരിക ഉള്ളടക്കങ്ങൾക്ക് പ്രാധാന്യം നൽകി അദ്ദേഹം "നക്ഷത്രരാജ്യം" മെന്ന ആനുകാലിക പ്രസിദ്ധികരണം തുടങ്ങി. ഇന്നും മുടങ്ങാതെപുറത്തിറങ്ങുന്ന"നക്ഷത്രരാജ്യം" ത്തിന്റെ പ്രിന്ററും പബ്ലിഷറും മാനേജിംഗ് എഡിറ്ററുമൊക്കെ രാധാകൃഷ്ണൻ തന്നെ. സാഹസികമായ ഒരു ഏകപാത്ര പ്രതിഭാസംഗമം പോലെ!

രാധാകൃഷ്ണന്റെ മൂന്നു നാടകങ്ങൾ പുസ്തകരൂപത്തിൽ പുറത്തിറക്കിയിട്ടുണ്ട്. കലാകാരന്മാരുടെ ദേശീയ സംഘടനയായ നന്മയുടെ സിറ്റി യൂണിറ്റ് ഔദ്യോഗിക ഭാരവാഹിയും, കെ.ടി.മുഹമ്മദ് നാടക പഠന ഗവേഷണ കേന്ദ്രം ഡയരക്ടറുമാണ്. നാടകത്തിലൂടേയും ആനുകാലിക പ്രസിദ്ധീകരണപ്രവർത്തനത്തിലൂടേയുംസിനിമാ

















പ്രവർത്തനത്തിലൂടേയും കേരളംമുഴുക്കെ സുപ്രസിദ്ധി നേടാനുള്ള തിരക്കിനിടയിൽ വിവാഹംപോലും മറന്നു ഈ കലാസ്നേഹി. നഷ്ടങ്ങൾ ഏറെയുണ്ടായെങ്കിലും കലാരംഗം തരുന്ന വലിയ സംതൃപ്തിയാണ് തന്നെ ഈ രംഗത്തു പിടിച്ചു നിൽക്കാൻ പ്രേരിപ്പിക്കുന്നതെന്ന് അദ്ദേഹം പറയുന്നു.

കവിത

## അക്ഷരദീപങ്ങൾ

മുണ്ട്യാടി ദാമോദരൻ



എങ്ങുപോയ് ദിവ്യാക്ഷരങ്ങൾ മനുഷ്യന്റെ
അംഗഭംഗം വന്ന മോഹഭംഗങ്ങളിൽ
കെട്ടുപോയ്പോകുന്ന
മുന്നോട്ടു നീങ്ങലിൽ
ഇല്ലേവെളിച്ചം തെളിയ്ക്കുവാനെന്നുടെ-
യെന്നും കരുത്തായ ജീവിത സ്പന്ദമാം
നിത്യനിദാന പ്രകാശവർണ്ണങ്ങളാ-
മക്ഷരങ്ങൾ!
ഇല്ലയെന്നാവില്ല നിശ്ചയം
എന്നെത്തെളിച്ചു മുന്നേറ്റുന്ന
അത്യസാധാരണം
ശ്വസനം കണക്കിനെക്കൂട്ടായതെന്റെ-
നിന്റേയും - നിങ്ങളിലോരോരുവന്റേയും
അത്താണിയും കൈത്താങ്ങുമായ്

നിമിഷംതോറുമെങ്ങളെ
തിന്നുവാനും കുടിപ്പിച്ചിടുവാനും
നടന്നീടുവാനും നിന്നു-
പോകാതിരിയ്ക്കുവാനും കൂടെ
നില്ക്കുന്നതെന്നുംമീയക്ഷരങ്ങൾ!
അവയ്ക്കാവതില്ലാതാവുമെങ്ങനെ
കൈപിടിച്ചിന്നിയും മുന്നോട്ടുപോകുവാൻ
ത്രസിക്കുന്ന ജീവാഭിലാഷങ്ങൾ
പിച്ചവെപ്പിച്ചതാം ജീവതാളങ്ങളെ
കൈവിട്ടുപോകാതെ കാത്തരുളീടും
എന്നക്ഷര ജ്യോതിസ്സുകൾ
ഞാനതിൽ വിശ്വസി-
ച്ചിന്നിയും നീങ്ങുന്നുപിന്നേയും

English Story

# WORK



C.K.Raghavan


China is now the second largest economy in the world. This nation has also been one of the most advanced nations in the field of science and technology. We understand that in the present world China stands high at 3rd slot in terms of military might, behind USA and Russia.

There is a grain and pulse transportion company at Beeking city, which conducts it's operations, in and around that city by men and machines. This establishment is now owned by Chung, a man aged 40. During college days Chung had never dreamed of a business career but wished to be a science teacher after study. The untimely death of father compelled him to take charge of father's business firm. This prevented him from completing his college study.

For storing grains and pulses in large quanties there are a number of ware houses opereting under this firm across Beeking city.

Choi is a worker at this transport company. He is also getting on for 40.

The approved standard weight of each grain bag is 50kg. But Chung would try to enhance the weight of each rice or wheat bag more and more sometimes even upto 100 kg, especially durig the time when temporary labourers at work. On several occasions such workers even had been persuaded to continue in their works for more time than their stipulated time without receiving any extra payment. These types of wrong doings of Chung irritated Choi. On many times Choi had questioned Chung over his trouble making attitude towards workers. Even there were some rows between Choi and Chung. Since Choi is perminent worker, with out any serious offence to mention against him,





**Yes Key Electricals & Engineering Works**
Puthiyapalam, Calicut
Repair of: Motor Rewinding, Welding Set, Step-Up, Battery Charges, Mixie, Fan, Cikreema Rectifiers etc

കൂടാതെ എല്ലാവിധ
ഇലട്രിക്ക് ഉപകരണങ്ങളും
റിപ്പയർ ചെയ്തുകൊടുക്കുന്നു.

NB: വെൽഡിംഗ് മെഷീൻ
വാടകയ്ക്ക് കൊടുക്കുന്നതാണ്.

K.P. Sunil Kumar Mob: 9847390950
Ph: 0495-2702073, Resi: 9048594525

**HASBI**
**TOURS & TRAVELS**



Meenchanda
Areekad
Calicut-27

Mob: SAHIR
9895 999 1000
9349 666 1000



**FRIENDS**
SPRAY PAINTING WORKS





Malaparamba, Kozhikode - 673007
Mob: 9495411642

**ADARSH BOOKS**
PUBLISHERS & DISTRIBUTORS
Sengupta Public Library
Opp. Govt. H.S.S. For Girls,
Parayancheri, Calicut-16
Mob:9747 449860, 9497 170849







All Kinds of School, College Books,
Guides and Statinery Material


കവിത

# അമ്മയും കുഞ്ഞും

നാരായണൻ കണയങ്കോട്

കാലമേറെയായ് കാത്തുസൂക്ഷിച്ചപ്രതീക്ഷതൻ
പൂമൊട്ടു വിടർന്നതിൽ സുഗന്ധം ചൊരിയുംപോൽ
ഒറ്റനാളിലായ് രണ്ടു ജനനം നടന്നപ്പോൾ
ഹൃത്തടം ആഹ്ലാദത്തിൽ നൃത്തവേദിയായ് മാറി
പൊൻകുഞ്ഞു പിറ, ന്നതേ നിമിഷത്തിൽ തന്നെയാ-
ണമ്മയുംപിറക്കുന്നു വെന്നതാം പരമാർത്ഥം
പ്രസവിക്കുന്നതിൻ മുമ്പവർ സാധാരണ-
സ്ത്രീമാത്ര, മെന്നലൊരു പ്രസവം നടന്നപ്പോൾ
കുഞ്ഞിനോടൊപ്പംതന്നെ അമ്മയും ജനിക്കുന്നു

Chung is not able to impose any punishment action upon Choi. As a result Chung is keeping a personal grudge against Choi. Actually Chung has been waiting for agood chance to come to teach Choi a lesson. Choi is a short man only 5 Ft : in height.

` Many anthropologists are in a view that about one lakh years ago, humans were longer than now. When Humans started agricultural works, they had to keep their bodies at vertical position daily for longtime. As a result of this their bodies started to decrease in height. But of late this trend has been seen reversing.

There is a small Island named Van near by the mouth of a big river in a suburb of Beeking city. One of Chung's ware houses is situated on one bank of this river. In this Island there are about 10,000 families live now. The road distance between this ware house and Island is 3 km, while the stright distance is only 200m. There is a bridge across the river between the main land and the Island on the 3km road. There is no other bridge over the river exept this one connecting mainland and Van Island. The existing bridge is more than 100 yearsold. Since it is a summer season water level in the river is very low, only 3 Ft and water current is almost nil.

Today is December 31st. Being a festival day tomorrow Chung's business firm is experiencing huge demands from various quarters including much from Van Island also for supplying grains and pulses. During the evening at 6' o clock Chung heard the news that the bridge on the road to Van Island has been somehow badly damaged. So the athorities have stopped all the vehicular and peoples movements on the bridge for a one month time, since it would take that much time to get the bridge repaired. This news came as a blow to Chung. Without wasting any time he tried to get a boat on rent to cross the river to carry goods to Van Island. But there was not such a boat available immidiately. More over he had accurately calculated that there would not be any finacial gain to benefit him by arranging a boat instead of some labourers being engaged.

Even if he went into bed early, he is not able to fall into sleep. At about midnight he succeeded in evolving a plan to transport goods to Van Island including an evil design to be imposed upon Choi as revenge. In the morning he contacted a young man named Hong, who had come at his office last day seeking a head-load worker job. He is of more than 7 Ft height. Most workers in this firm are now of 5 Ft to 5.5 Ft heights. As the water level in the river is 3 Ft, for a person with 5 Ft or 5.5 Ft of height, it will be very dufficult to wade across the river, while a 7 Ft fellow can wade much easily. So Chung instructed Hong to attend the company office at 8' o clock in the morning itself. Chung discussed about his plan in detail with Dong, who is one of Chung's trusted supervisors and directed him to execute his plan properly in every respect.


The work carrying grain bags to Van Island started at 9 am. The persons engaged in this endeavour are Choi, Hong, Dong, Fang and Kong. Fang brings the grain bag with the help of Kong from the ware house, to the brink of the river, where Choi is standing, and places the bag on Choi's head with the help of Dong. Hong is wading across the river and reaches near Choi. Then Hong takes the grain bag from the head of Choi, with the help of Dong, and puts it on his own head- Hong slowly fords the river with the grain bag. Then he arrives at the Island. He lays the bag on ground. Now the grain bag has been reached Van Island from Chung's ware -house, covering a distance of 200m. The time to bring a grain bag from ware house to Choi, covering a distance of 100 m on land, is seen only less than the half of time needs for fording 100 m. This means at most times there will be a grain bag on Choi's head.

Supervisor Dong had clearly told Choi before commencing the work. "Your duty is to keep one grain bag on your head". " Fang would bring the grain bag from ware house and put on your head".

# ATHIRA AUTOMOBILES

**MECHANICAL, WATER SERVICE & SPRAY PAINTING**

Thiruvannur- Odummbra Kadave Road



Kozhikode




Mob: 9447296117

# ROYAL SOFA WORKS & REPAIR

**Parambil Bazar(Main Road),Gulf Bazar, Kozhikode**

**Mob: Satheesh Kumar 9048966942, 8129854325**



ഇന്ത്യൻ, വിദേശ നിർമ്മിതം സോഫകൾ
സൈറ്റിൽ വന്നു റിപ്പയർ ചെയ്തു കൊടക്കപ്പെടു
സോഫ കവർ സ്റ്റിച്ചിങ്ങ്ചെയ്തു കൊടുക്കപ്പെടു



# M.R
# BAKERY & SWEETS



സ്വാദിഷ്ടമായ
മധുരപലഹാരങ്ങൾ,
മിക്ചർ, ബനാനചിപ്സ്
മിതമായ നിരക്കിൽ

**PUTHIYAPALAM ROAD, CALICUT - 2**

**Fresh Snacks & Sweets**







# GLAMOUR GENTS WEAR

**Whole Sale & Retail**

**Mankave**
**Calicut - 7**
**MOB: 9847756569**
**8891901404**



**PANTS, JEANS, SHIRT. T.SHIRTS etc ....**

"No movement from you with a grain bag on your head is expected". Choi had obeyed Dong's words all the time during this special endeavour. This work continued for one month time. On February 1st the trafic on the road to Van Island has been brought back after the completion of the repair work of the bridge.

Today is 1 st February and the salary day. The clerk engaged in distributing salary informed Choi that there is a cut on his salary for the month of January. That is, this month Choi is going to get only half of the regular salary. He also told Choi that no reason has been furnished on that action. Choi is seen worried over this incident so much now. Immidiatly he approached Chung who was there in the office at that time. Choi asked "sir, why you did a cut on my salary?". Even if Choi showed an angry face, Chung was very calm. He responded "I made it lawfully". "Also I have informed labour officer about your issue in detail". " If I am wrong labour officer will direct me to correct my action". "There is no use by an argument between us". "Please go to labour office:. Now the labour office is functioning at a walking distance from there. Present labour officer is a young man named Wang, a physics graduate, and a new recruit to the department. He is such a person who insists that his every dicision should be based on rules of modern science. Choi reached labour office during lunch time. Labour officer was there at that time. Choi entered Wang"s room. Wang offered a seat in front of him to Choi. Choi seated on the chair. Then he handed over his written complaint to Wang. After carefully reading the letter Wang started to give him reply. " I have already got an E-mail letter from Chung with details about your salary issue. Chung claimed that, inthe last month you had been entrusted with only a duty that was bearing a grain bag of weight 30 kg on your head, without affecting any movement to the bag, continually for about 8 hours daily." Wang stopped and asked. "Is Chung's this claim is true?".

"Yes sir", "That claim is true". Choi replied. Then keeping a silence for some moments Wang again started his elucidation. " Choi, according the prevailing science rules, work done is equal to the weight into the displacement of the weight. In your case, as there is no displacement had been affected to the bag on your head, in terms science laws you have not done any work.

Wang paused for a while. Choi is seen amazed and disappointed on hearing wangs words. Wang continued. " any way Chung is giving you half of your monthly salary. Pleace receive that. I am not able to give an order in favour of you over this issue as Chung's decision had been based on modern science rules." Choi left the place. Some days later he had met with labour commissioner, but there was no use by that. He expressed his helplessness and sympathy with Choi. Now Choi is completely exhausted with only one wish as balance: "Had been there, a law permiting peaceful agitations, against this type of injustice, and free media in our land". Nowadays most of us know that if a weight (Load) is placed on our body, Our body needs to exert exactly equal force to the weight in opposite direction as long as the weight remains there. Otherwise the weight will fall on ground. So it is very high time that, this type of actions also treated as work in modern science, to avoid exploitations of this sort. ■



**കാവ്യശ്രീ ഇ. പി**
റോളർ സ്ക്കേറ്റിംഗ 2014 - 15 സ്റ്റേറ്റ് വിന്നർ, നാഷണൽ പാർട്ടിസിപ്പന്റ് (മുംബൈ - വിരാട്) - 2016 - 17 സ്ക്കൂൾ ഹോക്കിസ്റ്റേറ്റ് റണ്ണർ അപ്, സ്റ്റേറ്റ് ടീം അംഗം.
- 2016 - 17 റോളർ സ്ക്കേറ്റിംഗ് സ്റ്റേറ്റ് വിന്നർ, നാഷണൽ പാർട്ടിസിപ്പന്റ്(ബാംഗ്ളൂർ)

കവിത

# പ്രതിധ്വനി



എ.പ്രശാന്ത്കുമാർ

പെയ്തു നിറഞ്ഞു പുഴകളും പാടവും
പൊയ്കയും ധരണിതൻ ഹൃദ്തടവും
നീലക്കുട നീർത്തി കാത്തിരിക്കുന്നൊരാ
ഹരിതാഭ കാലമേ എങ്ങുപോയ് നീ
പിച്ച നടക്കാൻ പഠിപ്പിച്ചു കാലവും
പാർക്കുവാനേകി പറുദീസയും
ധിഷണവും ഇരുകാലി രൂപമേകി
ജന്മത്തിലെന്നെ നീ ശ്രേഷ്ഠനാക്കി
പാത്രമറിയാതെ നല്കിയ ഭിക്ഷയായ്
പെറ്റു പെരുകി വളർന്നു ഞാനായ്
പീലി നിവർത്താൻ മറന്നു മയൂരവും
പാടാൻ മറന്നു പോയ് കോകിലവും
കാറ്റേറ്റു വിരിയുന്ന പൂക്കളും മാഞ്ഞുപോയ്
പാടേ ചിരിക്കാൻ മറന്നു പോയി
വിരലൊന്നമർത്തിയാൽ സർവ്വ വിനാശമേ-
ന്നലറി വിളിപ്പൂ ഗർവ്വിനാൽ ഞാൻ
അവനിയനങ്ങിയാലവനവനില്ലെന്ന്
അറിയുവാനാകാത്ത പാഴ് വിത്തുപോൽ
ഗതിമാറി വന്നു ഋതുക്കളോരാന്നായ്
ഗതകാല ക്രൗര്യം വിളിച്ചോതുവാൻ
ഗതികെട്ട നേരത്തും ചെവി തല കേൾക്കാതെ
നിയതിയിൽ ഞാനെന്റെ കൊമ്പു കോർത്തു
മറക്കുവാനേറെയെളുപ്പമാണെങ്കിലും
മുറിപ്പാടു മായ്ക്കാൻ കഴിഞ്ഞീടുമോ?
തമ്മിലടിച്ചു മരിക്കുവാൻ വെമ്പുന്ന
തന്നിഷ്ഠ വർഗ്ഗമാണെന്റെ ജാതി
ഇന്നിന്റെ സൗഖ്യം ശാശ്വതമെന്നോർത്ത്
അമ്മയെ കൊന്നു ഞാൻ വീമ്പുകാട്ടി
കാടില്ല മരമില്ല പുഴയില്ല മലയില്ല
വിഷമഞ്ഞു മൂടിയ ചിന്തമാത്രം
ഇല്ലിനിയൊന്നുമേ ബാക്കിയുണ്ടാകില്ല
നല്ലൊരു നാളിൻ കിനാവു പോലും
എല്ലാം നശിപ്പിച്ച് നാറാണക്കല്ലെടു-
ത്തെന്റെ ശവത്തിൻ നെറുകിൽ വെക്കെ
ഏതോ തെന്നലെൻ നെറുകിൽ തലോടി
യെന്നമ്മതൻ അന്ത്യോപദേശമേകി
ഇരുളിൽ കിടന്നു നീ നീറിയുരുകുമ്പോൾ
കാതിൽ പ്രതിധ്വനി മാത്രമാകും
അന്നുനീയോർക്കുക ചെയ്തൊരാപാപങ്ങൾ
എന്തിനായ് ചെയ്തതെന്നോർത്തീടുക
പെയ്തു നിറഞ്ഞു പുഴകളും പാടവും
പൊയ്കയും ധരണിതൻ ഹൃദ്തടവും
നീലക്കുട നീർത്തി കാത്തിരിക്കുന്നൊരാ
ഹരിതാഭ കാലമേ എങ്ങുപോയ് നീ

കവിത




# ഓണം




എം.കെ വീന്ദ്രൻ വൈദ്യർ
കൊടാപ്പള്ളി

വന്നല്ലോ പിന്നേയും
നാടുണർത്താൻ,
പൊന്നിൻ പ്രതീക്ഷയുമായൊരോണം-
ഗ്രാമഗ്രാമങ്ങളിൽ വിളവെടുപ്പിൻ
അലയൊലി പൊങ്ങുന്നോരന്തരീക്ഷം
കേരള മങ്കയ്ക്കു ഭാവി പൂത്തു
പുത്തൻ പ്രതീക്ഷകൾ നാമ്പെടുത്തു.
ജാതി മതങ്ങളോ
നീചവിചാരമോ
മാമേലി നാട്ടില-
കന്നു പോകാൻ,
വന്നല്ലോ ചിന്തകൾ
നാടുണർത്താൻ,
പൊന്നിൻ പ്രതീക്ഷയുമായൊരോണം
ഗതകാല ചിന്തകൾ ഒഴുകിവരുന്നൊരു-
പുതിയ യുഗത്തിന്റെ കാഹളമായ്!
ഇനിയുമുദിച്ചു
കുതിയ്ക്കെന്റെ നാടേ!
അഗതികൾക്കാകേ
പ്രതീക്ഷയുമായ്
സുപ്രഭാതത്തിന്റെ
സുസ്മിത ചിന്തകൾ
തളിരിട്ടുപൂക്കട്ടെ,
പൂക്കളത്തിൽ



**എല്ലാവിധ ഇൻഡസ്ട്രിയൽ ജോലികൾക്കും സമീപിക്കുക**



# ശാരദ

## ഇൻഡസ്ട്രിയൽസ്





**കാളൂർറോഡ് , മാങ്കാവ്**

കോഴിക്കോട് - 673 007

Mob: 9846412070

# PHOENIX ARTS

**C. RATNAKARAN**
**KALOOR ROAD**
**CALICUT - 673 007**
**MOB: 8129802214**





**ചികിത്സക്കും ആയുർവ്വേദ ഔഷധങ്ങൾക്കും**

## KODAPPALLY AYURVEDA PHARMACY




**29/1552 A2, KOTTOOLI CENTERI**



**KOZHIKODE - 16**

Mob : 9747868041



**Agency : KACOPS, KOTTOOLI**

**എം. കെ. രവീന്ദ്രൻ വൈദ്യർ കൊടാപ്പള്ളി**

## സി.എം.എസ്. ഗ്ലാസ്സ്, പ്ലൈവുഡ് & ഫർണീച്ചർ

**അർപ്പണ സെന്റർ, കോവൂർ, കോഴിക്കോട്**

**ഫോൺ: 0495 2353022, സി.എം. സുന്ദരൻ - 9388412430**
















ഗ്ലാസ്സ്, പ്ലൈവുഡ്, ഫർണീച്ചർ, ഫൈബർ ഡോർ,
ഹാർഡ് വേർ, കിച്ചൻ ക്യാബിനറ്റ്, *അക്വേറിയം,*
*ഗ്ലാസ്സ് ബെന്റിങ്ങ്, കളറിംഗ്, ബവലിംഗ്, എച്ചിംങ് വർക്സ്*

**സി.എം.എസ്. ഗ്ലാസ്സ്, പ്ലൈവുഡ് & ഫർണീച്ചർ പൊറ്റമ്മൽ, ഫോൺ : 3299956**

# സ്പെല്ലിംഗ് മിസ്റ്റേക്ക്

(ഡിറ്റക്ടീവ് ചെറുകഥ)



രത്നാകരൻ ചെറുവത്ത്

ബംഗ്ലാവിന്റെ ഗയിറ്റ് കടന്ന് പോലീസ് ജീപ്പ് മുറ്റത്ത് നിർത്തി ഇൻസ്പെക്ടർ സുരേന്ദ്രനാഥ് ജീപ്പിൽ നിന്നും ഇറങ്ങി.

പിൻസീറ്റിലിരുന്ന ഹെഡ്കോൺസ്റ്റബിൾ കമാലുദ്ദീനും രണ്ടു കോൺസ്റ്റബിൾമാരും താഴെയിറങ്ങി.

പരിസരം നിറയെ ജനങ്ങൾ തിങ്ങിനിറഞ്ഞിരിക്കുന്നു.

കൂട്ടം കൂടി നിൽക്കുന്ന ജനങ്ങളോട് ദൂരേയ്ക്ക്മാറാൻ ഇൻസ്പെക്ടർ ആജ്ഞാപിച്ചു. കുറച്ചുസമയം അയാൾ രണ്ടു ശവശരീരത്തേയും ശ്രദ്ധിച്ചു. പിന്നീട് പരിസരവും ബംഗ്ലാവും നന്നായി പരിശോധിച്ചു.

ഒരു സ്ത്രീയും ഒരു പുരുഷനുമാണ് കൊലചെയ്യപ്പെട്ടിരിക്കുന്നത്.

യുവതിയുടെ നെഞ്ചിൽ വെടിയേറ്റ് രക്തം നന്നായി ഒഴുകിയിട്ടുണ്ട്.

യുവതി നല്ല സുന്ദരിയും കുലീനയുമാണെന്ന് കണ്ടാലറിയാം. അവളുടെ അഴിഞ്ഞമുടിക്കെട്ടിൽ രക്തം കട്ടപിടിച്ചിട്ടുണ്ട്. മഞ്ഞ നിറത്തിലുള്ള സാരിയും ബ്ലൗസുമാണ് വേഷം. നല്ല കട്ടിയിൽ തീർത്ത നാലു വളകളും രത്നംപതിച്ച നെക്ലേസ്സും, റാഡോ വാച്ചും അവളൊരു നല്ല സമ്പന്ന കുടുംബാംഗമാണെന്ന് തിരിച്ചറിയാം. കാലിൽ ഇട്ടിരുന്ന വുഡ്ലാന്റ് ചെരിപ്പ് ദൂരെ തെറിച്ചു കിടക്കുന്നു. വാനിറ്റി ബാഗ് കുറച്ചകലെയായി പുൽത്തട്ടിയിൽ കിടക്കുന്നു. പുരുഷൻ കിടന്നിരുന്ന ഭാഗത്ത് നിന്നും ഒരെട്ടടി ദൂരെ ഇടതുവശം ചെരിഞ്ഞിട്ടാണ് യുവതിയുടെ കിടപ്പ്! അവളുടെ വലത് കൈ തൊട്ടടുത്ത് കിടന്നിരുന്ന ചൈനാറോസ് പൂച്ചട്ടിയിൽ വിശ്രമിച്ചിരുന്നു. ഒരു വോൾവറിന്റെ കാഞ്ചിയിൽ ചൂണ്ടുവിരൽ അമർത്തിപിടിച്ചാണ് അവളുടെ കിടപ്പിന്റെ രീതി. കണ്ണുകൾ മുന്നിൽ വീണുകിടക്കുന്ന പുരുഷന്റെ നേരെയാണ് ഉറച്ചിരുന്നത്!

നല്ല ആരോഗ്യവും സുന്ദരനുമായ യുവാവിന് ഒരു മുപ്പത് വയസ്സ് തോന്നിയ്ക്കും. വെള്ള ഷർട്ടും ചാരനിറത്തിലുള്ള പാന്റ്സുമാണ് വേഷം. അയാൾ മലർന്നാണ് കിടന്നിരുന്നത്. അയാളുടെ ഷർട്ടിൽ നിറയെ രക്തം പറ്റിപ്പിടിച്ചിരിക്കുന്നു.

“കമാലുദ്ദീൻ“... ഇൻസ്പെക്ടർ വിളിച്ചു.

ഒരു സല്യൂട്ട് പാസ്സാക്കി കമാലുദ്ദീൻ ഇൻസ്പെക്ടറുടെ ആജ്ഞക്കായി ശ്രദ്ധിച്ചു നിന്നു.

“നിങ്ങൾക്കെന്തു തോന്നുന്നു”...? രണ്ടു പേർ മരിച്ചു കിടക്കുന്നു. സ്ത്രീയുടെ കൈയ്യിൽ തോക്കുണ്ട്. എന്തെങ്കിലും ഊഹിക്കാൻ കഴിയുന്നുണ്ടോ?. നമുക്ക് രണ്ടു ബോഡിയും, ചുറ്റുപാടും നന്നായി പരിശോധിയ്ക്കേണ്ടിയിരിക്കുന്നു.

ശരി സാർ- ആദ്യം നമുക്ക് ഈ യുവതിയെ പരിശോധിയ്ക്കാം. ഹെഡ്സ് കോൺസ്റ്റബിൾ അഭിപ്രായം പറഞ്ഞു.

ശരി. തുടങ്ങിക്കോളൂ.

യുവതി ആത്മഹത്യ ചെയ്തതാണോ- അല്ലയോ അതാണ് നോക്കേണ്ടത്. അവളുടെ കണ്ണുകളിലേയ്ക്കേ നോക്കു സാർ. തുറന്നു പിടിച്ചിരിക്കുന്ന ആ കണ്ണുകളിൽ ദുഃഖത്തിന്റേയോ നൈരാശ്യത്തിന്റേയോ ലാഞ്ചനയെങ്കിലും അവശേഷിക്കേണ്ടതായിരുന്നു; അവളുടെ കണ്ണുകളിൽ വൈരാഗ്യവും പകയുമാണ് തെളിയുന്നത്! ആത്മഹത്യയാണെങ്കിൽ നൈരാശ്യവും ദുഃഖവുമാണ് കാണപ്പെടുക.

അതെ!

ഇനി നമുക്ക് യുവാവിനെ ശ്രദ്ധിക്കാം. അയാൾ പുറത്ത് നിന്നും പടികടന്ന് നേരെ യുവതിയുടെ അടുത്തേയ്ക്ക് വരികയായിരിയ്ക്കും. അപ്പോൾ അയാൾക്ക് വെടിയേറ്റിട്ടുണ്ടാകണം.

ഇനി റണ്ടു പേരുടെ വെടികൊണ്ട പാടുകൾ നോക്കാം.

യുവതിയുടെ നെഞ്ചിൽ ബുള്ളറ്റ് നേരെ തറച്ചു. പിന്നാക്കം നേരെ പുറത്തു വന്നു നിൽക്കുന്നു- യുവാവിന്റെ നെഞ്ചിൽ ദൃദയഭാഗത്ത് ഏറ്റവെടിയുണ്ട പുറത്ത് മൂന്നിഞ്ച് മുകളിലായി തോളെല്ലിന്റെ കീഴെക്കൂടി മുറിവേൽപ്പിച്ച് പുറത്ത് കടന്നിരിക്കുന്നു. ഇതിൽനിന്നും നടന്നുവരുന്ന യുവാവിനെ കിടന്നുകൊണ്ടെണ് വെടിവെച്ചിരിക്കുന്നത് എന്നാണ്! ഇൻസ്പെക്ടർ പറഞ്ഞു. യുവാവിന്റെ മുഴം ശ്രദ്ധിക്കൂ... ഭയവും കോപവും സമ്മിശ്രമായിട്ടാണ് കാണപ്പെടുന്നത്! അവസാന സമയത്ത് എന്തോ ഭയം അയാളെ കീഴടക്കിയിരുന്നു.

അവളെ ആക്രമിക്കാൻ വന്ന ആളെ അവൾ വെടിവെച്ചതായിക്കൂടെ? കമാലുദ്ദീൻ സംശയം പ്രകടിപ്പിച്ചു.

അപ്പോൾ അവൾക്കേറ്റ വെടി, സ്വയം നിറയൊഴിച്ചതാണെന്നോ?

നോ! എന്തൊ ഒരു സ്പെല്ലിംഗ് മിസ്റ്റേക്ക്!

അവളുടെ കിടപ്പിന്റെ രീതി- അവൾ അയാളെ പ്രതീക്ഷിച്ചുകിടക്കുന്നത് പോലെയില്ലേ? വന്നയാളെ നിറയൊഴിച്ച് പിന്നീട് സ്വയം നിറയൊഴിച്ചതാണെങ്കിൽ അവൾ ഈ വിധത്തിൽ, ഈ ഭാവത്തിൽ കിടക്കുക പ്രയാസമാണ്!

എന്തായാലും ഇനി നമുക്ക് വിശദമായി പരിശോധിച്ച് മഹസ്സർ തയ്യാറാക്കണം. ഇൻസ്പെക്ടർ പറഞ്ഞു.

രണ്ടു പോലീസുകാരും കമാലുദ്ദീനും ചേർന്ന് ടേപ്പ്കൊണ്ട് യുവതി കിടന്നിരുന്ന സ്ഥലത്തുനിന്നും വീടിന്റെ ചുവർ വരെയുള്ള ദൂരം കണക്കാക്കി. യുവതിയുടെ കാലുമുതൽ തലവരെയുള്ള ഉയരവും, ശരീരത്തിന്റെ വീതിയും, ചുറ്റുപാടുകളും അളന്നെടുത്തു.

അത് പോലെ പുരുഷന്റേയും ഉയരവും. വീതിയും മറ്റുഅളവുകളും രേഖപ്പെടുത്തി.

കൂട്ടം കൂടിയിരിക്കുന്ന ജനങ്ങളോട് അവരെ രണ്ടുപേരേയും അറിയുമോ എന്ന് അന്വേഷിച്ചു.

അടുത്തുതന്നെ താമസിക്കുന്ന ഒരു മദ്ധ്യവയസ്ക്കൻ മുന്നോട്ടു നീങ്ങിനിന്നു. അയാളാകെ പരിഭ്രമിച്ചിരുന്നു.

“നിങ്ങളുടെ പേര്?”

“കറിയാച്ചൻ...”

“നിങ്ങളുടെ വീട്?”

“താഴെ ആ കാണുന്ന വളവിൽ”

“വീട്ടിൽ ആക്കെയുണ്ട്?”

“ഞാനും, എന്റെ ഭാര്യയും, ഒരു മകനും മാത്രം.”

“ഈ മരിച്ചുകിടക്കുന്ന രണ്ടു പേരെ നിങ്ങൾക്ക് പരിചയമുണ്ടോ?”

ഭയന്നുപോയ കറിയാച്ചൻ കുടിനീരിറക്കി.

“ഭയപ്പെടേണ്ട. നിങ്ങൾക്ക് അറിയാവുന്നത് പറഞ്ഞാമതി.” കമാലു

ദ്ദീൻ കരിയാച്ചനെ സ്വാന്തനപ്പെടുത്തി.

"അറിയാം സാർ. ആ കിടക്കുന്ന ആണിന്റെ പേര്- ആഷിക്ക് അലി. പെണ്ണ്- ഭാഗ്യശ്രീ. അതൊരു വലിയ നായർത്തറവാട്ടിലെ ഏകസന്തതിയായിരുന്നു. ഈ കാണുന്ന ബംഗ്ലാവും ഈ എസ്റ്റേറ്റും അതിന്റെ പേരിലാ."

"ഈ ആഷിക്ക് അലിയുതമ്മിൽ...?"

"അതെ സാർ. ആ പെൺകൊച്ചിനെ പറഞ്ഞ് പറ്റിച്ച് കല്യാണം കഴിച്ചു ആ പെണ്ണിന് ബാങ്കിലാണ് ജോലി. കല്യാണത്തിന് ശേഷം അച്ഛനും അമ്മയുമായി ഉടക്കിയതാ."

"ഇന്നലെ ഇവർ എപ്പോഴാണ് വന്നത്?"

"വൈകിട്ട് അഞ്ചുമണിയായിട്ടുണ്ടാകും."

"ഇവർ ഇടക്കിടെ ഇവിടെ വരാറുണ്ടോ?"

"ഉണ്ട് സാർ. ഇടക്കിടെ വന്നു പോവാറുണ്ട്."

"ഇന്നലെ എപ്പോഴെങ്കിലും വെടിയുടെ ശബ്ദം കേട്ടിരുന്നോ?"

"ഇന്നലെ വിഷുവായിരുന്നു. ഇടക്കിടെ പടക്കത്തിന്റെ ശബ്ദം കേട്ടിരുന്നു. ഒന്നും തിരിച്ചറിഞ്ഞില്ല."

"മറ്റാരെയെങ്കിലും ഇവിടെയെങ്ങാനം കണ്ടിരുന്നോ?"

"ഇല്ലസാർ."

"വിളിയ്ക്കുമ്പോൾ നിങ്ങൾ സ്റ്റേഷൻ വരെ വരേണ്ടിവരും. നിങ്ങൾ ഇപ്പോൾ പോയിക്കൊള്ളു."

കൊലപാതകത്തിന്ന് പിന്നിൽ മൂന്നാമതൊരാൾ ഉണ്ടാകാനുള്ള സാദ്ധ്യതയും കണക്കിലെടുക്കേണ്ടിയിരിക്കുന്നു! ഇൻസ്പെക്ടർ ആത്മഗതം ചെയ്തു.

സസൂഷ്മം പരിശോധിക്കണം. ഒരു പോയിന്റുകൂടി വിട്ടുകളയരുത്. ഇൻസ്പെക്ടർ മറ്റു മൂന്നുപേരോടുമായി പറഞ്ഞു.

ചെടികൾക്കുള്ളിൽ മറഞ്ഞു കിടന്നിരുന്ന ഒരു മണിപ്പേഴ്സ് ഒരു പോലീസുകാരൻ കണ്ടെടുത്തു. ഇൻസ്പെക്ടർ അത് വാങ്ങിനോക്കി. അതിൽ ആഷിക്ക് അലിയുടെ ഒരു ഫോട്ടോ. അതിനു പിന്നിൽ സുന്ദരികളായ അഞ്ചു യുവതികളുടെ ഫോട്ടോ. എല്ലാറ്റിന്റേയും പിന്നിൽ അവരുടെ പേരും അഡ്രസ്സും മൊബൈൽ നമ്പറും കുറിച്ചിട്ടുണ്ട്. അതിൽ ഒന്ന് ഭാഗ്യശ്രീയുടേതാണ്. മറ്റൊരു പേപ്പറിൽ രണ്ടുമൂന്നു പേരും അഡ്രസ്സും.

അതിൽ കണ്ട നമ്പറുകളിലേക്ക് വിളിക്കാൻ ഇൻസ്പെക്ടർ കമാലുദ്ദീനോടു പറഞ്ഞു. ഭാഗ്യശ്രീയുടേതൊഴികെ മറ്റാരുടേയും കണക്ഷൻ ലഭിച്ചില്ല. എല്ലാം വിച്ഛേദിക്കപ്പെട്ടിരുന്നു. ഭാഗ്യശ്രീയുടെ വാനിറ്റി ബാഗിൽ നിന്നും ഫോൺ ശബ്ദിക്കുന്നുണ്ടായിരുന്നു.

റിവോൾവർ ഭാഗ്യശ്രീയുടെ കൈയ്യിലാണ്. അവൾ സ്വയം വെടിവെച്ചതായാലും മറ്റൊരാൾ അത് ചെയ്തതാണെങ്കിലും അവളുടെ നോട്ടവും, കിടപ്പും, പൊസിഷനും വ്യത്യാസമുണ്ടാകും. ആഷിക്കിന്റെ കിടപ്പും ശ്രദ്ധിച്ചാൽ ഭാഗ്യശ്രീയുടെ തോക്കിൽ നിന്നു തന്നെ വെടിയേറ്റതായി കരുതാം.

മൂന്നാമതൊരാൾ ഉണ്ടായിരുന്നോ? ഉണ്ടായിരുന്നെങ്കിൽ അയാൾ റിവോൾവർ അവളുടെ കൈയ്യിൽ പിടിപ്പിച്ച് തനിക്ക് ദോഷകരമായി എവിഡൻസ് വിട്ടു പോരുമോ?

അങ്ങനെയാണെങ്കിൽ ആഷിക്കിനേയും അയാൾതന്നെയായിരിക്കില്ലെ വധിച്ചത്. കമാലുദ്ദീൻ സംശയം പ്രകടിപ്പിച്ചു!

ഇൻസ്പെക്ടർ ടൗവ്വൽ കൂട്ടിപിടിച്ച് റിവോൾവർ എടുത്ത് ഒരു പ്ലാസ്റ്റിക്ക് കവറിൽ നിക്ഷേപിച്ചു! പിന്നീട് രണ്ടുപേരുടേയും വിരലടയാളങ്ങൾ കമാലുദ്ദീൻ എടുത്തു. രണ്ടു ബോഡിയും ആംബുലൻസിൽ കയറ്റി പോസ്റ്റ്മോർട്ടത്തിനയച്ചു.

എങ്ങനെ ചുഴിഞ്ഞ് ആലോചിച്ചിട്ടും അവർക്കൊന്നും മനസ്സിലാക്കാൻ കഴിഞ്ഞില്ല!

ലൈസൻസില്ലാത്ത റിവോൾവർ ചൈനാനിർമ്മിതിയാണ്. അത് യുവതിയുടേതാകാൻ വഴിയില്ല!

ആഷിക്ക് യുവതിയെ വെടിവെച്ച് തോക്ക് അവളുടെ കൈയ്യിൽ പിടിപ്പിച്ചതായിക്കൂടെ? കമാലുദ്ദീൻ ചോദിച്ചു.

എങ്കിൽ, യുവതി മരിച്ചിട്ടില്ലെങ്കിൽ ഉടൻതന്നെ അവൾ അയാളെ വകവരുത്തും. അപ്പോൾ അയാൾ ഇപ്പോഴത്തെ പൊസിഷ്യനിൽ അത്ര ദൂരം പോയി വീഴുകയില്ല. അതും അവിടെത്തന്നെ മലർന്നു കിടക്കാൻ പ്രയാസമാണ്!

"തലച്ചോറിൽ ഒരു പ്രത്യേക കോശം!" അതാണ് ഓർമ്മയുടെ അവസാനത്തെ കണ്ണി. മരിച്ച് വളരെ നേരം ഈ കോശം പ്രവർത്തനനിരതമായിരിക്കും!

മരിച്ചയാൾ അവസാനമായി കണ്ടകാഴ്ചകൾ, ശബ്ദം, അനുഭവം ഇതെല്ലാം വളരെ വ്യക്തമായിത്തന്നെ സൂക്ഷിക്കപ്പെട്ടിരിക്കുന്നു! ഇതേതുടർന്ന് അദ്ദേഹം നടത്തിയ നിരീക്ഷണങ്ങൾ പല അത്ഭുത സത്യങ്ങളും പുറത്തുകൊണ്ടുവന്നു!

ആ ശാസ്ത്രജ്ഞന്റെ പേര് എന്താണ്? കൗതുകത്തോടെ ഇൻസ്പെക്ടർ ആരാഞ്ഞു?

അദ്ദേഹം തന്റെ പേര് വെളിപ്പെടുത്താനാഗ്രഹിച്ചില്ല!

ഭാരതീയരായ ഉയർന്ന രഹസ്യാന്വേഷണ ഉദ്യോഗസ്ഥർക്കും, ശാസ്ത്രജ്ഞർക്കും മുൻപിൽ തന്റെ പരീക്ഷണം തെളിയിച്ചു!

"ശാസ്ത്രജ്ഞനറിയാതെ, അദ്ദേഹത്തെ കാണിക്കാതെ തൂക്കുകയറിനു വിധിക്കപ്പെട്ട" ഒരു പ്രതിയെ കണ്ണുമറയ്ക്കാതെ തൂക്കിലേറ്റി. ജഢം ശാസ്ത്രജ്ഞനു വിട്ടുകൊടുത്തു!

അദ്ദേഹം ജഢത്തിന്റെ തലച്ചോറിൽ നിന്നു പ്രസ്തുത കോശത്തെ വേർതിരിച്ചെടുത്ത്, ആ വ്യക്തി തൂക്കിലേറ്റപ്പെട്ട സ്ഥലത്തിന്റെ രൂപരേഖ, തൂണുകൾ, ജനലുകൾ, ഒപ്പമുണ്ടായിരുന്നവരും അവസാനമായി കണ്ട പോലീസുദ്യോഗസ്ഥന്മാരുടെ മുഖഛായകൾ, കേട്ട ശബ്ദത്തിലെ വാക്കുകൾ എല്ലാം വളരെ കൃത്യമായി കംപ്യൂട്ടറിന്റേയും, ജനിതക വായനയുടേയും സഹായത്താൽ വ്യക്തമാക്കികൊടുത്തു!

ഇത്രയും ഗൗരവമേറിയ നിരീക്ഷണം എന്തുകൊണ്ട് ഇതുവരെ ആരും പ്രാബല്യത്തിൽ കൊണ്ടുവന്നില്ല? ഇൻസ്പെക്ടർ ചോദിച്ചു.

പല കേസുകളിലും നമുക്ക് വിശ്വസിക്കാൻപോലും പ്രയാസമായ വമ്പന്മാർ കുടുങ്ങിയെന്ന് വരാം. അവരുടെ ശ്രമകരമായി, ആ കണ്ടുപിടുത്തം വെളിച്ചം കാണാത്തതായിരിക്കാം! കമാലുദ്ദീൻ നൈരാശ്യം പ്രകടിപ്പിച്ചു!

അത്കൊണ്ട് നമുക്കറിയാവുന്ന ഈ രഹസ്യം പരസ്യമാക്കി നാം പരിഹാസ്യരാവേണ്ട! ഇൻസ്പെക്ടർ പറഞ്ഞു!. ഈ കേസ് എന്ത് ചെയ്യും?

ഇതിൽ ജനങ്ങൾ ഇടപെടും. മരിച്ച വ്യക്തികൾ രണ്ടുമതക്കാരാണ്. പ്രബലരുമാണ്!

മരിച്ചവ്യക്തി കൊലചെയ്തെന്ന് ആരും വിശ്വസിക്കില്ല.

ദുരൂഹത തുടർന്നുകൊണ്ടേയിരിക്കും!

ഈ കൊലപാതകങ്ങൾക്ക് വഞ്ചനയുടേയും, പ്രേമനൈരാസ്യത്തിന്റേയും അടിയൊഴുക്കുണ്ട്!

ഭാഗ്യശ്രീ ഭാരിച്ച സ്വത്തിനവകാശിയാണ്. അവകാശികളില്ലാത്ത അവളുടെ സ്വത്തുക്കൾ ഭർത്താവെന്ന നിലയിൽ തട്ടിയെടുക്കാം. എന്നാൽ മറ്റു പെൺകുട്ടികളേയും മുൻപ് വഞ്ചിച്ചിട്ടുള്ളവനാണ് ആഷിക്ക് അലി എന്ന് തിരിച്ചറിഞ്ഞപ്പോൾ അവൾ ആഷിക്കിനെതിരെ തിരിഞ്ഞു.

അവളെ ഇല്ലാതാക്കിയില്ലെങ്കിൽ തന്റെ നില പരുങ്ങലിലാവുമെന്ന് ആഷിക്കിന് ഉറപ്പായി!

അവളുടെ മനസ്സിൽ ആഷിക്കിനോടുള്ള പക ജ്വലിച്ചു നിന്നു.അവളുടെ ഇഛാശക്തിക്ക് വിധി, കർമ്മഫലം, എന്നിവ അനുകൂലമായി ഭവിച്ചു! ആകസ്മികമായി ഒന്നും നടക്കുന്നില്ല!

(തുടരും..)

**Edited, Printed Published by Nakshthra Rajyam E. Radhakrishnan on behalf of Nakshathra Rajyam Monthly.**
**DTP Bhavana Graphics Thali, Printed at Geethanjali Offset Prints, Kundayithode, Kozhikode**

Reg.No:2008/11/2718/D/
RNI EN No: 40980 Date : 10-10-2007
NAKSHATHRARAJYAM MONTHLY
2017 സെപ്തംബർ 1 മുതൽ 30 വരെ

PK ELECTRICALS

# PEE KAY ELECTRICALS

WHOLE SALE AND RETAIL

0495 2560330 / 4060090

+91 9447393749

City Tower, Mavoor Road, Calicut - 673004


Web:www.peekayelectricals.in, E-mail: pkelectricals.clt@gmail.com

Finolex, legrand, BAJAJ Bajaj Electricals Ltd. Inspiring Trust, HAVELLS, ANCHOR, WIPRO Applying Thought, Vinay Par Excellence, POLYCAB WIRES & CABLES, BONTON CABLES, Crabtree, RR KABEL WIRE NAHIN, BHARAT KI NUBZ HAIN HUM., L&T SWITCHGEAR SAFE & SURE

# M/S KRISHNA




METER SERVICE



13/585 - B4 Near Apsara Theatre,
Calicut - 673002
Ph: 2702760, Mob: 9447337908

We are undertaking Repair & Servicing of all kinds of Speed Meter and Electronic fare Meters

Dealers in Smart Electronic fare meter for Auto & Call Taxi